
സെപ്റ്റംബർ 2024 ₹ 50.00

# ചിന്ത പുസ്തകവാർത്ത

Chintha Pusthakavartha

ഓണപ്പതിപ്പ്





## കഥയമമ

ചിന്ത സുവർണ്ണ ജൂബിലി
കഥാ പരമ്പര





## കാലാതീതമായ രചനകൾ വായനകൾ

സക്കറിയ | ഉണ്ണി ആർ | ശ്രീബാല കെ മേനോൻ | ഹരിത സാവിത്രി | സി അനൂപ്
ബി മുരളി | ഇന്ദുഗോപൻ | എസ് ഹരീഷ് | കെ രേഖ | സുസ്മേഷ് ചന്ത്രോത്ത് | ഷീലാ ടോമി

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

ദാരിദ്ര്യത്തിൽ നിന്നും പിന്നോക്കാവസ്ഥയിൽ നിന്നും മോചനം

KSBCDC

# ഒപ്പമുണ്ട് BCDC

### സംസ്ഥാന സർക്കാർ സബ്സിഡിയോടെ അനുവദിക്കുന്ന വായ്പാ പദ്ധതികൾ

- വിദേശത്ത് നിന്നും മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പ.
- ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ വായ്പ.
- വിധവകൾക്കായി പുനർജനി സ്വയം തൊഴിൽ വായ്പ.
- ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് Electric/CNG ഓട്ടോ ടാക്സികൾ വാങ്ങുന്നതിനായി ഗ്രീൻ വീൽ വായ്പ പദ്ധതി.

വായ്പ തുകയുടെ **15%** മുതൽ **20%** വരെ സബ്സിഡി

### ഒ.ബി.സി. മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വൈവിധ്യമാർന്ന വായ്പാ പദ്ധതികൾ

- സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒബിസി വിഭാഗങ്ങൾക്ക് 15 ലക്ഷം രൂപ വരെയും മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് 30 ലക്ഷം രൂപ വരെയും 6 മുതൽ 8 ശതമാനം വരെ പലിശ നിരക്കിൽ വായ്പ.
- ഇന്ത്യയ്ക്കകത്തും വിദേശത്തും പഠിക്കുന്നതിനായി വിദ്യാഭ്യാസ വായ്പകൾ.
- നിലവിലുള്ള സംരംഭങ്ങൾക്ക് 5 ലക്ഷം രൂപ വരെ **Business Development** വായ്പ.
- കുടുംബശ്രീ സി. ഡി. എസ്സുകൾക്ക് 3 കോടി രൂപ വരെ മൈക്രോക്രെഡിറ്റ് വായ്പ.

### കുറഞ്ഞ വരുമാനമുള്ള OBC/ മതന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള മറ്റു വായ്പാ പദ്ധതികൾ

- ഭവന നിർമ്മാണ വായ്പ
- വിവാഹ ധനസഹായ വായ്പ
- സുവർണശ്രീ വായ്പ
- വിദ്യശ്രീ വായ്പ

സർക്കാർ അർദ്ധ സർക്കാർ ജീവനക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ വ്യക്തിഗത വായ്പ, ഭവന പുനരുദ്ധാരണ വായ്പ, വാഹന വായ്പ

കൂടുതൽ വിവരങ്ങൾക്ക് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. www.ksbcdc.com

# പുതിയ എച്ച്.ഐ.വി അണുബാധ ഇല്ലാത്ത 2025 ലേക്ക്

## ഈ ദൗത്യത്തിൽ നാം ഒരുമിച്ച് മുൻപോട്ട്

- സൗജന്യ HIV പരിശോധനയ്ക്കും കൗൺസിലിംഗിനുമായി **ജ്യോതിസ് (ICTC)** കേന്ദ്രങ്ങൾ
- സൗജന്യ ലൈംഗികരോഗ ചികിത്സയ്ക്കായി **പുലരി (STI)** കേന്ദ്രങ്ങൾ
- സൗജന്യ ചികിത്സയ്ക്കായി **ഉഷസ് (ART)** കേന്ദ്രങ്ങൾ
- അണുബാധിതരുടെ സാമൂഹിക - മാനസിക പിന്തുണ ഉറപ്പാക്കാൻ **കെയർ ആൻഡ് സപ്പോർട്ട് കേന്ദ്രങ്ങൾ**
- HIV അണുബാധ സാധ്യത കൂടിയ വിഭാഗങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനായ് **സുരക്ഷാ പ്രോജക്ടുകൾ**



AIDS Helpline 1097

Kerala State AIDS Control Society ☎ 0471 2304882 ksacs.kerala.gov.in

www.ksfe.com

# KSFE ഗാലക്സി ചിട്ടികൾ

**2024 ഏപ്രിൽ 1 മുതൽ**
**2025 ഫെബ്രുവരി 28 വരെ**

## മെഗാ ബമ്പർ സമ്മാനം

**1 മെഴ്സിഡസ് ബെൻസ് കാർ**

പരമാവധി 75 ലക്ഷം രൂപ



## ബമ്പർ സമ്മാനം

**17 ഇന്നോവ കാറുകൾ**

പരമാവധി 25 ലക്ഷം രൂപ വീതം



## KGC സീരീസ് 2

**2024 ജൂലായ് 1 മുതൽ**
**ഒക്ടോബർ 31 വരെ**

ശാഖാതല സമ്മാനങ്ങൾ



**25,000ൽ അധികം ഓണക്കോടികൾ സമ്മാനം**

3500 രൂപ വിലവരുന്ന ഓണക്കോടി
ഓരോചിട്ടിയിലും 10ൽ ഒരാൾക്ക് വീതം

*നിബന്ധനകൾക്ക് വിധേയം

GO(Rt) No.527/2024 /TAXES Dt.14.06.2024

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249

Toll Free Helpline 1800-425-3455

## എഡിറ്റോറിയൽ

# തൊഴിലിടങ്ങളിലെ സ്ത്രീ

തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന തുല്യവേതനത്തിന്റെ അഭാവം, ലൈംഗികമായ അതിക്രമങ്ങൾ ചൂഷണങ്ങൾ തുടങ്ങിയ പ്രശ്നങ്ങളെ ഒരു ആധുനിക ജനാധിപത്യ സമൂഹം എങ്ങിനെയാണ് പരിഹരിക്കേണ്ടത് ? നിയമനടപടികൾ കൊണ്ടുമാത്രം പരിഹാരം കണ്ടെത്താവുന്ന ഒന്നാണോ അത് ? ഇത്തരത്തിലുള്ള നിരവധി ചോദ്യങ്ങളിലേക്കാണ് ചലച്ചിത്രമേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ ഹേമ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് സമീപകാലത്ത് നടന്ന സംവാദങ്ങൾ വഴി തുറന്നിരിക്കുന്നത്.

ഈ പ്രശ്നത്തെ ആഴത്തിൽ കാണാൻ ശ്രമിക്കുകയും വിശാലമായ പരിപ്രേക്ഷ്യത്തിൽ അതിനെ വിലയിരുത്തുകയും ചെയുന്നതിനു പകരം നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾ അതീവ ഗൗരവതരമായ ഈ സാമൂഹിക പ്രശ്നത്തെ പാടെ വക്രീകരിക്കുകയാണ് ചെയ്തത്. ഈ ചർച്ചകളുടെ ഏറ്റവും വലിയ പരിമിതി തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ബഹുമുഖ പ്രശ്നങ്ങളിലേക്ക് അവ വികസിച്ചില്ല എന്നതാണ്. വളരെ വിശാലമായ ക്യാൻവാസിൽ, ചരിത്രപരമായി മനസ്സിലാക്കിക്കൊണ്ട്, ചർച്ച ചെയ്യേണ്ടേ ഒരു സാമൂഹികപ്രശ്നത്തെ അത് ആഴവും പരപ്പും കുറഞ്ഞ ഒരു ഭൂമികയിലേക്ക് ചുരുക്കി. ടെലിവിഷൻ റേറ്റിങ്ങുകൾ കൂട്ടാനുള്ള മറ്റൊരു മാധ്യമ ഐറ്റമായി മാത്രം കണ്ടു. അതോടെ യഥാർത്ഥ കേന്ദ്രത്തിൽ നിന്നും പ്രശ്നം വഴുതിമാറി, ജൻഡർ സമത്വത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ അവഗണിക്കപ്പെട്ടു.

കേവലം നിയമനടപടികൾ കൊണ്ടുമാത്രം പരിഹരിക്കാവുന്ന ഒന്നല്ല തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്ങ്ങൾ. ഒരു പുരുഷാധിപത്യ ചട്ടക്കൂടിനകത്ത് പാകം ചെയ്തെടുക്കപ്പെടുന്ന കർതൃത്വങ്ങളാണ് നാം ഓരോരുത്തരും. വീടിനകത്തും പുറത്തുനിന്നും ചെറുപ്പം മുതൽക്കേ നമുക്ക് കിട്ടുന്ന ശിക്ഷണങ്ങൾ പുരുഷാധിപത്യസമൂഹത്തിലെ മൂല്യങ്ങൾക്ക് അനുസൃതമായതാണ്. നമ്മുടെ മനസിന്റെ അടരുകളുടെ പല തലങ്ങളിൽ വളർന്നുവരുന്ന സ്ത്രീവിരുദ്ധതയുടെ ഉറവിടം ഇതാണ്. തൊഴിലിടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ബഹുമുഖമായ സ്ത്രീവിരുദ്ധ സമീപനങ്ങളുടെയും സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമങ്ങളുടെയും മൂലസ്രോതസ്സ് ഇതാണ്. ചൂഷണം അടിസ്ഥാനപ്രമാണമാക്കിയ സാമൂഹിക സാമ്പത്തിക വ്യവസ്ഥ അതിനെ ശതഗുണീഭവിപ്പിക്കുന്നു. ഇതിനെ തിരിച്ചറിഞ്ഞുകൊണ്ട് വേണം, ഹേമ കമ്മിറ്റി റിപ്പോർട്ട് തുറന്നുവിട്ട ജൻഡർ സംവാദങ്ങളെ ആരോഗ്യകരമായി വികസിപ്പിക്കേണ്ടത്.

# ചിന്ത പുസ്തകവാർത്ത

പുസ്തകം 29 • ലക്കം 5 • സെപ്റ്റംബർ 2024




# ഉള്ളടക്കം

## അഭിമുഖം


08 വർഗ്ഗീയവൽക്കരിക്കപ്പെട്ട സാംസ്കാരിക മണ്ഡലത്തിൽ എഴുത്താണ് പ്രതിരോധം
**ഇന്ദുമേനോൻ / ഡോ. രശ്മി ജി**


## ജീവിതം


22 ഞങ്ങൾക്ക് വേണ്ടത് ഷീൽഡുകളും പൊന്നാടകളുമല്ല
**ധനുജകുമാരി എസ്**


## പഠനം


06 സംവാദങ്ങളുടെ ആൽബം
**കെ ഇ എൻ**

18 വ്യക്തിവാദവും മുതലാളിത്തവും
**ദീപക് പി**

21 നിർമ്മിതബുദ്ധിയും ബോധജ്ഞാനവും
**എതിരൻ കതിരവൻ**

28 ഭൂപടത്തിൽ നിന്നും ഭൂതലത്തിലേക്കു പതിച്ച പെൺകുട്ടി
**ഡോ. മഞ്ജു കെ**


## ഓർമ്മ/അനുഭവം


17 കീർത്തന അവളെ പുഴയലിഞ്ഞു കീർത്തന; അവളെ കടലലിഞ്ഞു
**ഇന്ദുമേനോൻ**

26 കടലോളം നീളുന്ന അനുഭവങ്ങൾ
**ക്യാപ്റ്റൻ ഗോവിന്ദൻ**


## നോവൽ

### എഴുത്തിന്റെ ദേശകാലങ്ങൾ


31 ചരിത്രത്തിലെ നിശബ്ദതയ്ക്ക് ഭാവനയുടെ പൂരണം
**സലിൻ മാങ്കുഴി**

33 ചൂട്ട് തെളിച്ച കാലങ്ങൾ
**പിസി മോഹനൻ**

35 മണ്ണടരുകളിൽ തളിർത്ത ജീവിതങ്ങൾ
**ഡോ. ടി. പി. കലാധരൻ**

36 ചരിത്രത്തിലെ വീരേതിഹാസങ്ങൾ
**ടി പി ഹംസ**

37 കീഴാള രാഷ്ട്രീയത്തിന്റെ രാഷ്ട്രീയധാരകൾ
**പ്രദീപ് പേരശ്ശന്നൂർ**

38 ദേശാടനപക്ഷികൾ കൂട് കൂട്ടാറില്ല
**ടി പി നാസർ**

39 ഇരുണ്ടകാലത്തിന്റെ ഓർമ്മകളിലൂടെ
**പി എം മധു**

40 ചരിത്രവും ഭാവനയും ഇടകലരുന്ന സന്ദർഭങ്ങൾ
**നിഷ അനിൽകുമാർ**












## കഥ
## മാറുന്ന കാലത്തിന്റെ രാഷ്ട്രീയ ഭൂപടങ്ങൾ


43 സമൂഹത്തോടുള്ള പ്രതികരണങ്ങളാണ് എന്റെ രചനകൾ
**ബി എം സുഹറ**

44 കാട് പറഞ്ഞ കഥകൾ
**ജെ. ആർ. അനി**

45 കഥയില്ലാക്കാലത്തെ കഥനങ്ങൾ
**എം മഞ്ജു**

47 കലുഷിതകാലത്തിന്റെ അടയാളങ്ങൾ
**അർജ്ജുൻ അടാട്ട്**

49 സാധാരണക്കാരന്റെ (അ) സാധാരണ ജീവിതമെഴുത്തുകൾ
**രാജീവ് ജി ഇടവ**




## അനുഭവങ്ങൾ അടയാളങ്ങൾ


51 എനിക്ക് ഏറ്റവും പ്രിയപ്പെട്ട പുസ്തകം
**അമൽ**





52 എഴുതാതിരിക്കുമ്പോൾ ഞാനത്ര സേഫല്ല...!
**കെ എസ് രതീഷ്**

53 എഴുത്ത് നിലച്ച കാലം
**ജേക്കബ് ഏബ്രഹാം**

55 കഥയെഴുത്ത് അത്ര എളുപ്പമുള്ള കാര്യമല്ല
**മിഥുൻ കൃഷ്ണ**

56 ഇണയില്ലാപ്പൊട്ടനും അധികാര സമവാക്യങ്ങളും
**വി എസ് അജിത്ത്**




## കവിത
## കാലത്തിന്റെ അടയാളങ്ങൾ




59 കടൽ മുത്തുപൂക്കും അമാവാസികൾ
**ഏഴാച്ചേരി രാമചന്ദ്രൻ**

61 ടൂപിൻ പ്ലഗും ത്രീപിൻ പ്ലഗും
**വിമീഷ് മണിയൂർ**

63 ഉപ്പി കയ്യ് പൊനട്ട് ജപ്പനക
**ധന്യ വേങ്ങച്ചേരി**



പത്രാധിപ സമിതി
കെ എസ് രഞ്ജിത്ത്
ഗോപി നാരായണൻ
രാധാകൃഷ്ണൻ ചെറുവല്ലി
കബനി ബി ഗീത
ഡോ. അനിൽ

ഡിസൈൻ & ലേയൗട്ട്
ശിവപ്രസാദ് ബി

ചിന്തയുടെ പുസ്തകങ്ങളെക്കുറിച്ചറിയാൻ

**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം,
വിവേകാനന്ദ നഗർ, കുന്നുകുഴി റോഡ്,
വഞ്ചിയൂർ പി ഒ, തിരുവനന്തപുരം
പിൻ 695 035 (p) 0471 2303026
(e) chinthapublishers@gmail.com
(w) www.chinthapublishers.com

Search Tag #chinthapublishers

# സംവാദങ്ങളുടെ ആൽബം

## കെ ഇ എൻ

സാംസ്കാരിക വിമർശനങ്ങളുടെ ഊറ്റുറപ്പിനാൽ സമ്പന്നമായ ഈ കൃതി, ഈ തലമുറയ്ക്കു മാത്രമല്ല, വരും തലമുറകൾക്കു കൂടി വേണ്ടിയുള്ളതാണ്

**പ**ഴയകാലത്തിന്റെ അനുഭവത്തെ കേവലമായി ആവിഷ്കരിക്കുകയാണ് പഴഞ്ചൊല്ലുകൾ ചെയ്യുന്നതെന്ന കാഴ്ചപ്പാട് അനുഭവത്തെക്കുറിച്ചുള്ള ഏകപക്ഷീയമായ ധാരണയിൽനിന്നും രൂപംകൊണ്ടതാണ്. പലതരത്തിലുള്ള അധികാരബന്ധങ്ങളെ ഉൾക്കൊള്ളുന്ന അനുഭവങ്ങളാണ് പൊതുവിൽ പഴഞ്ചൊല്ലുകൾക്കാധാരം. ഒറ്റപ്പെട്ട ഒരനുഭവത്തിൽനിന്നല്ല, സമാനസ്വഭാവം പുലർത്തുന്ന അസംഖ്യം അനുഭവങ്ങളുടെ സാമാന്യവൽക്കരണത്തിൽനിന്നാണ് പഴഞ്ചൊല്ലുകൾ ഉണ്ടാകുന്നത്. അനുഭവം ഒരവസ്ഥയും അന്തരീക്ഷവുമായി മാറുകയും, സമൂഹം അതിൽ മുങ്ങിക്കിടക്കുന്നതിനു പകരം വേറിട്ടുനിൽക്കാനുള്ള കഴിവാർജിക്കുകയും ചെയ്യുമ്പോഴാണ് ഭാഷയിൽ ഇടപെടാനുള്ള കഴിവ് വികസിക്കുന്നത്. അപ്പോഴാണ് ഭാഷയിൽ ശൈലികളും ചൊല്ലുകളും രൂപം കൊള്ളുന്നത്. ഒരു കാര്യം വിശദമാക്കാൻ വാക്കുകളേറെ ഉണ്ടാകുമ്പോഴാണ് കുറച്ചു വാക്കുകൾകൊണ്ട് കൂടുതൽ പറയാനുള്ള സൗകര്യം ലഭിക്കുന്നത്. അൽപ്പംകൊണ്ട് അധികം എന്ന തത്വം ചൊല്ലിലും പ്രവർത്തിക്കുന്നു. ഇത്ചൊല്ലിന്റെയോ ഭാഷയുടെയോ മാത്രം സവിശേഷതയല്ല. ഭാഷണ ജീവികളുടെ, മനുഷ്യസമൂഹത്തിന്റെ വികാസചരിത്രവുമായി ബന്ധപ്പെട്ടതാണ്.

ജീവിതത്തിൽനിന്ന് അറിവുകൾ മുളച്ചുവന്ന വർഗരഹിത സമൂഹത്തിൽ അനുഭവമാണ് ഏറ്റവും നല്ല അധ്യാപകൻ എന്ന ചൊല്ല് പ്രസക്തമായിരുന്നു. എന്നാലിന്ന് വർഗസംഘർഷങ്ങൾ മൂർച്ഛിച്ചുനിൽക്കുന്ന ആധുനിക സമൂഹത്തിൽ പ്രസ്തുത ചൊല്ല് വിമർശനരഹിതമായി ആവർത്തിക്കാൻ ഒരധ്യാപകനും കഴിയില്ല. ഇന്ന് അനുഭവം പോലും പുറമേനിന്ന് അടിച്ചേൽപ്പിക്കപ്പെടുന്നതും മനുഷ്യജീവിതത്തിന്റെ സ്വാഭാവിക വികാസത്തെ അവഗണിച്ചുകൊണ്ട് മൂലധനതാൽപ്പര്യത്തെ സേവിക്കുന്നതുമാണ്. അനുഭവത്തിന് സംഭവിച്ച അപചയം മൂലധനശക്തികൾക്ക് ലഭിച്ച ആധിപത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആധുനിക ജീവിതത്തിന്റെ പ്രാണനായി മാറിയ പരസ്യം ഉൽപ്പന്നത്തെക്കുറിച്ചുള്ള അറിവുകളല്ല മിഥ്യാബോധങ്ങളും കൃത്രിമ അഭിരുചികളുമാണ് ഉപഭോക്താവിനുമേൽ വെച്ചുകെട്ടുന്നത്. പ്രാചീന മനുഷ്യന്റെ അറിവ് പരിമിതവും അവികസിതവും ആയിരുന്നെങ്കിലും അത് വളച്ചൊടിക്കലിന് വിധേയമായിരുന്നില്ല. ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും ഇടപെടുന്ന ഭരണകൂട(State)ത്തിന്റെ ആവിർഭാവത്തോടുകൂടിയാണ് അറിവ് അധികാരത്തിന് വിധേയമാകുന്നത്. പ്രാകൃതസാമൂഹ്യവ്യവസ്ഥയുടെ തകർച്ചക്കുശേഷം രൂപംകൊണ്ട വർഗവ്യവസ്ഥകളോടൊപ്പമാണ് 'അറിവ് മർദനോപകരണമായി മാറുന്നത്. മുമ്പ് അനുഭവത്തിൽനിന്ന് അറിവ് രൂപപ്പെട്ടു. ഇന്ന് അറിവ് അനുഭവത്തെ നിർണയിക്കുന്ന ശക്തിയായി രൂപപ്പെട്ടിരിക്കുന്നു.

മൂലധനതാൽപ്പര്യത്തിനും, അതിന്റെതന്നെ രാഷ്ട്രീയാധിപത്യരൂപമായ അധികാരവ്യവസ്ഥക്കും വിധേയമായിട്ടാണ് അനുഭവവും ഇന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. അനുഭവത്തിൽനിന്ന് ജന്മംകൊള്ളുന്ന എന്തിനും ഇന്ന് അതുകൊണ്ടുതന്നെ അധികാരവ്യവസ്ഥയുടെ മുദ്രകൾ ചുമക്കാതെ നിർവാഹമില്ല. 'പഴഞ്ചൊല്ലിൽ പതിരില്ല' എന്ന ചൊല്ലും ഇത്തരമൊരു അധികാര പ്രത്യയശാസ്ത്രമാണ് പ്രചരിപ്പിക്കുന്നത്. പ്രസ്തുത ചൊല്ല് ഒരേസമയം പഴഞ്ചൊല്ലുകളുടെ ലോകത്തിന് കാവൽ നിൽക്കുകയും അതേസമയം അതേ ലോകത്തിന്റെതന്നെ പരസ്യമായി പ്രവർത്തിക്കുകയും ചെയ്യുന്നു. പഴനെല്ല് നിറച്ച പത്തായത്തിനുമുകളിൽ പായവിരിച്ച് കിടക്കുന്ന ജന്മിയും പതിര് ചേറി ജീവിതം മുഴുവനും പതിരായിത്തീർന്ന പണിക്കാരുമാണ് 'പഴഞ്ചൊല്ലിൽ പതിരില്ല' എന്ന ചൊല്ലിൽനിന്ന് യഥാക്രമം ഇറങ്ങി വരുന്നത്. ●

# കെ ഇ എൻ




അധികാരത്തിന്റെ
സൂക്ഷ്മ രാഷ്ട്രീയ
മണ്ഡലത്തെ
അപനിർമ്മിക്കുന്ന
പഠനങ്ങളുടെ
സമാഹാരം

വില
480





# വർഗ്ഗീയവൽക്കരിക്കപ്പെട്ട സാംസ്കാരിക മണ്ഡലത്തിൽ എഴുത്താണ് പ്രതിരോധം

## ഇന്ദുമേനോൻ / ഡോ. രശ്മി ജി

***ഇ**ന്ദു മേനോന്റെ കഥകളിലെ പ്രധാന പ്രമേയം എന്നു പറയുന്നത് ഉടലിന്റെ രാഷ്ട്രീയമാണ്. ആ ഒരു നിലയിലേക്ക് എഴുത്തിനെ പരിവർത്തിപ്പിച്ച അല്ലെങ്കിൽ പ്രചോദിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ് ഏതൊക്കെയാണ് ?*

എന്റെ എല്ലാ കഥകളിലും ഉടലിന്റെ രാഷ്ട്രീയമാണ് ഉള്ളത് എന്ന് നിരീക്ഷണത്തോട് എനിക്ക് വിയോജിപ്പാണ് ഉള്ളത്. പ്രേമത്തെക്കുറിച്ച് ഞാൻ എഴുതിയ കഥകളിലെല്ലാം എങ്ങനെയാണ് ഒരാളുടെ മേൽ അധികാരം പ്രയോഗിക്കപ്പെടുന്നത്, അധികാരം എങ്ങനെയാണ് ഒരാളുടെ ശരീരത്തിന്റെ മേൽ പ്രയോഗിക്കപ്പെടുന്നത് എന്നൊക്കെയുള്ള അത്ഭുതങ്ങളോ കൗതുകങ്ങളോ ഒക്കെയായിരുന്നു ആ കാലഘട്ടത്തിലെ രചനകളിൽ ഉണ്ടായിരുന്നത്. ആണധികാരത്തിന്റെ ഇത്തരം വ്യവസ്ഥിതികളോടുള്ള കലഹങ്ങൾ ധാരാളമായി എന്റെ കഥകളിൽ ഉണ്ടായിരുന്നു. സ്ത്രീ / പുരുഷൻ എന്ന ശാരീരികമായ വ്യതിയാനങ്ങൾ ആണ് തുല്യത ഇല്ലായ്മയിലേക്ക് നയിച്ചത് എന്ന ചിന്താഗതി എഴുത്തിന്റെ തുടക്കകാലത്ത് എനിക്കുണ്ടായിരുന്നു.

സ്ത്രീയെയും പുരുഷനെയും സംബന്ധിച്ചിടത്തോളം ശാരീരികപരമായ, പ്രത്യുൽപാദനപരമായ വ്യത്യാസങ്ങളല്ലാതെ മറ്റൊന്നുമില്ല. ഇങ്ങനെയാണ് യാഥാർത്ഥ്യങ്ങൾ എന്നിരിക്കേ എങ്ങനെയാണ് പുരുഷന് മാത്രമായി അധികാരങ്ങൾ കൂടുതൽ ലഭിക്കുന്നത്, അധികാരം മറ്റൊരു വ്യക്തിയുടെ മേൽ സ്ഥാപിക്കാൻ കഴിയുന്നതായി മാറിയത് എങ്ങിനെയാണ് എന്നുള്ള ആശങ്കകളിൽ നിന്നാണ് ഉടലിന്റെ രാഷ്ട്രീയ മെഴുത്ത് ഉണ്ടായിട്ടുള്ളത്. ഞാൻ പ്രേമത്തെക്കുറിച്ച് എഴുതിയ

കഥകളിൽ ഉടലിന്റെ രാഷ്ട്രീയത്തെ പ്രണയവുമായി ചേർത്തുവച്ചുകൊണ്ടാണ് ഞാൻ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്.

പുരുഷാധിപത്യം തുടർന്നുപോരുന്ന ഒരു സമൂഹത്തിൽ പെണ്ണുടലിന്റെ നില എന്ന് പറയുന്നത് ഒരു പടി താഴെയാണ് എന്ന തലത്തിലാണ് ആളുകൾ കണക്കാക്കിയിരുന്നത്. എന്നാൽ ചിന്തിക്കുന്ന, ചോദ്യം ചെയ്യുന്ന, പ്രതികരിക്കുന്ന സ്ത്രീകൾ തങ്ങളുടേതായ ഇടങ്ങളും സ്ഥാനങ്ങളും സ്വതന്ത്രമായി കണ്ടെത്തുന്നു. സ്വതന്ത്രമായി അവ നേടിയെടുക്കുന്നു. തന്റെ ആഹ്ലാദങ്ങളിൽ ഒരു സ്ത്രീ അവളുടെ ശരീരത്തെ എങ്ങനെയാണ് ഉപയോഗിക്കുക, എങ്ങനെയാണ് തന്റെ ശരീരത്തിന്റെ ആഹ്ലാദങ്ങളെ തിരികെ വേണമെന്ന് അവൾ പറയുന്നത്, ഒരു സ്ത്രീ തന്റെ തന്നെ ശരീരത്തെ തേടാൻ തുടങ്ങുന്ന സ്ഥലത്ത് അവൾ അവളുടെ പാതിവ്രത്യം ചാരിത്ര്യം തുടങ്ങിയ സങ്കൽപ്പനങ്ങളെ പാടേ നിരാകരിക്കുന്നു. അവളുടെ ഉടൽ കാമനകളിലേക്ക് അവൾ അത്യാഹ്ലാദങ്ങളോടെ സഞ്ചരിക്കുന്നു. അത് വളരെ വലിയ ഒരു സംഗതിയാണ്. അത്തരം വസ്തുതകൾ എന്റെ കഥകളിൽ ഞാൻ അവതരിപ്പിച്ച് നോക്കാറുണ്ട്. ജീവിതത്തിൽ അത്തരം പരീക്ഷണങ്ങൾ നടത്താൻ താല്പര്യം ഇല്ലാത്ത വ്യക്തികൾ കഥകളിൽ അവയെ കൊണ്ടുചെന്ന് നിറുത്താറുണ്ട് എന്നു പറയാം. സ്ത്രീയുടെ അവകാശ നിഷേധങ്ങളുടെ, പകയുടെ പ്രതികാരത്തിന്റെ ഒക്കെ തലങ്ങളിലേക്ക് സ്ത്രീയുടലുകളെ ഉപയോഗപ്പെടുത്താറുണ്ട്. അവ എന്റെ കഥകളിൽ പ്രകടമാണ്. സ്ത്രീയുടലിന്റെ സ്വാതന്ത്ര്യങ്ങളെ ആവിഷ്കരിക്കുന്ന കഥകളാണ് അവ എന്നാൽ പിന്നീട് ഇങ്ങോട്ട് വരുമ്പോൾ പ്രമേയങ്ങളിൽ മാറ്റങ്ങൾ കടന്നു വരുന്നുണ്ട്.

തികച്ചും ഗ്രാമീണമായ ഒരു അന്തരീക്ഷത്തിൽ ഞാൻ എന്റെ മകനെ കൊണ്ട് മുറ്റമടിപ്പിക്കുകയില്ല, മുഷിഞ്ഞ വസ്ത്രങ്ങൾ അലക്കിപ്പിക്കുകയില്ല അവനെക്കൊണ്ട് വീട്ടിലെ പണികൾ ചെയ്യിപ്പിക്കുകയില്ല എന്ന് 80കളിലേ തീരുമാനമെടുത്ത ഒരു അമ്മയെ എനിക്കറിയാം. വളരെ നല്ല സ്ത്രീയാണ് അവർ. പക്ഷേ പാരമ്പര്യ

**അത്യന്തം സംഘർഷഭരിതമായ ഒരു സാമൂഹ്യ അന്തരീക്ഷത്തിലൂടെയാണ് ഇന്ത്യൻ ജനത കടന്നു പോയിക്കൊണ്ടിരിക്കുന്നത്. അത്രയേറെ നമ്മുടെ സമൂഹം വർഗ്ഗീയവത്ക്കരിക്കപ്പെട്ടു കഴിഞ്ഞു. വർഗ്ഗീയത പടർത്തുവാനുള്ള ഉപകരണങ്ങൾ ഫാസിസ്റ്റ് ശക്തികൾ ചരിത്രങ്ങളിൽ നിന്നും പുരാണങ്ങളിൽ നിന്നും കണ്ടെത്തിക്കൊണ്ടിരിക്കുന്നു.**

മായി അല്ലെങ്കിൽ പൊതുബോധത്തിന് ഭാഗമായി പിന്തുടർന്ന് പോരുന്ന ഇത്തരം വിശ്വാസങ്ങളെ ആചാരങ്ങളെ രീതിശാസ്ത്രങ്ങളെ അണുവിടാതെറ്റാതെ പാലിച്ചു പോരുന്ന ഒരു വ്യക്തിയായിരുന്നു. അവർ മുതിർന്ന കുട്ടിയായ ഞാൻ പെൺകുട്ടികളുടെ കൂടെ കളിക്കാതെ ആൺകുട്ടികളുടെ കൂടെ കളിക്കുന്നതിനെ ഒക്കെ ചോദ്യം ചെയ്തിട്ടുണ്ട്. പക്ഷേ എന്റെ ആഹ്ലാദങ്ങളിലേക്കും സന്തോഷങ്ങളിലേക്കും ഞാൻ എന്നെ നയിക്കുകയായിരുന്നു. ഒരുപക്ഷേ കീഴടങ്ങാൻ വിസമ്മതിക്കുന്ന നിരന്തരം കലഹിച്ചുകൊണ്ടിരുന്ന ഒരു റിബൽ എന്റെ ഉള്ളിൽ ഉണ്ടായിരുന്നു എന്നതാണ് വാസ്തവം. എന്റെ കഥകളിൽ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ അടയാളപ്പെടുത്തുവാനുള്ള അന്വേഷണങ്ങൾ പ്രകടമാണ്. ഉടലിന്റെ അധികാരത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങൾ ആണ് സ്ത്രീകൾ നടത്തുന്നത്. അത് ലൈംഗികതയിലുള്ള താൽപര്യങ്ങൾ ആവട്ടെ, ബന്ധങ്ങളിലുള്ള താല്പര്യങ്ങൾ ആവട്ടെ, യാത്രകൾക്കും മറ്റുമുള്ള സ്വാതന്ത്ര്യങ്ങളിൽ ആവട്ടെ അങ്ങനെ അനേകം അനേകം കാര്യങ്ങളിൽ സ്വതന്ത്രമായി തീരുമാനങ്ങൾ എടുക്കുവാനും തനിക്ക് മേൽ വരുന്ന അധികാര പ്രയോഗങ്ങളെ നിഷ്പ്രഭമാക്കുവാനും ഓരോ സ്ത്രീക്കും കഴിയേണ്ടതുണ്ട്. അത്തരത്തിലുള്ള അന്വേഷണങ്ങളാണ് എന്റെ രചനകളിൽ മുഴച്ചു നിന്നിരുന്നത്. എപ്പോഴാണ് ഒരു സ്ത്രീ പ്രസവിക്കേണ്ടത് എത്രയൊക്കെ കുട്ടികളെയാണ് പ്രസവിക്കേണ്ടത് എന്നുള്ള തീരുമാനം പോലും പുരുഷനല്ല മറിച്ച് പ്രത്യുൽപ്പാദനത്തിൽ നിർണായക ഭാഗമായ സ്ത്രീ തന്നെയാണ് തീരുമാനിക്കേണ്ടത് എന്ന് ബോധ്യം ഉണ്ടാവുന്നതും ഇത്തരം ഒരു തുടർച്ചയിലാണ്. അത്തരത്തിലുള്ള അന്വേഷണങ്ങളാണ് എന്റെ കഥയിൽ പ്രകടമായത്.

പുരുഷന്റെ അധികാരനിലയെ മറികടക്കാനുള്ള താൽപര്യങ്ങളും അന്വേഷണങ്ങളും എക്കാലവും സ്ത്രീകളിൽ ഉണ്ടായിരുന്നു. അത് പക്ഷേ ഒരു ചെറിയ വിഭാഗത്തിൽ മാത്രമായി പരിമിതപ്പെട്ടു പോയിരുന്നു. സമൂഹം സ്ത്രീകൾക്ക് മേൽ നടത്തുന്ന അധികാര ബലതന്ത്രങ്ങളെ ഉടലുകൊണ്ട് പ്രതിരോധിക്കുക സ്ത്രീകൾക്ക് സാധ്യമാണ് എന്നുള്ള ചിന്തയിൽ നിന്നാണ് എന്റെ കഥകൾ അത്തരത്തിൽ എഴുതപ്പെട്ടത്. ഒരുപക്ഷേ മനുഷ്യന്റെ പ്രതികാരം എന്ന് പറയുന്ന സംഗതി നടപ്പിലാക്കാൻ ഉടൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള സ്ത്രീകഥാപാത്രങ്ങളെയും എന്റെ കഥകളിൽ ഞാൻ സൃഷ്ടിച്ചെടുത്തിട്ടുണ്ട്

*പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളോടുള്ള ആഭിമുഖ്യം താങ്കളുടെ ചെറുകഥകളുടെ മുഖമുദ്രങ്ങളിൽ ഒന്നാണ്. ചക്കിയൻ, പുലയടി ഉൾപ്പെടെയുള്ള നിരവധി കഥകൾ ചൂണ്ടിക്കാണിക്കാൻ കഴിയും. സമകാലിക ഇന്ത്യൻ സമൂഹത്തിലെ രാഷ്ട്രീയ പശ്ചാത്തലത്തിൽ ഇത്തരം എഴുത്തുകളുടെ പ്രസക്തി എന്താണ് എന്ന് ചൂണ്ടിക്കാണിക്കാമോ*

നമ്മുടെ ഭരണഘടന വിഭാവനം ചെയ്ത് നമുക്ക് നൽകുന്നത് തുല്യതയാണ്. 3000 വർഷത്തിന്റെ വംശീയതയുടെയും ജാതീയതയുടെയും നികൃഷ്ടമായ ചരിത്രമുള്ള ഒരു സമൂഹമാണ് നമ്മുടേത്. നമ്മുടെ സമൂഹത്തിൽ ഉണ്ടായിട്ടുള്ള മനുഷ്യരുടെ പരിവർത്തനങ്ങൾ കേവലം നവോത്ഥാന മുന്നേറ്റങ്ങൾ മാത്രം മൂലമല്ല. ജാതിയുടെ പേരിലോ മതത്തിന്റെ പേരിലോ ചൂഷണം ചെയ്യാൻ പാടില്ല എന്ന നിയമം മൂലമാണ് പല കാര്യങ്ങളും ഇവിടെ നിരോധിക്കുവാൻ കഴിഞ്ഞിട്ടുള്ളതും

**വിപണി ഏറ്റവും അധികം അതിന്റെ പിടിമുറുക്കിയ ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പോപ്പുലർ പൾപ്പ് ഫിക്ഷനും ലിറ്ററി ഫിക്ഷനും തമ്മിലുള്ള അതിർവരമ്പുകളെ ഇല്ലാതാക്കുവാൻ വിപണിക്ക് സാധിച്ചിട്ടുണ്ട്. വിൽക്കുന്ന പുസ്തകങ്ങളാണ് മഹത്തരം എന്ന് വിപണി നമ്മോട് പറയുന്നു. വിൽപനയ്ക്കായി പല തരത്തിലുള്ള അജണ്ടകളും പരസ്യങ്ങളും നമ്മൾ സ്വീകരിക്കേണ്ടതുണ്ടെന്നു വിപണി നമ്മളോട് ആവശ്യപ്പെടുന്നു.**

നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതും. അങ്ങനെ നിരോധിക്കപ്പെട്ടപ്പോൾ മാത്രമാണ് വർഗീയതയും ജാതിയതയും പുറത്ത് കാണാതെ ഇരിക്കുന്നത്. യഥാർത്ഥത്തിൽ അത് സമൂഹത്തിന്റെ ഉള്ളിൽ ആണ്ട് തന്നെ കിടപ്പുണ്ട്. അതുകൊണ്ട് പ്രത്യേകിച്ച് ഇന്ത്യയുടെ രാഷ്ട്രീയ അവസ്ഥ ജാതിരാഷ്ട്രീയത്തിന്റെ വഴികളുമായി ചേർന്നുനിൽക്കാറുണ്ട്. നമ്മൾ നമുക്ക് വേണ്ടി മാത്രമല്ല സംസാരിക്കുന്നത് തുല്യതയ്ക്ക് വേണ്ടിയിട്ടും നീതിക്കു വേണ്ടിയിട്ടും ന്യായത്തിനു വേണ്ടിയിട്ടുമാണ്. അങ്ങനെ നമ്മൾ സംസാരിക്കുമ്പോൾ നമുക്ക് പാർശ്വവൽകൃതരായിട്ടുള്ള ജനവിഭാഗങ്ങളെ കുറിച്ച് സംസാരിക്കുവാനും അവരെ ചേർത്തു പിടിക്കാനും ഇന്ത്യയുടെ ജനാധിപത്യ പ്രക്രിയയിൽ അവരെ ചേർത്തുനിർത്തുവാനും കഴിയണം. എല്ലാ മനുഷ്യർക്കും സ്വാതന്ത്ര്യം തുല്യത എന്നിവ ഉറപ്പുവരുത്തുവാൻ കഴിയണം. എങ്കിൽ മാത്രമേ മനുഷ്യനെ പുരോഗതി ഉണ്ടാകൂ. അത്തരം ആഗ്രഹങ്ങൾ ഉള്ളിൽ നിൽക്കുന്നതുകൊണ്ടാണ് എന്റെ രചനകളിൽ രാഷ്ട്രീയ നിലപാടുകൾ പ്രകടമായി കടന്നുവരുന്നത്. പാരമ്പര്യപരമായി പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്ക് വേണ്ടിയിട്ടുള്ള നിലപാടുകൾ എന്റെ പൂർവ്വിക തലമുറയിൽ തന്നെ പ്രകടമായിരുന്നു. രാധാകൃഷ്ണ മേനോൻ എന്ന ബാബയുടെ പാത പിന്തുടരുന്നവരാണ് എന്റെ കുടുംബം. പാർശ്വവൽകൃതരായ ആളുകളെ സംഗീതം പഠിപ്പിച്ചു കിട്ടിയ പൈസ കൊണ്ടാണ് അച്ഛൻ ഞങ്ങളെ വളർത്തിയത്. ഉണ്ട ചോറിന് നന്ദി കാണിക്കുക എന്ന ബോധം എപ്പോഴും എന്നോടൊപ്പമുണ്ട്. നമ്മുടെ കൂടെയുള്ള മനുഷ്യരെ എപ്പോഴും ചേർത്തു പിടിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

*ഭാഷയെ സംബന്ധിച്ചുള്ള യാഥാസ്ഥിതിക ബോധങ്ങൾ ഇന്ദുവിന്റെ കഥകളിൽ അപ്രസക്തമായി മാറുന്നത് നമ്മൾ അനുഭവിക്കുന്നതാണ്. ഇതിനോട് എങ്ങനെ പ്രതികരിക്കുന്നു?*

ഭാഷ മാത്രമാണ് എനിക്ക് സ്വന്തമായിട്ടുള്ളത്. എന്റെ സമ്പത്തും ഭാഗ്യവും എല്ലാമെല്ലാം എന്റെ ഭാഷ തന്നെയാണ്. ഭാഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ പലപ്പോഴും ഞാൻ മുൻപ് പങ്കുവെച്ചിട്ടുള്ളതാണ്. കൊല്ലത്ത് ജനിച്ച് കൊല്ലത്ത് വളർന്ന കൊല്ലത്തെ ഭാഷ മാത്രം സംസാരിച്ച് ശീലമുള്ള ഒരു അച്ഛൻ, കോഴിക്കോട് ജനിച്ചു വളർന്ന കോഴിക്കോട്ടുകാരുമായി സഹവഹിച്ച്, കോഴിക്കോടൻ ഭാഷ മാത്രം കൈമുതലായുള്ള ഒരു അമ്മയുടെയും മകളായിട്ടാണ് ഞാൻ വളർന്നു വരുന്നത്. പക്ഷേ ഞാൻ ഏറ്റവും കൂടുതൽ കൈകാര്യം ചെയ്തിട്ടുള്ള ഭാഷ കോഴിക്കോടൻ ഭാഷയല്ല. ഒരുപക്ഷേ മലപ്പുറത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ നിന്നുള്ള ഭാഷയാണ് ഞാൻ കൂടുതലും ഉപയോഗിക്കുന്നത്. ഏറനാടൻ മുസ്ലിം ഭാഷയാണ് എന്റെ സംഭാഷണങ്ങളിലും രചനകളിലും കൂടുതൽ കടന്നുവരുന്നത്. നിന്റെ ഭാഷ ഇത് അല്ലല്ലോ ഇത് നിനക്കൊന്നു മെച്ചപ്പെടുത്തിക്കൂടെ എന്ന് കുറ്റം പറഞ്ഞ, വിമർശിച്ച നിരവധി ആളുകൾ ഉണ്ട്. പക്ഷേ ഏറനാടൻ മുസ്ലീം ഭാഷ എന്നെ സംബന്ധിച്ചിടത്തോളം ഒരിക്കലും ഒരു കുറവായിട്ടോ പോരായ്മയായിട്ടോ തോന്നിയിട്ടില്ല. ഭാഷയിലെ ആഹ്ലാദങ്ങളെ ഞാൻ അറിഞ്ഞത് ആ ഭാഷ ഉപയോഗിച്ച കാലത്താണ്. എത്ര അനായാസമായാണ് എത്ര ലളിതമായാണ് ഭാഷയെ അവിടെയുള്ളവർ കൈകാര്യം ചെയ്യുന്നത്. അവരുടെ ഭാഷ എന്റെയും ഭാഷയായി മാറി. ഇതിനേക്കാൾ രസകരമായ ഒരു വസ്തുത ഞാൻ വിവാഹം കഴിച്ചിരിക്കുന്ന വ്യക്തി തൃശ്ശൂർക്കാരനാണ്. ആലപ്പുഴക്കാരനായ അച്ഛന്റെയും തൃശ്ശൂരുകാരിയായ അമ്മയുടെയും മകൻ. അങ്ങനെ പല പല ഭാഷാഭേദങ്ങളിലൂടെ ഭാഷാ വ്യവഹാരങ്ങളിലൂടെ സഞ്ചരിച്ചിട്ടുള്ള ഒരാളാണ് ഞാൻ. അതുകൊണ്ടു തന്നെ ഭാഷയിൽ നിലനിൽക്കുന്ന വരേണ്യ ആധിപത്യ വ്യവസ്ഥയിൽ ഞാൻ ഒരിക്കലും വിശ്വസിച്ചിരുന്നില്ല. ഭാഷയുടെ വരേണ്യ ഭാവത്തെ പ്രാദേശിക ഭാഷയുടെ ആർജ്ജവം കൊണ്ട് തന്നെയാണ് മറികടന്നിട്ടുള്ളത്. എന്റെ ഗവേഷണത്തിന്റെയും പഠനത്തിന്റെയും ഭാഗമായി മുൻപോട്ട് നടത്തിയ യാത്രകൾക്കിടലാണ് ഒട്ടനവധി ജാതി സമുദായങ്ങളുടെ, ഗോത്രങ്ങളുടെ അനേകം ഭാഷകളെ അടുത്തറിയാനുള്ള അവസരങ്ങളും ഉണ്ടായിട്ടുണ്ട്.

ഭാഷയെ സംബന്ധിച്ച് നിലനിൽക്കുന്ന അധികാര വ്യവസ്ഥ അല്ലെങ്കിൽ മേൽക്കോയ്മ വ്യവസ്ഥ അതൊന്നും നിലനിൽക്കുന്നതേ അല്ല. ഓരോരുത്തർക്കും അവരവർക്ക് സ്വന്തമായുള്ള ഭാഷയിലൂടെ അതിന്റെ സ്വാതന്ത്ര്യങ്ങളിലൂടെ സഞ്ചരിച്ചു കൊണ്ടേയിരിക്കും.

*സംഘപരിവാറിന്റെ വർഗീയ രാഷ്ട്രീയ അജണ്ടകളെ അതിരൂക്ഷമായ തലത്തിൽ വിമർശിക്കുന്ന കഥകളാണ് ഇന്ദുമേനോന്റേത്. വർഗീയതയ്ക്കെതിരായ പ്രതിരോധ പാഠങ്ങളെ ഏതൊക്കെ നിലകളിലാണ് നമുക്ക് അവതരിപ്പിക്കാൻ കഴിയുക*

അത്യന്തം സംഘർഷഭരിതമായ ഒരു സാമൂഹ്യ അന്തരീക്ഷത്തിലൂടെയാണ് ഇന്ത്യൻ ജനത കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അത്രയേറെ നമ്മുടെ സമൂഹം വർഗ്ഗീയവത്ക്കരിക്കപ്പെട്ടു കഴിഞ്ഞു. വർഗ്ഗീയത പടർത്തുവാനുള്ള ഉപകരണങ്ങൾ


ഫാസിസ്റ്റ് ശക്തികൾ ചരിത്രങ്ങളിൽ നിന്നും പുരാണങ്ങളിൽ നിന്നും കണ്ടെത്തിക്കൊണ്ടിരിക്കുന്നു. മരുത്വാമല ചുമന്ന് മൃതസഞ്ജീവനി കൊണ്ടുവന്ന് ജീവൻ രക്ഷ നൽകിയ ഹനുമാന്റെ കഥകളൊക്കെ നമ്മൾ പുരാണത്തിൽ നിന്നും കേട്ടിട്ടുണ്ട്. പക്ഷേ ഈ പുതിയ കാലഘട്ടത്തിൽ നമ്മൾ കേൾക്കുന്നതും കാണുന്നതുമായ ഹനുമാൻ എന്നു പറഞ്ഞാൽ ഒരു രൗദ്ര രൂപമുള്ള ഹനുമാനാണ്. ആളുകളെ ആക്രമിക്കാൻ നടക്കുന്ന, കീഴ്പ്പെടുത്താൻ നടക്കുന്ന ഹനുമാൻ രൂപങ്ങളുടെ കഥകളാണ് നമ്മൾ കേൾക്കുന്നത്. ക്രൂരമായി രക്തം കുടിക്കുന്ന അനവധി കഥാപാത്രങ്ങൾ ഇത്തരത്തിൽ ഇന്ത്യയിൽ പ്രചരിക്കുന്നതായി അറിയുവാൻ കഴിയും.

ഗോത്ര ഗ്രാമങ്ങളിലും നാട്ടുകളിലും നാട്ടുപ്രദേശങ്ങളിലും നാടോടി ലോകങ്ങളിലുമെല്ലാമുള്ള സാധാരണക്കാരായിട്ടുള്ള ദൈവങ്ങളെല്ലാം തന്നെ ഇന്ന് പരിവർത്തനങ്ങൾക്കു വിധേയമായിരിക്കുന്നു. അവ ഹൈന്ദവവത്ക്കരിക്കപ്പെടുകയോ ബ്രാഹ്മണ്യവൽക്കരിക്കപ്പെടുകയോ ചെയ്യുക മാത്രമല്ല പുതിയ നിലകളിൽ അവ ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. എന്തിനെയും ഹിന്ദുത്വത്തിന്റെ അല്ലെങ്കിൽ ബ്രാഹ്മണ്യത്തിന്റെ കണ്ണുകളിലൂടെ കാണുന്ന ഒരു ഇന്ത്യയിൽ ജനിക്കുകയും ജീവിക്കുകയും അത്തരത്തിലുള്ള ഒരു ജാതി ഘടനയിൽ ഉൾപ്പെടേണ്ടി വരികയും ചെയ്തിട്ടുള്ള ഏതൊരു ചിന്തിക്കുന്ന മനുഷ്യനും ഏതൊരു ഹൃദയമുള്ള മനുഷ്യനും വർഗീയതയ്ക്കെതിരായിട്ടുള്ള പ്രതിരോധ പാഠങ്ങളെ ഉൾക്കൊള്ളുകയും ഉപയോഗിക്കുകയും ചെയ്യേണ്ടിവരും എന്നുള്ളത് സത്യമാണ്. പക്ഷേ അത് വലിയ പ്രയാസമാണ്. അങ്ങിനെ പ്രവർത്തിക്കുന്നവരെ തകർത്തു കളയുന്ന രീതിയിൽ സംഘപരിവാറിന്റെ ടൂളുകൾ പ്രവർത്തിക്കുന്നു. രൂക്ഷമായ ആക്രമണങ്ങൾ നേരിടേണ്ടിവരികയും മരണപ്പെടുകയും ചെയ്യാം. വർഗ്ഗീയതയ്ക്കെതിരെ എന്തെങ്കിലും പറഞ്ഞാൽ മുറിപ്പെടാൻ നിൽക്കുന്ന മതശരീരത്തെ വർഗ്ഗീയ വാദികൾ പ്രദർശിപ്പിക്കും. അല്ലെങ്കിൽ രാജ്യദ്രോഹത്തിന്റേതായ ഘടകങ്ങളെ അവർ മുന്നോട്ടുവയ്ക്കും. ജനാധിപത്യഭരണഘടനയ്ക്കും അപ്പുറത്തേക്ക് പുരാണ ഇതിഹാസങ്ങൾ വളരുന്ന ഒരു സാംസ്കാരിക മണ്ഡലത്തിൽ എഴുത്തിലൂടെ ശരിയുടെ രാഷ്ട്രീയം പ്രകടിപ്പിക്കാൻ കഴിയും എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. കഥകളിലൂടെ ഇത്തരം പ്രതിരോധങ്ങളെ അതി സമർത്ഥമായ വിധത്തിൽ ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംഭാഷണങ്ങളിൽ ചർച്ചകളിൽ ചിന്തകളിൽ അത്തരത്തിലുള്ള രാഷ്ട്രീയ നിലപാടുകളെ പ്രത്യക്ഷത്തിൽ അവതരിപ്പിക്കുവാൻ സാധിക്കും. സംഘപരിവാറിനെതിരെയുള്ള രാഷ്ട്രീയ നിലപാടുകൾ പ്രത്യക്ഷത്തിൽ അവതരിപ്പിച്ചവരെല്ലാം ജയിലിൽ അടയ്ക്കപ്പെട്ടു അല്ലെങ്കിൽ ആൾക്കൂട്ട ആക്രമണത്തിന് വിധേയരായി അല്ലെങ്കിൽ മരണത്തിന് വിധേയരായി. എന്നാൽ എഴുത്തിലൂടെയും കലകളിലൂടെയും പ്രതിരോധത്തിന്റെ സൂക്ഷ്മ പാഠങ്ങളെ അതിസമർത്ഥമായി അവതരിപ്പിക്കുവാൻ കഴിയും. പ്രത്യക്ഷത്തിൽ എതിർക്കുന്നവർ എഴുത്തുവേണോ കഴുത്തുവേണോ ചോദ്യം മുന്നിൽ നിൽക്കുന്പോൾ എനിക്ക് എന്റെ കഴുത്ത് മതി എന്നു പറയുമ്പോഴും ഒരു ഗറില്ലയെ പോലെ യുദ്ധം ചെയ്യാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എഴുത്തിലൂടെ ശരിയുടെ രാഷ്ട്രീയത്തെ എപ്പോഴും ഞാൻ അവതരിപ്പിച്ചുകൊണ്ടേയിരിക്കും.

*കലാ സാഹിത്യ മാധ്യമങ്ങൾ അടിമുടി കമ്പോളവൽക്കരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ എഴുത്തുകാർ കമ്പോള അജണ്ടകൾക്ക് വഴങ്ങേണ്ടിവരുന്നു. ഈ ഒരു സാഹചര്യത്തിൽ സ്വതന്ത്രമായ എഴുത്ത് എങ്ങനെയാണ് സാധ്യമാവുക?*

വിപണി ഏറ്റവും അധികം അതിന്റെ പിടിമുറുക്കിയ ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പോപ്പുലർ പൾപ്പ് ഫിക്ഷനും ലിറ്ററി ഫിക്ഷനും തമ്മിലുള്ള അതിർവരമ്പുകളെ ഇല്ലാതാക്കുവാൻ വിപണിക്ക് സാധിച്ചിട്ടുണ്ട്. വിൽക്കുന്ന പുസ്തകങ്ങളാണ് മഹത്തരം എന്ന് വിപണി നമ്മോട് പറയുന്നു. വിൽപ്പനയ്ക്കായി പല തരത്തിലുള്ള അജണ്ടകളും പരസ്യങ്ങളും നമ്മൾ സ്വീകരിക്കേണ്ടതുണ്ടെന്ന






വിപണി നമ്മളോട് ആവശ്യപ്പെടുന്നു. എഴുതപ്പെടുന്നതുവരെ മാത്രമാണ് സാഹിത്യം മഹത്വപൂർണ്ണമായ ഒന്നാകുന്നത്. അച്ചടിച്ചു വന്നതിനു ശേഷം ആ നിലയൊക്കെ മാറുന്നു. ഏതുകാലത്തും പൾപ്പ് ഫിക്ഷൻ രചനകളാണ് ഏറ്റവും അധികം വിൽക്കപ്പെടുകയും വായിക്കപ്പെടുകയും ചെയ്തിട്ടുള്ളത്. പൾപ്പ് ഫിക്ഷനേക്കാൾ മികച്ചത് ലിറ്ററി ഫിക്ഷൻ ആണ്. എന്നാൽ ലിറ്ററി ഫിക്ഷന് അത്രയധികം വിൽപ്പനകൾ നടക്കാറില്ല. വിപണിയുടെ തലത്തിൽ ഏറ്റവും മികച്ച എഴുത്തുകാരൻ ആനന്ദോ ഒ വി വിജയനോ അല്ല മറിച്ച് അത് പൾപ്പ് ഫിക്ഷൻ എഴുതുന്നവരാണ്. ആനന്ദിന്റേയും ഒവി വിജയന്റേയും പുസ്തകങ്ങൾ ഏറ്റവും മികച്ചവയാണ് എന്നുള്ളത് വാസ്തവമാണ് പക്ഷേ വിപണിയെ ഭരിച്ചിരുന്നത് പൾപ്പ് ഫിക്ഷൻകാരായിരുന്നു. അതിനിടയിൽ ഇത്തരം എഴുത്തുകാരും കടന്നു വന്നു.

മര്യാദയ്ക്ക് മലയാള വ്യാകരണം എഴുതാൻ പോലും അറിയാത്ത ആളുകളുടെ പുസ്തകങ്ങൾ വിപണിയിൽ വൻതോതിൽ വിറ്റുപോകുന്നു. നിങ്ങൾ മികച്ച സാഹിത്യം എഴുതിയതുകൊണ്ട് മാത്രം കാര്യമില്ല വിപണിയുടെ താൽപര്യങ്ങൾ പരിഗണിച്ചുകൊണ്ടേ എഴുത്തുകാരന് നിലനിൽക്കാനാവൂ. നിങ്ങളുടെ കൃതികൾ അത് കൃത്യമായ സമയത്ത് വായനക്കാരനിൽ കൃത്യമായ രീതിയിൽ എത്തിച്ചേരണമെങ്കിൽ വിപണിയുടെ കമ്പോളത്തിന് രീതികൾക്ക് അനുസൃതമായി നമ്മൾ നിൽക്കേണ്ടിവരും അതിനായി ഭയങ്കരമായിട്ട് ശ്രമിക്കേണ്ടിയും വരും

*ആൺ ബോധങ്ങളെ മറികടക്കാൻ കഴിയാത്ത ഒരു സമൂഹമായിട്ടാണ് ഇന്ത്യൻ സമൂഹം നിലനിന്നു പോകുന്നത്. കലയും സാഹിത്യവും അടക്കമുള്ള മേഖലകളിൽ പോലും അത് അതി രൂക്ഷമായ തലങ്ങളിൽ തന്നെയാണ് നിൽക്കുന്നത്. സമകാലിക ചലച്ചിത്ര മേഖലയിലെ വിവാദങ്ങൾ, സാഹിത്യ മേഖലകേന്ദ്രീകരിച്ചു വന്ന വിവാദങ്ങൾ എന്നിവയെല്ലാം തന്നെ ആൺ ബോധങ്ങളും അവയുടെ ലൈംഗിക വൈകൃതങ്ങളും പ്രധാന വിഷയങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഒരു എഴുത്തുകാരി എന്ന നിലയിൽ ഇത്തരം വിഷയങ്ങളിൽ നിരന്തരം പ്രതികരിച്ചു കൊണ്ടിരിക്കുന്ന വ്യക്തി കൂടിയാണ് താങ്കൾ*

അവനവനെ കത്തിച്ച് പ്രകാശമാകാൻ ശ്രമിക്കരുത് എന്ന ഒരു പാഠം ജീവിതത്തിൽ ഞാൻ പഠിച്ചതാണ്. പക്ഷേ സ്ത്രീകളെയും പെൺകുട്ടികളെയും തങ്ങളുടെ ലൈംഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പുരുഷന്മാരെ വിമർശിക്കുമ്പോൾ നമ്മൾ ആക്രമിക്കപ്പെടും. സമീപകാലത്ത് എന്നെ കേന്ദ്രീകരിച്ച് ഉയർന്നു വന്നിട്ടുള്ള ചില വിവാദങ്ങൾ നോക്കി കഴിഞ്ഞാൽ വിവാദം ഉണ്ടാക്കാൻ വേണ്ടി ഒരു അവസരം പലരും കാത്തിരുന്നതായും എന്നെ ഉപദ്രവിക്കാനായി മുമ്പോട്ട് വന്നതായും കാണാൻ കഴിയും. സാഹിത്യത്തിലുള്ള പെൺ പിടിയന്മാർക്കും ലൈംഗിക അക്രമികൾക്കും വേണ്ടി നിൽക്കാൻ അനവധി പേരുണ്ട്. ഇരകളെയും അതിജീവിതകളെയും പിന്തുണയ്ക്കുന്നവരേക്കാൾ കൂടുതൽ പേരുണ്ടത്. ജാമ്യത്തിനും മറ്റു കാര്യങ്ങൾക്കും ഒക്കെ പണം നൽകുകയും പിന്തുണകൾ നൽകുകയും ചെയ്യുന്ന വലിയൊരു സംഘമാണ് അത്. ഇത്തരക്കാരുള്ള വേദികളിൽ നിന്ന് നമ്മൾ ഇറങ്ങിപ്പോരുന്നത് കൊണ്ട് നമ്മൾ അവിടെ ഉണ്ടാകുന്നില്ല എന്ന് മാത്രമേയുള്ളൂ. എല്ലാ പരിപാടികളിലും കമ്മിറ്റികളിലും പുരസ്കാരങ്ങളിലും ഉൾപ്പെടെ നമ്മളെ മാറ്റിനിർത്തും. അതിജീവിതകൾക്കൊപ്പം നിൽക്കുക എന്ന് പറയുന്നത് വലിയൊരു നഷ്ടത്തിന്റെ കളിയാണ്. പക്ഷേ ആ നഷ്ടങ്ങളെക്കാളും ഒക്കെ എത്രയോ പ്രധാനമാണ് അവരോടൊപ്പം നിൽക്കുക എന്നത്. ഇരകളനുഭവിച്ചിട്ടുള്ള ദുഃഖങ്ങൾ, പ്രതിസന്ധികൾ, അവർക്ക് ഉണ്ടായിട്ടുള്ള ട്രോമകൾ ഒക്കെ അതിഭീകരമാണ്. അത് നമ്മൾ തിരിച്ചറിയുകയും മനസ്സിലാക്കുകയും അവരോടൊപ്പം ചേർന്നുനിൽക്കുകയും ചെയ്യേണ്ടതുണ്ട്. എത്രയധികം വിമർശനങ്ങൾ ഉണ്ടായാലും ഞാനെപ്പോഴും നീതിയുടെയും ന്യായത്തിന്റെയും പക്ഷത്ത് തന്നെ നിലനിൽക്കും. ●



Kerala Khadi Spices









# കേരളാ ഖാദി
# KERALA KHADI

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്
വഞ്ചിയൂർ, തിരുവനന്തപുരം
ഫോൺ: 0471 2471696

# കഥാ വർഷം




വില
780



**വ**ർത്തമാനകാല ജീവിതാവസ്ഥയുടെ ഡി എൻ എ ആണ് ഈ പുസ്തകം. കഥകളുടെ ഓരോ വായനയും ഈ കാലത്തെ നമ്മുടെ മുന്നിൽ നഗ്നമായി അവതരിപ്പിക്കുന്നുണ്ട്. യാഥാർഥ്യത്തെ മറച്ചുവച്ച് മിത്തുകളെയും സങ്കൽപ്പത്തെയും എഴുന്നള്ളിക്കുന്ന സത്യാനന്തര കാലത്ത് എഴുത്ത് എങ്ങനെ രാഷ്ട്രീയമായി പരിണമിക്കുന്ന എന്നതിന്റെ നേർചിത്രങ്ങളാണ് ഇതിലെ കഥകൾ. ഫാസിസമെന്നത് ഇനിയും വരാനിരിക്കുന്ന അതിഥിയല്ലെന്നും നമ്മുടെ ഉമ്മറത്ത് അധികാരത്തോടെ അത് കസേരയിട്ടിരിക്കുന്നുണ്ടെന്നും സച്ചിദാനന്ദന്റെ 'റോബിൻസൺ ക്രൂസോ' ഉറക്കെ വിളിച്ചു പറയുന്നുണ്ട്. ഇരകളുടെ ചോരയിലല്ല, വേട്ടക്കാരന്റെ ദംഷ്ട്രയിലാണ് ഇത്തരം കഥകൾ ഫോക്കസ് ചെയ്യപ്പെടുന്നത് എന്ന പ്രത്യേകതയുമുണ്ട്- ഒരു വശത്ത് നിർമിതബുദ്ധി ഉൾപ്പെടെ ആധുനിക സാങ്കേതികവിദ്യാ അതിവിപ്ലവത്തിൽ അവനവനിലേക്ക് മാത്രം നോക്കി സ്വയം ജീർണിക്കുന്ന പുതിയകാലത്തെ ജീവിതങ്ങൾ... മറ്റൊരുവശത്ത് അധീശശക്തികളും അവരുടെ നീരാളിക്കൈകളിൽ പിടയുന്ന സാധാരണക്കാരനും തമ്മിലുള്ള സംഘർഷം. ഇത്തരം വൈരുദ്ധ്യങ്ങൾക്ക് നേരെ കണ്ണാടി പിടിക്കുക എന്ന ഉത്തരവാദിത്വംകൂടി നിർവ്വഹിക്കുന്നുണ്ട് സമകാലിക രചനകൾ.

ഫാസിസം അതിന്റെ ഏറ്റവും രൗദ്രഭാവത്തിൽ ഉറഞ്ഞാടുമ്പോൾ ഏത് ചേരിയിൽ എന്നതിന് വ്യക്തമായ ഉത്തരം നൽകുന്നുണ്ട് എഴുത്തുകാർ. ഉത്തരാധുനികതയുടെ സമസ്യകളും പിന്നിട്ട് വർത്തമാന കാല കഥകൾ പുതുവഴികൾ തേടുകയാണ്- ഇവിടെ കഥയും ഇതിവൃത്തവും കഥാപാത്രങ്ങളും ആഖ്യാനവുമെല്ലാം നിരന്തരം ഉടച്ചുവാർക്കപ്പെടുകയും പുതുക്കിപ്പണിയുകയും ചെയ്യുന്നുണ്ട്. ആദ്യമധ്യാന്ത പൊരുത്തത്തോടെയുള്ള വായനയുടെ അനായസത ഈ കഥകളിൽ നിന്ന് പ്രതീക്ഷിക്കരുത്. ●



**ചെറുകഥാ ചരിത്രത്തിന്റെ ഭാഗമായ, വ്യത്യസ്ത തലമുറകളുടെ അപൂർവ്വ സംഗമം**



കഥാ വർഷം

# ദേശാഭിമാനി കഥകൾ 2024

സമാഹരണം: സുധീർകുമാർ വി കെ

ടി പത്മനാഭൻ സച്ചിദാനന്ദൻ ഉണ്ണി ആർ എസ് ഹരീഷ് സി വി ബാലകൃഷ്ണൻ ഗ്രേസി ടി ഡി രാമകൃഷ്ണൻ എം കെ മനോഹരൻ ടി പി വേണുഗോപാലൻ ശത്രുഘ്നൻ ടി കെ ശങ്കരനാരായണൻ കെ വി മോഹൻകുമാർ എം നന്ദകുമാർ പി വി ഷാജികുമാർ വി ഷിനിലാൽ ഫ്രാൻസിസ് നൊറോണ വി കെ ദീപ അമൽ അജിജേഷ് പച്ചാട്ട് ശ്യാംകൃഷ്ണൻ ആർ ശ്രീകണ്ഠൻ കരിക്കകം മനോജ് വെങ്ങോല വിമീഷ് മണിയൂർ സുഭാഷ് ഒട്ടുംപുറം ജിൻഷ ഗംഗ ദീപു ജയരാമൻ ജോജിത വിനീഷ് ജേക്കബ് എബ്രഹാം ആർ സ്വാതി ഇളവൂർ ശശി സോണിയ റഫീക്ക് ജയകൃഷ്ണൻ നരിക്കുട്ടി ഷബിത മിഥുൻ കൃഷ്ണ ഐശ്വര്യ കമല എൻ ഹരി ഷിഫാ സക്കർ താഹ മാടായി എം മഞ്ജു സുരേഷ്കുമാർ വി അഖില കെ എസ് വി പ്രവീണ കെ വിശ്വനാഥ് ബീനാ സജീവ് വി എസ് അജിത്ത് ലക്ഷ്മിപ്രിയ എസ് എസ് ഡോ. എം ഷാജഹാൻ പി എസ് റഫീഖ്


## കേരള യൂണിവേഴ്സിറ്റി എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ റ്റി.233

യൂണിവേഴ്സിറ്റി ഓഫീസ് കാമ്പസ്, പാളയം, തിരുവനന്തപുരം 34, ഫോൺ : 2305934
ബ്രാഞ്ച് : കാര്യവട്ടം കാമ്പസ്, ഫോൺ : 2414992
WhatsApp : 8547676968, email : kuecstvm@gmail.com

**എന്നും എപ്പോഴും സംഘാംഗങ്ങളോടൊപ്പം**

- കൺസ്യൂമർ സ്റ്റോർ
- ഫോട്ടോസ്റ്റാറ്റ് ബൂത്തുകൾ
- യൂണിവേഴ്സിറ്റി ക്യാന്റീൻ
- സ്റ്റേഷനറി സ്റ്റോർ
- കോഫി കൗണ്ടർ

- കോവിഡ് കാലത്തും പ്രളയ സമയത്തും സാമൂഹിക പ്രതിബദ്ധതയോടുകൂടിയുള്ള ഇടപെടൽ
- കെയർഹോം പദ്ധതിയിൽ കൂടി വീട് നിർമ്മിച്ചു നൽകി

**"കോർ ബാങ്കിംഗ് സംവിധാനത്തോടെ പ്രവർത്തിക്കുന്ന ക്ലാസ് 1 സൂപ്പർ ഗ്രേഡ് എംപ്ലോയീസ് സഹകരണ സംഘം"**

ഡി അനിൽകുമാർ
പ്രസിഡന്റ്
9446450702

ഗിരിപ്രസാദ്. എസ്.
സെക്രട്ടറി
9495901325



# സി-ഡിറ്റ്

(ഒരു കേരളസർക്കാർ സ്ഥാപനം)

സി-ഡിറ്റ് കമ്പ്യൂട്ടർ കോഴ്സുകൾ പഠിക്കൂ . . .
സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കൂ . . .
സർക്കാർ/ഇതര സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ
അധിഷ്ഠിത ജോലി/പ്രൊമോഷൻ നേടൂ . . .

സർക്കാർ/സഹകരണ/ബാങ്കിംഗ്/
പൊതുമേഖലയിലെ ജോലികൾക്ക്
GOVT/Kerala PSC അംഗീകരിച്ച

## കമ്പ്യൂട്ടർ കോഴ്സുകൾ

GO(P) No.24/2011/P&ARD dated 11-08-2011

## CERTIFICATE COURSES IN

.NET | JAVA | PHP | PYTHON

- Post Graduate Diploma in Computer Application (PGDCA) - Full time/Part-time
- Advanced Diploma in Computer Hardware & Network Engineering (ADCHNE)
- Advanced Diploma in Computer Training for Teachers (ADCTT)
- Diploma in Computer Application (DCA)
- Diploma in Office Automation (DOA)
- Diploma in Computerized Financial Management (DCFM)
- Diploma in Desktop Publishing (DDTP)
- Diploma in Multimedia (DIM)
- Certificate in Web Design (CWD)
- Certificate in Desktop Publishing (CDTP)
- Certificate in Electronic Office (CEO)
- Certificate in Data Entry and Console Operation (CDECO)
- Certificate in CAD Technology (CCAD)
- Certificate in Computerized Accounting (CCA)

## Tally / TALLY TRAINING & CERTIFICATE COURSES

Eligibility : **Plus Two**

- Tally Essential level-1
- Tally Essential level-2
- Tally Essential level-3
- Tally Essential level comprehensive
- GCC VAT Using Tally
- TDS using Tally

### മറ്റ് കോഴ്സുകൾ

- Diploma in PC Hardware and Network Maintenance (DHNM)
- Certificate in Malayalam Computing & Digital Publishing (CMDP)
- Certificate in Malayalam Computing (CMC)
- Certificate in Indian and Foreign Accounting (CIFA)
- IT Applications in Daily Life (ADL)
- Diploma in Foreign Accounting (DFA)

- 14 ജില്ലകളിലുമായി 300ൽ പരം പഠന കേന്ദ്രങ്ങൾ.
- വർഷത്തിൽ 3 തവണ കേന്ദ്രീകൃത പരീക്ഷകൾ.
- മികച്ച പാഠ്യപദ്ധതി.
- അന്ത്യോദയ അന്നയോജന (AAY)/മുൻഗണനാ റേഷൻ കാർഡ് വിഭാഗങ്ങൾക്കും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും 25% ഫീസിളവ്
- ഹോളോഗ്രാം പതിച്ച മാർക്ക് ലിസ്റ്റ്/സർട്ടിഫിക്കറ്റ്

കൂടുതൽ വിവരങ്ങൾക്ക് സി-ഡിറ്റിന്റെ
അംഗീകൃത പഠനകേന്ദ്രങ്ങളുമായി ബന്ധപ്പെടുക


c-dit www.cdit.org

**CENTRE FOR DEVELOPMENT OF IMAGING TECHNOLOGY (C-DIT)**

Head office

Chithranjali Hills, Thiruvallam.P O,
Thiruvananthapuram, Kerala - 695 027
Phone: +91 – 471 - 2380910, 2380912

Email : cdit@cdit.org    Website : www.cdit.org

**Technology Extension Division**

Ground Floor, TC 26/322 (3)
Chittezham Lavanya, Behind SMSM Institute
Statue, Thiruvananthapuram -695 001

0471- 2321360, 0471-2322100

98958 89892

tet@cdit.org

പ്രണയത്തിന്റെയും മരണത്തിന്റെയും ഓർമ്മത്താളുകളിലൂടെ ഒരപൂർവ്വ യാത്ര. സുന്ദര സുരഭിലമായ ആത്മഹർഷങ്ങളുടെ വീണ്ടെടുക്കലുകളാണ് പ്രണയ ഓർമ്മകളെങ്കിൽ, അത്രമേൽ പ്രിയപ്പെട്ടവർ അവശേഷിപ്പിച്ചു പോയ ശൂന്യതയുടെയും നൊമ്പരങ്ങളുടെയും വിടവുകളാണ് മൃതിയോർമ്മകളിലുള്ളത്. മലയാളത്തിലെ പ്രിയപ്പെട്ട എഴുത്തുകാരുടെ ഓർമ്മകളിലൂടെ ഒരു സഞ്ചാരം.

# കീർത്തന അവളെ പുഴയലിഞ്ഞു കീർത്തന; അവളെ കടലലിഞ്ഞു

## ഇന്ദുമേനോൻ

**പ**ലരും എന്നെ എന്നെന്നേക്കുമായി ഉപേക്ഷിച്ചു പോയിട്ടുണ്ട്. അകാരണമായി സൗഹൃദങ്ങളറ്റുന്നുഴന്നു പോയിട്ടുണ്ട്. പ്രേമത്തിൽ ചതി ചെയ്യപ്പെട്ടു പോയിട്ടുണ്ട്. തെറ്റിദ്ധരിച്ചു പോയി അകന്നിട്ടുണ്ട്. ദാമ്പത്യത്തിൽ കലഹിച്ച്, പിണങ്ങി ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്. തിരക്കിൽ പെട്ട് ഞാനാരുമല്ലാതായിട്ടുണ്ട്. അങ്ങനെ അങ്ങനെ പലർ സ്വാഭാവികമായി അകന്നു അടർന്നു പോകും. ഒരു വലിയ കരച്ചിൽ തൊണ്ടയിൽ വിഴുങ്ങിക്കിടക്കും. ഒരിക്കലും ദഹിക്കാത്ത ഇര പോലെ ഹൃദയത്തിലും ആത്മാവിലും കുടുങ്ങിയാകൽച്ച മുഴച്ചു കിടക്കും.

പക്ഷേ, മരണമാണ് ഞാൻ കണ്ടതിൽ വെച്ച് ഏറ്റവും ക്രൂരനായ വില്ലൻ. ഓർമ്മയുടെ മുറിവിലേക്ക് നമ്മുടെ പ്രിയപ്പെട്ടവരെ പൂഴ്ത്തിക്കളഞ്ഞ് എന്നുമേതുമെന്നെന്നേക്കായി അവസാനിപ്പിച്ച് കളയുന്ന കൊടിയ ദ്രോഹി. അവനോളം നമ്മെ തകർക്കുന്ന ആരുമില്ല. നാമെത്ര ശ്രമിച്ചാലും കഠിനതരമായി ഉഴന്നാലും ആ മരണനിരാസത്തിന്റെയത്ര തീവ്രമായ ഒന്ന് ഉണ്ടാകയില്ല. എത്ര അഴുതാലും എത്ര ഉഴച്ചാലും ഒരു തിരിച്ചു വരവ് അതിൻപ്രതിയുണ്ടാകില്ല.


എന്റെ അമ്മൂമ്മയുടെ മരണം മകനെ ഗർഭം ധരിച്ച കാലത്തായിരുന്നു. അതുപോലെ നരകയാതനയനുഭവിച്ച കാലം എന്റെ ജീവിതത്തിലുണ്ടായിരുന്നില്ല. സിനിമയുമായി ബന്ധപ്പെട്ട് സംഭവിച്ച ഒരു ചതിയാൽ എന്റെ ഭർത്താവ് പരിക്ഷീണനായി നടക്കുന്ന കാലം. എന്റെ കഠിനകഷ്ടകാലം. അയാൾ അയാളുടേതായ ഒരു പുറ്റിൽ ജീവിക്കുന്ന കാലം. ഒരുവശത്ത് കേസുകൾ, ഒരു വശത്ത് ഗുണ്ടകളുടെ ഭീഷണികൾ, മാനഹാനി, ഭയം, രോഗാതുരത, ഭർത്താവിന്റെ ഉപേക്ഷ..

ആ ഒരു മഴക്കാലത്ത് അമ്മൂമ്മ തണുത്തു കിടന്നു. ജലം വീണ കുമിളകളുടെ ചിത്രമുള്ള ബനിയൻ നൈറ്റി ധരിച്ച്, കാലുകളിൽ ഓടിക്കളിക്കുന്ന പേശികളുടെ കടുത്ത വേദനയിൽ ഉള്ളുലഞ്ഞ് ഞാൻ കട്ടിലിൽ തന്നെ കിടന്നു. മരണം മുഴുവനായി നെഞ്ചിലൊരു കനമായങ്ങനെ കിടക്കുകയായിരുന്നു. എന്റെ ജീവിതത്തിലെ തായ്‌വഴിയിലെ ആദ്യത്തെ സ്ത്രീ. എന്നെയാദ്യമായി ഏറ്റു വാങ്ങിയവൾ. വള്ളിക്കാട്ടെ അതിസുന്ദരിയായ കുഞ്ഞിലക്ഷ്മി. അവരുടെ മടക്കം....

അടുത്തത് പിന്നെ അമ്മയായിരുന്നു. എന്റെ നേർജനിതകം. എന്റെ തന്നെ ഗർഭപാത്രം. എന്റെ രക്തം. എന്റെയമ്മ. അതൊരു ക്രിസ്തുമസ് ഡിസംബറിലായിരുന്നു. ഞാൻ വയനാട്ടിലായിരുന്ന സമയത്ത്. രാത്രി ഒന്നരമണിക്ക് വട്ടവഞ്ചാലിലെ വളവുകളിലും തിരിവുകളിലും സ്റ്റെപ്പിനിയില്ലാത്ത വണ്ടിയുമായി ഒരു മരണയാത്ര. കറുത്ത പുള്ളിക്കുത്തും മഞ്ഞപ്പൂതപ്പണിഞ്ഞ ദേഹവുമായി ഇരതേടിയിറങ്ങിയ പുള്ളിപ്പുലി ഗ്ലാസിൽ വന്നിടിച്ചു. എനിക്ക് അതിദുഃഖം കാരണം ഛർദ്ദിയാരംഭിച്ചിരുന്നു. വണ്ടി നിർത്താൻ പാടില്ലാത്തയിടങ്ങളിൽ വണ്ടി നിർത്തേണ്ടി വന്നു. പിത്തവെള്ളമടക്കം ഞാനങ്ങനെ കരഞ്ഞുകൊണ്ട് ഛർദ്ദിച്ചു. ●






# ഗ്രുൻഡ്രിസ്സെയുടെ ആശയപ്രപഞ്ചം

**ദീപക് പി**

₹500

മാർക്സിന്റെ പഠനക്കുറിപ്പുകളുടെ സമാഹാരമാണ് ഗ്രുൻഡ്രിസ്സെ. ആധുനിക ലോകം കണ്ട ഏറ്റവും ധിഷണാശാലിയായ സാമൂഹിക ശാസ്ത്രജ്ഞന്റെ ഗഹനമായ ചിന്തകളിലേക്കുള്ള വഴികളാണ് ഗ്രുൻഡ്രിസ്സെയിൽ കുറിച്ചിരിക്കുന്നത്. മാർക്സിയൻ ചിന്തകളെക്കുറിച്ച് ഗവേഷണം ചെയ്യുന്നവർ മാത്രം ഇതുവരെ കൈകാര്യം ചെയ്തുപോന്നിരുന്ന ഗ്രുൻഡ്രിസ്സെയിലെ ആശയങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുകയും സമകാലിക യാഥാർഥ്യങ്ങളുമായി ചേർത്തുവായിക്കുകയും ചെയ്യുന്ന മലയാളത്തിലെ ആദ്യ ഗ്രന്ഥം.

# വ്യക്തിവാദവും മുതലാളിത്തവും

**ദീപക് പി**

നമ്മുടെ ആദ്യത്തെ അദ്ധ്യായത്തിന്റെ വിഷയം വ്യക്തിവാദവും മുതലാളിത്തവും എന്നതാണ്. മാർക്സ് ഗ്രുൻഡ്രിസ്സെയിൽ ഏറ്റവും ആദ്യം തന്നെ വിമർശനവിധേയമാക്കുന്ന ഒരു ആശയമാണ് വ്യക്തിവാദം (individualism) എന്നത്. അദ്ദേഹം ഗ്രുൻഡ്രിസ്സെയുടെ ആദ്യത്തെ പേജിൽ തന്നെ പറയുന്ന ഒരു കാര്യം, സാമൂഹികമായി നിർണ്ണയിക്കപ്പെട്ടതും വ്യക്തിപരമായതുമായ ഉൽപാദന പ്രക്രിയ എന്ന ആശയമാണ് ചരിത്രത്തിൽ നിന്നുള്ള മുതലാളിത്തത്തിന്റെ ഒരു വഴിപിരിയൽ ഘട്ടം എന്നാണ്.

ഇങ്ങനെ വ്യക്തികൾ എന്ന നിലയിൽ പങ്കെടുക്കേണ്ട ഒന്നാണ് നിർമ്മാണ പ്രക്രിയ എന്ന് തോന്നിപ്പിക്കുന്നത് മുതലാളിത്തത്തിന്റെ ഒരു രീതിയാണെന്ന് അദ്ദേഹം പറയുന്നുണ്ട്. അങ്ങനെ വ്യക്തിപരമായിട്ടാണോ നാം കാര്യങ്ങളെ കാണേണ്ടത്? മനുഷ്യനും സമൂഹവും തമ്മിലുള്ള ബന്ധം എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? അതെങ്ങനെയാണ് സാമൂഹികപ്രക്രിയകളിൽ - ഉൽപാദനപ്രക്രിയ എന്നതിൽ ഉൾപ്പെടെ - പ്രതിഫലിക്കേണ്ടത്?

ഓരോ വ്യക്തിക്കും ദൈവം നൽകിയതും എടുത്തു കളയാനാവാത്തതുമായ ചില അവകാശങ്ങൾ ഉണ്ടെന്നും, സ്വകാര്യ സ്വത്ത് എന്നത് ഒരു സ്വാഭാവിക യാഥാർഥ്യമാണെന്നുമുള്ള ചില ധാരണകളിന്മേലാണ് ഇന്നത്തെ രാഷ്ട്രീയ സാമ്പത്തിക സംവിധാനങ്ങൾ കെട്ടിപ്പടുത്തിട്ടുള്ളത് എന്ന് വിമർശബുദ്ധിയോടെ മാർക്സ് നിരീക്ഷിക്കുന്നു. ആ വിമർശം മാർക്സിന്റെ കാലത്ത് ഇംഗ്ലണ്ടിലും മറ്റും മാത്രം ബാധകമായിരുന്നെങ്കിൽ, ഇന്ന് അത് സമകാലിക മുതലാളിത്ത ലോകത്തിന്റെ ആഗോള യാഥാർഥ്യമായി പരിണമിച്ചു കഴിഞ്ഞിരിക്കുന്നു.

സ്വതന്ത്രമായ വ്യക്തികൾ തമ്മിൽ സാമ്പത്തികവും അല്ലാത്തതുമായ ഗാഢ മത്സരത്തിലേർപ്പെടുന്ന സാമ്പത്തിക വ്യവസ്ഥ ചരിത്രത്തിലെ സ്വാഭാവികതയല്ല എന്ന് മാർക്സ് അടിവരയിട്ടു പറയുന്നു. വ്യക്തികൾ ചരിത്രത്തിൽ കഴിഞ്ഞിരുന്നത് സമൂഹങ്ങളുടെ ഭാഗമായിട്ടാണ്. Accessory എന്ന വാക്കാണ് മാർക്സ് ഉപയോഗിക്കുന്നത്. മനുഷ്യരുടെ പറ്റങ്ങൾ എന്നതിൽ ചേരുവകളായി വ്യക്തികൾ ആവശ്യം ഉണ്ടെങ്കിലും, പറ്റങ്ങളുടെ ഭാഗമായിട്ടല്ലാതെ വ്യക്തികൾക്ക് അർത്ഥവത്തായ നിലനിൽപ്പില്ല എന്ന രീതിയിലായിരുന്നു ചരിത്രത്തിലെ സാമൂഹിക വ്യവസ്ഥ. ചരിത്രത്തിലെ സ്വാഭാവിക പ്രതിഭാസം എന്നത് വ്യക്തികൾ എന്നതല്ല, സംഘങ്ങൾ (kinship group) എന്നതാണ്. സംഘങ്ങൾ എന്ന വാക്ക് ഞാൻ ഉപയോഗിക്കുന്നത് ഇത്തരം സാമൂഹികക്രമങ്ങൾ നമ്മുടെ സംഘകാലത്തുണ്ടായിരുന്നു എന്നതിന്റെ കൂടെ അടിസ്ഥാനത്തിലാണ്.

വ്യക്തി എന്നതും വ്യക്തിവാദം എന്നതും പ്രധാനപ്പെട്ട കാര്യങ്ങളായി ആവിർഭവിക്കുന്നത് മുതലാളിത്തത്തിന്റെയും സ്വകാര്യ സ്വത്ത് എന്നതിന്റെയും അടിസ്ഥാനത്തിലുള്ള സാമ്പത്തിക ക്രമത്തിന്റെ ഒരു പാർശ്വഫലമായിട്ടാണ് എന്നത് മാർക്സിന്റെ ഒരു പ്രധാനപ്പെട്ട നിരീക്ഷണമാണ്. വ്യക്തിവാദം എന്നത് കാലാതീതമായ ഒരു യാഥാർഥ്യമല്ല, മുതലാളിത്തത്തിന്റെ ഒരു സാമൂഹിക നിർമ്മിതിയാണെന്ന് കാണാം. വിപണിയുടെ മൂല്യങ്ങളുപയോഗിച്ചാണ് വ്യക്തികളേക്കാൾ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളിൽ അധിഷ്ഠിതമായ സംഘങ്ങളുടെ ബലത്തെ ക്ഷയിപ്പിച്ചു കളഞ്ഞത് (മാർക്സ് ഉപയോഗിക്കുന്ന വാക്കു കുറച്ചു കൂടി മൃദുവായ dissolve എന്നതാണ്). •

കേരള സംസ്ഥാന

# സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ. ജംഗ്ഷൻ, ജഗതി, തിരുവനന്തപുരം - 695 014
ഫോൺ : 0471-2323303 e-mail: keralasiepsales@gmail.com | admin.siep@kerala.gov.in

**5,00,000** ത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞ വിജ്ഞാനകോശം ഗ്രന്ഥങ്ങൾ

# അറിവോണം

## വിജ്ഞാനകോശം ഗ്രന്ഥങ്ങൾക്ക് വമ്പിച്ച ഓണം ഓഫർ

അറിവ് യൂട്യൂബ് ചാനൽ

**Online Payment** സൗകര്യം ഉണ്ടായിരിക്കുന്നതാണ്.



സർവ വിജ്ഞാനകോശം (1-12 വാല്യങ്ങൾ)



പരിണാമ വിജ്ഞാനകോശം (ഏകവാല്യം)



ജ്യോതിശ്ശാസ്ത്ര വിജ്ഞാനകോശം (ഏകവാല്യം)



വിശ്വസാഹിത്യ വിജ്ഞാനകോശം (1, 5, 8, 9 വാല്യങ്ങൾ)

**11,560/-** രൂപ മുഖവിലയുള്ള
**വിജ്ഞാനകോശം ഗ്രന്ഥങ്ങൾ**
വെറും **4,750/-** രൂപയ്ക്ക് സ്വന്തമാക്കാം.

ആകർഷകമായ വിലക്കിഴിവിൽ മാസത്തവണകളായി അടയ്ക്കാവുന്ന ക്രെഡിറ്റ് പദ്ധതിയും ലഭ്യമാണ്. (പ്രത്യേക ആനുകൂല്യം പരിമിത കാലത്തേക്കുമാത്രം)

### മറ്റ് ഗ്രന്ഥങ്ങൾ

- സർവവിജ്ഞാനകോശം-18
- മലയാള സാഹിത്യവിജ്ഞാനകോശം
- നിയമവിജ്ഞാനകോശം
- മൂലകവിജ്ഞാനകോശം
- വൈജ്ഞാനികം ജേണലുകൾ

### ഉടൻ വിപണിയിൽ


- സർവവിജ്ഞാനകോശം വാല്യം-19

ലഘുവിജ്ഞാനകോശങ്ങൾ

- മഹാകവി കുമാരനാശാൻ വിജ്ഞാനകോശം
- വൈക്കം സത്യാഗ്രഹം
- നിർമ്മിത ബുദ്ധി
- ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യം
- സമുദ്ര ജൈവവൈവിധ്യവും സമ്പദ്‌വ്യവസ്ഥയും

siep 08/2024

കൂടുതൽ വിവരങ്ങൾക്ക് : 8089466093, 9495630358




**ടി വി മധു**
**എതിരൻ കതിരവൻ**
**അച്യുത്ശങ്കർ എസ് നായർ**
**ഡോ. ജിജോ പി യു**
**ഡോ. സി പ്രേംശങ്കർ**
**ഡോ. സുനിൽ തോമസ്**
**തോണിക്കുഴിയിൽ**
**ജയാ ജി നായർ**
**ദീപക് പി**
**കെ എൻ ഗണേശ്**
**കെ സുജിത്ത്കുമാർ**
എന്നിവരുടെ പഠനങ്ങൾ


₹260

# ചിന്തിക്കുന്ന യന്ത്രം

**നിർമ്മിത ബുദ്ധിയെക്കുറിച്ചുള്ള ആലോചനകൾ**

എഡിറ്റർ
**കെ എസ് രഞ്ജിത്**

തത്വചിന്തയുടെയും സാമൂഹിക ശാസ്ത്രങ്ങളുടെയും കമ്പ്യൂട്ടർ സയൻസിന്റെയും വ്യത്യസ്തമായ കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ട് നിർമ്മിത ബുദ്ധിയെന്ന പ്രതിഭാസത്തെ സമഗ്രമായി വിലയിരുത്തുന്ന ഈ പുസ്തകം.



# നിർമ്മിതബുദ്ധിയും ബോധജ്ഞാനവും

## എതിരൻ കതിരവൻ



**ബോ**ധജ്ഞാനം എന്താണെന്നുള്ളതിനു കൃത്യമായ പ്രായോഗിക, ന്യൂറോണൽ പരമായ നിർവ്വചനം ഇല്ല. ന്യൂറോൺ വലയങ്ങളുടെ പ്രവർത്തനങ്ങളാൽ വികാരങ്ങൾ ഉളവാകുന്നത് എങ്ങനെയെന്ന് വിവരണങ്ങൾ ഉണ്ടെന്നുള്ളത് സത്യമാണെങ്കിലും ന്യൂറോണുകളും ന്യൂറോണുകളും തമ്മിൽ ഘടിപ്പിക്കപ്പെടുമ്പോൾ അത് ബോധം എന്നുള്ളതായി രൂപാന്തരപ്പെടുന്നത് എങ്ങനെയെന്നുള്ളതിൽ ഒരു പൊതുതീർപ്പ് ശാസ്ത്രജ്ഞരുടെ പക്കൽ നിന്ന് ഉണ്ടായിട്ടില്ല. മനസ്സ് ശരീരത്തിൽ നിന്ന് വേർപെട്ടതാണോ? ബാഹ്യമായ ചോദനകൾ വഴിയല്ലെങ്കിലും തലച്ചോറ് പ്രവർത്തിക്കുന്നില്ലേ? കാഴ്ച നഷ്ടപ്പെട്ടവർക്കും മായാവിഭ്രമം വഴിയോ അല്ലാതെയോ വസ്തുക്കൾ കാണുന്നതായി അനുഭവപ്പെടുന്നുണ്ടല്ലോ? പരിസരങ്ങളുമായി ബന്ധം വേണമോ ബോധം ഉദിക്കാൻ? ഈ ചോദ്യങ്ങൾ പണ്ടേ തന്നെ വേദാന്തികളെ ആകർഷിച്ചിരുന്നു, അവർ ഇന്നും സിദ്ധാന്തങ്ങളുമായി എത്തുന്നുണ്ട്. എന്നാൽ ബോധജ്ഞാനസംബന്ധിയായ ആധുനിക ശാസ്ത്രവികാസപരിണാമങ്ങൾ, പ്രത്യേകിച്ചും ന്യൂറോ ശാസ്ത്രം, ന്യൂറോസർജറി, ന്യൂറോഎൻജിനീറിങ് എന്നിവ വേദാന്തികളുടെ ചാരുകസേരയിൽ നിന്ന് ഈ തത്വശാസ്ത്രത്തെ പരീക്ഷണശാലകളിലും ക്ലിനിക്കുകളിലും എത്തിച്ചിരിക്കയാണ്.

കമ്പ്യൂട്ടറുകൾക്ക് മനുഷ്യ മനസ്സിനെ അനുകരിക്കാമെന്നത് ബോധജ്ഞാനത്തെക്കുറിച്ച് ആഴത്തിലുള്ള ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. മനുഷ്യമസ്തിഷ്കത്തിനു സാധിക്കാത്തതു പലതും കമ്പ്യൂട്ടറുകൾ ചെയ്യുകയാണ്. എന്നാൽ പായസത്തിന്റെ രുചി അറിയാനോ ഒരു ആലിംഗനത്തിന്റെ നിർവൃതി അനുഭവപ്പെടാനോ അതിനു സാദ്ധ്യമാണോ? തൽക്കാലം അല്ല തന്നെ. ബുദ്ധി എന്താണെന്ന് ശാസ്ത്രനിപുണരിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിലും അതിന്റെ ചില പ്രായോഗികത തീർച്ചയായും പ്രകടിപ്പിക്കുന്നുണ്ട് ഈ ആധുനിക യന്ത്രങ്ങൾ. ശരിക്കും അതിബുദ്ധിയുള്ള യന്ത്രമാണെങ്കിൽ അതിനു ബോധജ്ഞാനമുളവാകാനും സാദ്ധ്യതയില്ലേ? ഉണ്ടെന്നുള്ള അനുമാനം ഹോളിവുഡ് സിനിമകളിൽ (ബ്ലേഡ് റണ്ണർ, ഹെർ, എക്സ് മാക്കിന മുതലായവ) നമ്മൾ കണ്ടനുഭവിച്ചതാണ്, ഇത്തരം ഭാവനകൾ യാഥാർഥ്യമാകുന്നുണ്ടെന്ന് ചരിത്രം ഉദ്ഘോഷിക്കുന്നുമുണ്ട്. മറ്റുള്ളവരുടെ മനോരീതികൾ നമ്മൾ മനസ്സിലാക്കിയെടുക്കുന്ന 'തിയറി ഓഫ് മൈൻഡ്' പ്രതിഭാസം ആധുനിക കമ്പ്യൂട്ടറുകൾ സ്വായത്തമാക്കിയിട്ടുണ്ട്. ബോധജ്ഞാനത്തെ അപഗ്രഥിക്കുന്ന രണ്ട് സിദ്ധാന്തങ്ങൾ നിലവിലുണ്ട്. Global neuronal workspace (GNW) theory, Integrated Information Theory (IIT) എന്നിവ. ഇവയിൽ ചില പൊതുഘടകങ്ങൾ വീക്ഷിക്കാമെങ്കിലും കൃത്യമായ പ്രയോഗസത്യം തിരിച്ചറിയാൻ പ്രയാസമുണ്ട്.

### കൃത്രിമ ന്യൂറൽ വലയങ്ങൾ (Artificial Neural Networks)

തലച്ചോറിലെ ന്യൂറോൺ -ന്യൂറോൺ ബന്ധപ്പെടലുകളാണ് വലയങ്ങൾ തീർത്ത് തലച്ചോറിന്റെ വിവിധപ്രവർത്തനങ്ങൾക്ക് ആധാരമാകുന്നത്. കൃത്രിമം ആണെങ്കിലും കമ്പ്യൂട്ടർ നിർമ്മിച്ചെടുക്കുന്ന ഏകകങ്ങൾക്ക് 'ന്യൂറോൺ' എന്നുതന്നെയാണ് പേര്. മസ്തിഷ്കവലയങ്ങൾ പോലെ ഇവ വലയങ്ങൾ തീർക്കുകയാണ്. വിവരങ്ങൾ പകർന്നുകിട്ടുന്ന (input) ന്യൂറോണുകളും അതിൽനിന്നും ഉത്പന്നമാകുന്ന (output) ന്യൂറോണുകളും തമ്മിൽ ഒരു അസ്ത്രചിഹ്നംകൊണ്ട് സൂചിപ്പിക്കാം. ഈ ബന്ധങ്ങളിൽ ഓരോന്നിനും ഓരോ നിശ്ചിത മാർഗ്ഗമുണ്ട് (Directed edges). കൂടാതെ നിശ്ചിത ഭാരവും (Weights). പലേ പട്ടണങ്ങളിൽ നിന്ന് മറ്റ് പട്ടണങ്ങളിലേക്കുള്ള വിമാനമാർഗ്ഗം സൂചിപ്പിക്കുന്ന വലക്കണ്ണി ഭൂപടം പോലെയാണിത്. യാത്രയ്ക്ക് ആവശ്യം വരുന്ന തുകയാണ് ആ മാർഗ്ഗത്തിന്റെ ഭാരം. ഇത് ന്യൂറോണുകൾ തമ്മിലുള്ള സംവേദനങ്ങളുടെ തീക്ഷ്ണതയ്ക്ക് സമാനമാണ്. കൃത്രിമ ന്യൂറൽ വലയങ്ങൾ ബാഹ്യലോകത്തിൽ നിന്ന് സംവേദനങ്ങൾ സ്വീകരിക്കുകയും (ഒരു പൂച്ചയുടെ ചിത്രം സ്കാൻ ചെയ്യത് അല്ലെങ്കിൽ ഒരു പ്രത്യേക പാറ്റേൺ കമ്പ്യൂട്ടറിൽ ചേർക്കുക) ഒരോ ന്യൂറോൺ ബന്ധങ്ങളും അവയുടെ ഭാരം അനുസരിച്ച് മറ്റ് ഉത്പന്ന ന്യൂറോണുകളിൽ വിവരം കൈമാറുകയും അവ ഒരു അറിവ് വെളിവാക്കുകയും (ഇത് പൂച്ചയുടെ ചിത്രമാണ് എന്ന്) ചെയ്യുകയാണ്. ഈ രണ്ട് സംഘങ്ങളും അടരുകളായാണ് സംവിധാനം ചെയ്യിരിക്കുന്നത്, അതുകൊണ്ട് സങ്കീർണ്ണവുമാണ്. ഇവയ്ക്ക് രണ്ടിനും ഇടയിൽ മറയ്ക്കപ്പെട്ട അടരുകളുമുണ്ട് (hidden layers). ഈ അടര് input ഉം output ഉം തമ്മിൽ ബന്ധിപ്പിക്കുകയാണ്. ഇത് പഠിച്ചെടുക്കൽ പ്രക്രിയുടെ അടിസ്ഥാനമാണ്. എന്നുവെച്ചാൽ പിന്നെ പൂച്ചയുടെ ആകൃതി എവിടെ കണ്ടാലും തിരിച്ചറിയാൻ പ്രാപ്തി നേടുകയാണ്.

സാധാരണ കൃത്രിമ ന്യൂറൽ വലയങ്ങളിൽ ഇൻപുട്ടിൽ നിന്ന് ഔട്ട്പുട്ടിലേക്ക് ഒരു ദിശയിൽ മാത്രമാണ് സംവേദനം. പക്ഷേ, ഇപ്പോൾ മുൻപോട്ടും പിറകോട്ടും ഇത് സാധിച്ചെടുക്കുന്ന സമ്പ്രദായം വന്നുചേർന്നിട്ടുണ്ട്. 'പുനരാവർത്തിയായ ന്യൂറൽ വലയങ്ങൾ (Recurrent Neural Network, RNN)' എന്നാണിതിന്റെ പേര്. ●

ജീവിതം

# ഞങ്ങൾക്ക് വേണ്ടത് ഷീൽഡുകളും പൊന്നാടകളുമല്ല

**ധനൂജകുമാരി എസ്**




₹230

**"ചെങ്കൽ ചൂളയുടെ ചരിത്രം എന്നത് ഒരു ചേരിയുടെ ചരിത്രം മാത്രമല്ല പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ ചരിത്രം കൂടിയാണ്"**



**ഏതെങ്കിലും നിലയിൽ ചെങ്കൽച്ചൂളക്കാർ കഴിവ് തെളിയിക്കുമ്പോൾ ഒരു പൊന്നാടയോ ഒരു ഷീൽഡോ തന്നു പലരും അനുമോദിക്കാറുണ്ട്. അങ്ങനെ അനുമോദിക്കുന്നത് നല്ല കാര്യം തന്നെയാണ്. അതിനെ ഒരിക്കലും തിരസ്കരിക്കുകയോ തള്ളിപ്പറയുക അല്ല ചെയ്യുന്നത്. പക്ഷേ അത്തരം ഒരു ആദരവിനപ്പുറത്ത് മുൻപോട്ടുള്ള വലിയ സാധ്യതകളിലേക്ക് പോകാനുള്ള സാഹചര്യങ്ങളാണ് ചെങ്കൽ ചൂളക്കാർക്ക് വേണ്ടത്.**

### എഴുത്തിന്റെ വഴിയിലേക്ക്

2013 ലാണ് ചെങ്കൽ ചൂളയിലെ എന്റെ ജീവിതത്തെ രേഖപ്പെടുത്തുന്ന പുസ്തകത്തെക്കുറിച്ച് ആലോചിക്കുന്നത്. അതിനു മുൻപ് പല കാലങ്ങളിൽ പല സമയങ്ങളിൽ ചെറിയ ചെറിയ കുറിപ്പുകൾ ഒക്കെ ഞാൻ എഴുതി വയ്ക്കുമായിരുന്നു. എഴുതാൻ പറ്റിയതോ എഴുതുന്നവ കൃത്യമായി സൂക്ഷിച്ചു വെക്കാൻ പറ്റുന്നതോ ആയ സ്ഥലങ്ങളോ സാഹചര്യങ്ങളോ ഉണ്ടായിരുന്നില്ല. ഇങ്ങനെ ചെറിയ ചെറിയ കുറിപ്പുകൾ എഴുതാൻ എന്നെ ശീലിപ്പിച്ചത് എന്റെ സ്കൂൾ കാലഘട്ടമാണ്. കൊല്ലത്തെ ഒരു കോൺവെന്റ് സ്കൂളിലാണ് ഞാൻ പഠിച്ചത്. അവിടുത്തെ സിസ്റ്റർമാർ കുട്ടികളെ നല്ല നല്ല കാര്യങ്ങൾ പറഞ്ഞു പഠിപ്പിക്കുന്നതിൽ നല്ല ജാഗ്രത പുലർത്തിയിരുന്നു. അച്ചടക്കത്തിന് പേര് കേട്ട ആ സ്കൂളിലെ കോൺവെന്റിലെ ശീലങ്ങളാണ് എന്റെ ജീവിതത്തിൽ പിന്നീട് എനിക്ക് ഉപകാരപ്പെട്ടത്. ഓരോ ദിവസവും ചെയ്ത കാര്യങ്ങൾ ബുക്കിൽ എഴുതി വയ്ക്കണമെന്ന് അവിടുത്തെ സിസ്റ്റർമാർ ഓരോ കുട്ടിയുടെയും അടുത്ത് നിർദ്ദേശം നൽകിയിരുന്നു. അടുത്തദിവസം പരിശോധിച്ച് കാര്യങ്ങൾ തീരുമാനമാക്കും. അങ്ങനെ ചിട്ടയായ ഒരു ക്രമം ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. അങ്ങനെ പല സന്ദർഭങ്ങളിലായി ചേരിയെക്കുറിച്ച് ഇവിടുത്തെ മനുഷ്യരെ കുറിച്ച് ചെറിയ ചെറിയ കുറിപ്പുകൾ ഞാൻ എഴുതിവെച്ചിരുന്നു. ആ ഒരു സമയത്താണ് പി പി സത്യൻ എന്ന് പറയുന്ന എഴുത്തുകാരനെ ഇവിടെ വച്ച് കണ്ടുമുട്ടുന്നത്. ചേരികളെ കുറിച്ച് അന്വേഷണങ്ങൾ നടത്തുന്നതിനായി അദ്ദേഹം മറ്റുള്ളവരോടൊപ്പം ഇവിടെ എത്തിയതായിരുന്നു. അവരോട് ഞാൻ കുറെ നേരം സംസാരിക്കുകയുണ്ടായി. അപ്പോഴാണ് ഞാൻ എന്റെ പരാതി ഉന്നയിച്ചത്. പലതരം പഠനങ്ങൾക്കായി പലതരം സംഘടനകളും വിദ്യാർത്ഥി സംഘങ്ങളും ഒക്കെ ഈ ചൂളയിൽ എത്താറുണ്ട്. അവർ അവരുടെ ആവശ്യം കഴിഞ്ഞിട്ട് പോവുകയാണ് ചെയ്യാറ്. അതുകൊണ്ട് ഞങ്ങളുടെ ജീവിതത്തിൽ പ്രത്യേകിച്ച് മാറ്റങ്ങൾ ഒന്നും ഉണ്ടാവുന്നില്ല. സത്യൻ ചേട്ടനോട് ഇങ്ങനെ പരാതി പറഞ്ഞപ്പോഴാണ് അദ്ദേഹം ഇതെല്ലാം ചേർത്ത് ഒരു പുസ്തകം എഴുതുക എന്ന ആവശ്യം എന്റെ മുമ്പിൽവെച്ചത്. കാരണം നമ്മളൊക്കെ മരിച്ചു പോയാലും അതിനുശേഷവും പുസ്തകം ഇവിടെ നിലനിൽക്കും. ആ പുസ്തകത്തെ ഓർത്ത് വയ്ക്കുവാൻ ഒരു പത്തു പേരെങ്കിലും ഉണ്ടാകുമെന്നു സത്യൻ ചേട്ടൻ പറഞ്ഞു. അങ്ങനെയാണ് ചെങ്കൽ ചൂളയിലെ എന്റെ ജീവിതം എന്ന പുസ്തകത്തിന്റെ നിർമ്മാണത്തിലേക്ക് ഞാൻ എത്തുന്നത്.

### പുസ്തകം തന്ന സന്തോഷങ്ങൾ

ചെങ്കൽച്ചൂളയിലെ എന്റെ ജീവിതം എന്ന പുസ്തകം ഇറങ്ങിയിട്ട് 10 വർഷം ആകുന്നു. ഒരുപാട് ആളുകളിലേക്ക് പുസ്തകം എത്തി എന്നുള്ളത് എന്നെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമാണ്, അഭിമാനവും ആണ്. ചെങ്കൽച്ചൂള പോലൊരു സ്ഥലത്ത് ജീവിച്ചുവളർന്ന എന്നെപ്പോലെ ഒരാൾക്ക് ഒരു പുസ്തകത്തിലൂടെ അറിയപ്പെടാൻ കഴിഞ്ഞു എന്നുള്ളതിൽ പരം വലിയ ഭാഗ്യമെന്താണ് ഉള്ളത്. എല്ലാം ദൈവത്തിന്റെ അനുഗ്രഹമായിട്ടാണ് ഞാൻ കാണുന്നത്. ഈ കഴിഞ്ഞ കാലയളവിനുള്ളിൽ ഒരുപാട് ആളുകൾ പുസ്തകം വായിച്ചറിഞ്ഞിട്ട് എന്നെ വിളിച്ച് സംസാരിക്കുകയുണ്ടായി. ലണ്ടനിൽ നിന്ന് പോലും ആളുകൾ വിളിച്ചു പുസ്തകത്തിന്റെ കോപ്പി കിട്ടുമോ എന്ന് ചോദിച്ചു. നമുക്ക് അപരിചിതരായ ഒരുപാട് പേരാണ് പുസ്തകം വായിച്ചിട്ട് നല്ല നല്ല അഭിപ്രായങ്ങൾ പറഞ്ഞത്. അതൊക്കെയും ഉള്ളിൽ ഉണ്ട്. ഈ സന്തോഷങ്ങളൊക്കെയും ഈ പുസ്തകം തന്നതാണ് എന്നുള്ളതാണ് വാസ്തവം.

### ചേരി / കോളനി പൊതുബോധം

ചേരികളെക്കുറിച്ചും കോളനികളെ കുറിച്ചും മലയാളികളുടെ ബോധം എന്നു പറയുന്നത് പലപ്പോഴും പ്രാകൃതമാണ്. കോളനിക്കാരെ ഭയത്തോടെ നോക്കുന്ന രീതിയിലാണ് സിനിമകളൊക്കെയും ആവിഷ്കരിച്ചു വെച്ചിട്ടുള്ളത്. ഞാനീ ചെങ്കൽച്ചൂളിലാണ് ജനിച്ചുവളർന്നത്. ഇപ്പോൾ 49 വയസ്സ് ആയി. ഞങ്ങടെ മുമ്പിലുള്ള തലമുറകൾ കേൾക്കേണ്ടിവന്ന അധിക്ഷേപങ്ങൾ ഒക്കെയും ഞങ്ങളും കേൾക്കേണ്ടി വരുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ ഞങ്ങൾ ഞങ്ങളുടെ ജീവിതവുമായി മുന്നോട്ടു പോവുകയാണ്. അത് മറ്റുള്ളവർ വിചാരിക്കുന്നത് പോലെ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങ



"പുതിയ പുസ്തകത്തിന്റെ ജോലികൾ നടന്നു വരുന്നു. ചെങ്കൽച്ചൂളയിലെ എന്റെ ജീവിതം എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെ പോയ കുറച്ച് അധികം കാര്യങ്ങളുണ്ട്. അവയെല്ലാം ക്രോഡീകരിച്ചുകൊണ്ടാണ് പുതിയ പുസ്തകം തയ്യാറാക്കുന്നത്. ഇവിടെ ആരാലും അറിയപ്പെടാതെ കിടക്കുന്ന അനവധി അനവധി പ്രതിഭകൾ ഉണ്ട്. കലാകാരന്മാർ ഉണ്ട്. അവരെയൊക്കെയും അടയാളപ്പെടുത്തി വയ്ക്കണമെന്നുള്ള വലിയൊരു ആഗ്രഹം എന്റെ മനസ്സിലുണ്ട്. അതിന്റെ ഭാഗമായിട്ടാണ് പുതിയ ഒരു പുസ്തകം ചെയ്യുന്നത്. ഒരുതരത്തിൽ അത് ചെങ്കൽച്ചൂളിലെ എന്റെ ജീവിതം എന്ന പുസ്തകത്തിന്റെ രണ്ടാം ഭാഗമാണ് എന്ന് വേണമെങ്കിൽ പറയാം."

ളോ പ്രതിസന്ധികളോ ഉള്ളതല്ല. നിരന്തരമായ സംഘർഷങ്ങൾ നടക്കുന്ന ഒരിടവും അല്ല. പരസ്പരം സ്നേഹിക്കുന്ന നല്ല അടുപ്പമുള്ള നല്ല സൗഹൃദങ്ങൾ ഉള്ള എല്ലാവരും തമ്മിൽ സ്നേഹിക്കുന്ന പലതരം ആളുകൾ ചേർന്ന് ജീവിക്കുന്ന ഒരു സ്ഥലമാണ് ചെങ്കൽച്ചൂള ഞങ്ങളുടെയൊക്കെ ആത്മാവിൽ പതിഞ്ഞു കിടക്കുന്ന ഒരു സ്ഥലം തന്നെയാണ് ഈ ചൂള.

**ഇന്ദുഗോപനുമായുള്ള കൂടിക്കാഴ്ച**

ഹരിത കർമ്മ സേനയിലാണ് ഞാൻ ജോലി ചെയ്യുന്നത്, ജോലിയുടെ ഭാഗമായി പല വീടുകളിലും കയറിയിറങ്ങാറുണ്ട്. അങ്ങനെ ഒരു വീട്ടിൽ ചെന്നപ്പോൾ വളരെ പ്രത്യേകതകളുള്ള ഒരു വീട് കണ്ടു. ആ വീട്ടിലെ ഗൃഹനാഥനെ കണ്ടപ്പോൾ ഈ ആളെ ഞാൻ എവിടെയോ കണ്ടിട്ടുണ്ടല്ലോ നല്ല പരിചയം ഉണ്ടല്ലോ എന്ന് എനിക്ക് തോന്നി. അവിടെവച്ച് ഞാൻ അദ്ദേഹത്തോട് സംസാരിച്ചു. സാറിനെ നല്ല മുഖപരിചയം തോന്നുന്നുണ്ട് എന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു ഞാൻ ഇന്ദുഗോപനാണ് കഥകളും നോവലുകളും ഒക്കെ എഴുതുന്ന ഒരു വ്യക്തിയാണ് എന്ന് പറഞ്ഞു. ധനുജകുമാരി അല്ലേ എന്ന് അദ്ദേഹം എന്നെ അഭിസംബോധന ചെയ്തു. തികച്ചും അപ്രതീക്ഷിതമായ ആ ചോദ്യം കേട്ട് ഞാൻ ഞെട്ടിപ്പോയി. കാരണം എന്നെപ്പോലൊരാളെ അദ്ദേഹത്തെ പോലെ ഒരു വലിയ എഴുത്തുകാരൻ എങ്ങനെ അറിയാനാണ് എന്താണ് അതിന്റെ കാരണം എന്ന് പോലും എനിക്കറിയില്ല. അപ്പോഴാണ് അദ്ദേഹം പറയുന്നത് ധനുജകുമാരിയുടെ ചെങ്കൽച്ചൂളയിലെ എന്റെ ജീവിതം എന്ന പുസ്തകം വായിച്ചിട്ടുണ്ട് എന്ന്. ഷാജികൈലാസ് കാപ്പ എന്ന സിനിമ സംവിധാനം ചെയ്യുന്നത് എന്റെ ശംഖുമുഖി എന്ന നോവലിനെ അടിസ്ഥാനമാക്കിയാണ്. തിരുവനന്തപുരം നഗരത്തിലെ ചേരികളെ കുറിച്ച് കോളനികളെ കുറിച്ച് കൂടുതൽ അറിവുകൾ വേണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഞാൻ നടത്തിയ അന്വേഷണങ്ങൾക്കിടയിൽ ധനുജകുമാരിയുടെ പുസ്തകം ലഭിച്ചു. അങ്ങനെ അതിൽ നിന്ന് കുറെയധികം അറിവുകൾ ലഭിക്കുകയുണ്ടായിയെന്നും അദ്ദേഹം പറഞ്ഞപ്പോൾ അത്രയേറെ അഭിമാനവും സന്തോഷവുമാണ് തോന്നിയത്. അദ്ദേഹത്തെപ്പോലെയുള്ള വലിയ എഴുത്തുകാരൊക്കെ നമ്മളെപ്പോലുള്ളവരുടെ പുസ്തകങ്ങളും വായിച്ചല്ലോ എന്നുള്ളതിന്റെ ആഹ്ലാദവും ഉള്ളിൽ ഉണ്ടായിരുന്നു

**ഞങ്ങൾക്ക് വേണ്ടത് ഷീൽഡുകളും പൊന്നാടകളുമല്ല**

ചെങ്കൽ ചൂളയിലെ ജീവിതത്തെക്കുറിച്ച് പുസ്തകം എഴുതിയത് കൊണ്ട് ഞാൻ ഇന്ന് കുറച്ചു പേർക്കെങ്കിലും പേർക്ക് ഇടയിൽ എങ്കിലും അറിയപ്പെടുന്നുണ്ട്. പക്ഷേ ഒരുപാട് കഴിവുകളുള്ള ധാരാളം കലാകാരന്മാർ ചെങ്കൽച്ചൂളയിൽ ഉണ്ട്. പലതരം ജോലികളിൽ മികവ് പുലർത്തുന്ന അനേകം പേർ ഈ ചൂളയിലുണ്ട്. അവർക്കൊക്കെയും മികച്ച ഒരു ഇടം ലഭിക്കുന്നില്ല എന്നതാണ് എനിക്ക് പറയാനുള്ളത്. ഇവിടുത്തെ കുട്ടികൾ, ഇന്ത്യയിൽ മുഴുവൻ ട്രെൻഡ് ആയ ഒരു വീഡിയോ ചെയ്തത് നിങ്ങൾ കണ്ടു കാണുമല്ലോ. അയൻ സിനിമയിലെ ചില രംഗങ്ങൾ ചെയ്ത കുട്ടികൾ സോഷ്യൽ മീഡിയയിൽ വലിയ ട്രെൻഡ് ആയി മാറി. പക്ഷേ അങ്ങനെ ചെയ്തത് കൊണ്ട് അവരെക്കുറിച്ച് പുറംലോകം അറിഞ്ഞു. പക്ഷേ അതിനപ്പുറത്തേക്ക് അവർക്ക് വളരാനുള്ള സാധ്യതകൾ ഒന്നും തന്നെ ലഭിച്ചില്ല. കുറെയധികം അഭിനന്ദനങ്ങൾ ചെറിയ ചെറിയ സമ്മാനങ്ങൾ കിട്ടി. അതിനപ്പുറത്തേക്ക് കൂടുതൽ മെച്ചപ്പെട്ട പ്രകടനങ്ങൾ നടത്തുവാനും മെച്ചപ്പെട്ട തൊഴിലുകൾ ലഭിക്കുവാനും പറ്റുന്ന സാഹചര്യങ്ങൾ ഇവിടെയുള്ളവർക്ക് കിട്ടാറില്ല എന്നതാണ് വാസ്തവം. ചെങ്കൽ ചൂളയുടെ പേരിൽ തന്നെ ആളുകൾ മാറ്റി നിർത്തപ്പെടുന്നുണ്ട് എന്ന കാര്യം ഒട്ടും പറയാതിരിക്കാൻ വയ്യ .ഏതെങ്കിലും നിലയിൽ കഴിവ് തെളിയിക്കുമ്പോൾ ഒരു പൊന്നാടയോ ഒരു ഷീൽടോ തന്നു പലരും അനുമോദിക്കാറുണ്ട്. അങ്ങനെ അനുമോദിക്കുന്നത് നല്ല കാര്യം തന്നെയാണ്. അതിനെ ഒരിക്കലും തിരസ്കരിക്കുകയോ തള്ളിപ്പറയുകയോ അല്ല ചെയ്യുന്നത്. പക്ഷേ അത്തരം ഒരു ആദരവിനപ്പുറത്ത് മുൻപോട്ട് വലിയ സാധ്യതകളിലേക്ക് പോകാനുള്ള സാഹചര്യങ്ങളാണ് ചെങ്കൽ ചൂളക്കാർക്ക് വേണ്ടത്. മോശക്കാരായ ആളുകളല്ല ഇവിടെയുള്ളത്. പലനിലകളിൽ പലതരം കഴിവുകൾ ഉള്ള വ്യക്തികൾ തന്നെയാണ്. സമൂഹത്തിന്റെ പിന്നാമ്പുറത്തു നിൽക്കുന്ന ആളുകൾക്ക് മറ്റുള്ളവർ കൈ കൊടുക്കേണ്ടതുണ്ട് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ കോളനിയിലുള്ളവർക്ക് കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങളും തൊഴിലിടങ്ങളും ലഭിക്കേണ്ടതുണ്ട് എന്ന് തന്നെയാണ് ഞാൻ ഉറച്ചു വിശ്വസിക്കുന്നത് അതുകൊണ്ടുതന്നെ അത്തരം ആവശ്യങ്ങളെക്കുറിച്ച് എനിക്ക് പറയുവാൻ കഴിയുന്ന എല്ലാ വേദികളിലും ഞാൻ പറയുക തന്നെ ചെയ്യും.

**പുതിയ പുസ്തകത്തിന്റെ ജോലികൾ**

പുതിയ പുസ്തകത്തിന്റെ ജോലികൾ നടന്നു വരുന്നു. ചെങ്കൽച്ചൂളയിലെ എന്റെ ജീവിതം എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെ പോയ കുറച്ച് അധികം കാര്യങ്ങളുണ്ട്. അവയെല്ലാം ക്രോഡീകരിച്ചുകൊണ്ടാണ് പുതിയ പുസ്തകം തയ്യാറാക്കുന്നത്. ഇവിടെ ആരാലും അറിയപ്പെടാതെ കിടക്കുന്ന അനവധി അനവധി പ്രതിഭകൾ ഉണ്ട്. കലാകാരന്മാർ ഉണ്ട്. അവരെയൊക്കെയും അടയാളപ്പെടുത്തി വയ്ക്കണമെന്നുള്ള വലിയൊരു ആഗ്രഹം എന്റെ മനസ്സിലുണ്ട്. അതിന്റെ ഭാഗമായിട്ടാണ് പുതിയ ഒരു പുസ്തകം ചെയ്യുന്നത്. ഒരുതരത്തിൽ അത് ചെങ്കൽച്ചൂളിലെ എന്റെ ജീവിതം എന്ന പുസ്തകത്തിന്റെ രണ്ടാം ഭാഗമാണ് എന്ന് വേണമെങ്കിൽ പറയാം. ചെങ്കൽ ചൂളയുടെ ചരിത്രം എന്നു പറയുന്നത് ആ ചേരിയുടെ കോളനിയുടെ മാത്രം ചരിത്രമല്ല മറിച്ച് അത് തിരുവനന്തപുരം നഗരത്തിന്റെ ഭരണകൂടത്തിന്റെ ഇവിടത്തെ സാധാരണ മനുഷ്യരുടെ പലതരക്കാരായ മനുഷ്യ ജീവിതങ്ങളുടെ ഒക്കെ രേഖകൾ കൂടിയാണ്. ●

(തയ്യാറാക്കിയത് അനിൽ)

# കടലോളം നീളുന്ന അനുഭവങ്ങൾ

## ക്യാപ്റ്റൻ ഗോവിന്ദൻ

**എ**ന്റെ അനുഭവ പരിസരങ്ങളിൽ നിന്നുമാണ് എന്റെ എഴുത്തുകൾ ഉണ്ടാകുന്നത്. എന്തെങ്കിലും എഴുതാം എന്ന് വിചാരിച്ച് ബോധപൂർവ്വം ചെയ്ത ഒരു ഗ്രന്ഥമല്ല ഒരു കപ്പൽപ്പാടകലെ. എനിക്ക് എഴുതിയെ പറ്റൂ എന്ന് ഒരു ഉൾവിളിയിൽ നിന്നാണ് പുസ്തകം എഴുതി തയ്യാറാക്കുന്നത്. പുസ്തകമാകുനതിന് മുമ്പ് അത് കുറിപ്പുകളുടെ രൂപത്തിലാണ് എഴുതിയത് മാധ്യമം ആഴ്ചപതിപ്പിലെ ബിജുരാജ് മാഷ് വഴിയാണ് അത് വീക്കിലിയിൽ സീരിയലൈസ് ചെയ്യുന്നത് പിന്നീട് അത് ചിന്തയിലെത്തുകയും പുസ്തകമാവുകയും ചെയ്തു. ഒരുപക്ഷേ കടൽ അനുഭവങ്ങൾ എഴുതിയില്ലെങ്കിൽ ഞാൻ വേറെ എന്തെങ്കിലും ആയി പോകുമായിരുന്നു. കടൽ ചൊരുക്ക് എന്ന ആദ്യ കഥ സമാഹാരം മുതൽ പിന്നീട് ഇങ്ങോട്ട് ഞാൻ ജീവിച്ചു വന്ന ജീവിതമൊക്കെ ഒന്ന് രേഖപ്പെടുത്തി വയ്ക്കണമെന്ന് ഉണ്ടായിരുന്നു. അങ്ങനെയാണ് ഒരു കപ്പൽപ്പാടകലെയുടെ പിറവി. കടലിൽ പോകുന്ന, കപ്പലിൽപോകുന്ന ഒരു ക്യാപ്റ്റൻ എന്ന് കേൾക്കുമ്പോൾ ആളുകൾ ആദ്യം വിചാരിക്കുന്നത് ഒരു പ്രിവിലേജ്ഡ് ആയ വലിയ വ്യക്തിത്വത്തെ, രൂപത്തെ ആയിരിക്കും. എന്നാൽ ഞാൻ ക്യാപ്റ്റൻ ആകുന്നതിനുമുമ്പ് പലതരം ജോലികൾ ചെയ്തിട്ടുണ്ട്. പല പല അവസ്ഥകളിലൂടെ ഒക്കെ കടന്നു വന്ന ഒരു മനുഷ്യനുണ്ട്. അവസാനം ക്യാപ്റ്റൻ എന്ന കസേര വരെ എത്തുമ്പോൾ ജീവിതം വളരെ സുഖകരമാണ് എന്ന് വിചാരിക്കുവാൻ പറ്റുമോ ? എന്നാൽ അത് അത്ര സുഖകരമായ ഒന്നായിരുന്നില്ല. പലപ്പോഴും തീരുമാനങ്ങൾ ഒറ്റയ്ക്ക് എടുക്കേണ്ടത് ഉണ്ടായിരുന്നു. ആരോടും ചോദിക്കാനും പറയാനുണ്ടായിരുന്നില്ല. എടുക്കുന്ന തീരുമാനങ്ങൾ ഉചിതമാവുകയും വേണം. ഭൂതകാലത്തിലേക്ക് നോക്കുമ്പോൾ അത്ഭുതമാണ്. വീടില്ല ഭാര്യയില്ല കുട്ടികളില്ല കുടുംബമില്ല.. ഒറ്റപ്പെട്ട ജീവിതം. ആ ഒരു ഘട്ടത്തിലാണ് കടൽ അനുഭവങ്ങൾ എഴുതുന്നത്. 2006 ലാണ് ഞാൻ കടലിൽ എത്തുന്നത്. അനേകം കാഴ്ചകൾ കണ്ടു. പല തരക്കാരായ അനേകം മനുഷ്യരെ കണ്ടു.

കടൽ നമ്മൾ കരയിൽ നിന്നും കാണുന്ന ഒന്നേയല്ല. ഇപ്പോൾ കടലിനെക്കുറിച്ച് പുതിയ പിള്ളേർ ധാരാളം റീലുകൾ ചെയ്യുന്നത് കാണാം. അതൊക്കെ അങ്ങേയറ്റമുള്ള തീരെ ചെറിയ കാഴ്ച മാത്രമാണ്. ഇത്തരം കാഴ്ചകൾക്കപ്പുറത്ത് വലിയൊരു കടലുണ്ട് അതൊരുപക്ഷേ എല്ലാവർക്കും മനസ്സിലായി കൊള്ളണമെന്നില്ല. എന്റെ പ്രതിസന്ധികളുടെ ഏകാന്തതകളുടെ ഒരു ഘട്ടത്തിലാണ് ഒരു കപ്പൽ പ്പാടകലെ എന്ന ഗ്രന്ഥം എഴുതിയത്. അതൊരു പക്ഷേ എന്റെ നിലനിൽപ്പിന്റെ ആവശ്യകതയും കൂടിയായിരുന്നു ആരോടെങ്കിലും ഒക്കെ എന്റെ അനുഭവങ്ങൾ പറഞ്ഞേ മതിയാകുമായിരുന്നുള്ളൂ. ഇതൊക്കെയൊന്ന് ഷെയർ ചെയ്തില്ലെങ്കിൽ വല്ലാതെ തകർന്നു പോകും എന്നൊരു അവസ്ഥയും കൂടി എനിക്ക് ഉണ്ടായിരുന്നു. ഒരു സന്ദർഭത്തിലാണ് ഇത്തരമൊരു കുറിപ്പുകൾ എഴുതി തുടങ്ങുന്നത്. അനേകം പേർ പ്രോത്സാഹിപ്പിച്ചിട്ടുണ്ട് പിന്തുണച്ചിട്ടുണ്ട്. അതിൽ ഏറെ സന്തോഷമാണ് ഉള്ളത്. ●








# പി വത്സലയുടെ രചനാലോകം




"ചിന്തയുടെ ലോകത്ത് സാമൂഹിക ശാസ്ത്രജ്ഞർക്ക് മുൻപേ പറക്കുന്ന പക്ഷികളാകാൻ സർഗാത്മക സാഹിത്യകാരന്മാർക്ക് സാധിക്കുമെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് വത്സല ടീച്ചറുടെ കൃതികൾ."





ചിത്രലേഖ




വേറിട്ടൊരു അമേരിക്ക




ചാവേർ





വിലാപം




ഉണിക്കോരൻ ചതോപാദ്ധ്യായ




റോസ്മേരിയുടെ ആകാശങ്ങൾ




ഹോം സ്റ്റേ




തകർച്ച

# ഭൂപടത്തിൽ നിന്നും ഭൂതലത്തിലേക്കു പതിച്ച പെൺകുട്ടി

ഡോ. മഞ്ജു കെ

> സ്ത്രീയെന്ന നിലയിൽ ഇന്ത്യയ്ക്കകത്തെ ജാതീയവും ലിംഗപരവുമായ അസമത്വങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടുള്ളവയായിരുന്ന വത്സലയുടെ രചനകൾ. ഉൾക്കൊള്ളൽ രാഷ്ട്രീയം ഉയർത്തിയ ഉപസംസ്കാരനിർമ്മിതിയുടെ ഭാഗമായിരുന്ന പി വത്സലയുടെ നോവലുകൾ.



**സ**മതലങ്ങളുടെ കഥകളാണ് മലയാള നോവൽ സാഹിത്യത്തിൽ പൊതുവെ കണ്ടിരുന്നത്. മലനിരകൾ, കാട്, തീരപ്രദേശം, മരുഭൂമി എന്നിവയും അവിടുത്തെ ജീവിതവും മലയാളസാഹിത്യത്തിന് പരിചിതമായിരുന്നില്ല. മലയാളിക്ക് ഏറെക്കുറെ അപരിചിതമായ ദേശത്തെ സ്ത്രീ കണ്ടതിന്റെ വ്യത്യസ്തതകളാണ് പി വത്സലയുടെ നോവലുകൾ. നെല്ല്, ആഗ്നേയം, കൂമൻകൊല്ലി എന്നിവയിൽ ദേശത്തെ അവതരിപ്പിച്ചതിന്റെ വൈവിധ്യം നമ്മൾ അനുഭവിച്ചറിഞ്ഞതാണ്.


ദേശസങ്കല്പത്തെ ക്രിയാത്മകമായി ഉപയോഗിച്ച എഴുത്തുകാരിയാണ് പി വത്സല.

ആധുനികതയുടെ ദേശപരമായ സവിശേഷത അവ സമതലങ്ങളിലൂന്നിയാണ് ആഖ്യാനം നിർവഹിച്ചത് എന്നതാണ്. സമതല മനുഷ്യരുടെ ജീവിതത്തിലെ ഏറ്റക്കുറച്ചിലുകളാണ് ആധുനികതയുടെ സന്ദർഭത്തിലെ നോവലുകളിൽ ഉടനീളം വന്നുകൊണ്ടിരുന്നത്. എം. ടിയുടേതടക്കം മലയാളം ആഘോഷിച്ച പല നോവലുകളും അത്തരത്തിലുള്ളവയായിരുന്നു. അത്തരമൊരു സന്ദർഭത്തിലാണ് നെല്ല്, ആഗ്നേയം, കൂമൻകൊല്ലി തുടങ്ങിയ നോവലുകൾ വത്സല അവതരി

പ്പിക്കുന്നത്. ഇവിടെ ദേശത്തിന്റെ തെരഞ്ഞെടുപ്പ് എന്നത് പ്രാഥമിക തലത്തിൽതന്നെ എഴുത്തുകാരിയുടെ വിമർശാവബോധത്തെ വെളിപ്പെടുത്തുന്നു. മലബാർ സമരചരിത്രത്തെ അവതരിപ്പിച്ച വിലാപവും മലബാറിലെ ജന്മിത്തം, രാഷ്ട്രീയാടിമത്തം എന്നിവയിൽ നിന്നുള്ള വിടുതൽ അവതരിപ്പിച്ച ചാവേറും സ്ത്രീജീവിതത്തിന്റെ സംഘർഷങ്ങളും ഒറ്റപ്പെടലും പ്രതിരോധവും അവതരിപ്പിച്ച റോസ്മേരിയുടെ ആകാശങ്ങൾ, തകർച്ച, നിഴലുറങ്ങുന്ന വഴികൾ എന്നിവയും ആധുനിക നോവലിൽ തന്റേതായ രീതിയിൽ ഇടപെട്ട എഴുത്തുകാരിയുടെ അടയാളപ്പെടുത്തലുകളായിരുന്നു. തൊഴിൽ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ പാളയം അനവധി വിവാദങ്ങൾക്ക് തിരി തെളിച്ച നോവലാണ്. ചുരുക്കത്തിൽ ആധുനിക എഴുത്തുകാരന്മാർക്ക് സമാന്തരമായി നീങ്ങിക്കൊണ്ടിരുന്ന എഴുത്തുകാരികളുടെ ഉപസംസ്കാരത്തിലെ ഇടമായിരുന്നു വത്സല നോവലുകളിലൂടെ തീർത്തത്.

അമ്പതോളം വർഷങ്ങൾക്ക മുൻപ് ഇന്ത്യ സ്വാതന്ത്ര്യംനേടി കഴിഞ്ഞപ്പോൾ ഗാന്ധിയൻ ആദർശങ്ങൾ പ്രവർത്തികമാക്കാൻ കഴിയാത്ത ദൈനംദിനത്തെ അഭിമുഖീകരിക്കേണ്ടിവന്ന ദേശചരിത്രമാണ് ചിത്രലേഖയിൽ കാണുന്നത്. അങ്ങേയറ്റം ദരിദ്രമായ അനാരോഗ്യകരമായ ഗ്രാമീണ ചുറ്റുപാടിനെയാണ് ചിത്രലേഖ തന്റെ കർമ്മമണ്ഡലമായി തിരഞ്ഞെടുത്തത്. അവൾ അകാലത്തിൽ മരിച്ച പോകുന്നു. സേവനത്തിലൂടെ ഇന്ത്യയിലെ ഏറ്റവും ദാരിദ്രരായ മനുഷ്യരോടൊപ്പം നിൽക്കുക എന്ന ദൗത്യം ചിത്രലേഖ നിറവേറ്റി. അതിനവൾക്ക് ശക്തി നൽകിയത് എല്ലാ ഇന്ത്യക്കാരും സഹോദരീസഹോദരന്മാരാണ് എന്ന ഇന്ത്യൻ ദേശീയത ഉൾക്കൊണ്ടിരുന്ന സാഹോദര്യ ഭാവനയും നാനാത്വത്തിൽ ഏകത്വം എന്ന പഠനാനുഭവവും ആയിരിക്കാം. ചിത്രലേഖയുടെ അടുത്ത തലമുറയെയാണ് രണ്ടാം ഭാഗത്ത് അവതരിപ്പിക്കുന്നത്.

നമ്മൾ ചേർത്തുപിടിക്കുന്ന പല ആദർശങ്ങളും പരാജയപ്പെടുന്ന ദൈനംദിന ഇടമായി ജീവിതത്തെ അവതരിപ്പിക്കുന്നു. സ്ത്രീ കാണുന്ന ദേശം എന്നത് വ്യത്യസ്തമാണ്. നോവലിനകത്തേക്ക് അത് വന്നപ്പോൾ മലയാളത്തിലെ തന്നെ ഉപസംസ്കാര നിർമ്മിതിയുടെ ഇടമായി അത് മാറുന്നു. എന്തിനോടെല്ലാമാണ് സ്ത്രീ ചേർന്നു നിൽക്കുന്നത് എന്ന് നോക്കേണ്ടതാണ്. ചിത്രലേഖ തെരഞ്ഞെടുത്ത വഴി ഗാന്ധിയൻ ആശയങ്ങളുടെ, മിഷണറിപ്രവർത്തനങ്ങളുടെ, നവോത്ഥാനാശയങ്ങളുടെ, ബൗദ്ധ സംസ്കാരത്തിന്റെ വഴിയായിരുന്നു. പക്ഷേ ആ വഴിയിൽ മുന്നോട്ടുപോവാനാവാത്തവിധം പ്രതിസന്ധി നേരിടുന്ന പുതിയ തലമുറയെ അവതരിപ്പിച്ചുകൊണ്ടാണ് നോവൽ അവസാനിക്കുന്നത്. മാറിവരുന്ന ഇന്ത്യ എന്ന ദേശം, ആ ദേശം സ്ത്രീയെ- സ്ത്രീജീവിതത്തെ- എത്രത്തോളം സങ്കീർണമാക്കുന്നു എന്നത് നോവലിനകത്ത് കൃത്യമായവതരിപ്പിക്കുന്നു. മറ്റൊരു പ്രത്യേകത ഓരോ കഥാപാത്രങ്ങളെ സമീപിക്കുമ്പോഴും കൃത്യമായ ഡീറ്റെയിലിങ് എന്നത് കാണാം.




" ദേശസങ്കല്പത്തെ ക്രിയാത്മകമായി ഉപയോഗിച്ച എഴുത്തുകാരിയാണ് പി വത്സല. അവസാന നോവലായ ചിത്രലേഖ ദേശ സങ്കല്പങ്ങളെ അതിവിപുലമായ നിലയിൽ അടയാളപ്പെടുത്തിയ കൃതിയാണ്

ഈ നോവലിനെ അപൂർണ നോവൽ എന്ന് വിശേഷിപ്പിക്കാം. അനുവാചക മനസ്സിൽ നോവൽ പൂർത്തീകരിക്കപ്പെടാൻ നെല്ലും കുമൻകൊല്ലിയും ആഗ്നേയവും വിലാപവും എല്ലാം തീർത്തിട്ടുള്ള ദേശം എന്നുള്ള അടയാളത്തെക്കൂടി നമ്മൾ കണ്ടെത്തണം. നിരന്തരമായി ദേശത്തെക്കുറിച്ച് ദേശത്തിന്റെ ഉൾക്കൊള്ളലിനെ കുറിച്ച് പറഞ്ഞുകൊണ്ടിരുന്ന ഒരു എഴുത്തുകാരിക്ക് വർത്തമാന സന്ദർഭത്തിൽ ദേശചരിത്രത്തെക്കുറിച്ച് പറയാനുണ്ടായിരുന്നത് എന്താണ്? ദേശത്തെ അതിന്റെ സങ്കീർണതയോടെ എഴുത്തുകാരി ഉൾക്കൊണ്ടിരുന്നു എന്നത് ഈ നോവൽ വായിക്കുമ്പോൾ അനുഭവപ്പെടുന്നു. ●







# നോവൽ

## എഴുത്തിന്റെ ദേശകാലങ്ങൾ









ജനകീയ വായനയുടെ
അഞ്ച് പതിറ്റാണ്ട്

# ചരിത്രത്തിലെ നിശബ്ദതയ്ക്ക് ഭാവനയുടെ പൂരണം

## സലിൻ മാങ്കുഴി



**തി**രുവിതാംകൂർ ചരിത്രത്തിലെ എക്കാലത്തെയും വലിയവില്ലൻമാരായ എട്ടുവീട്ടിൽ പിള്ളമാരോട് കുട്ടിക്കാലത്ത് അകാരണമായി തോന്നിയ ഇഷ്ടം എന്നോടൊപ്പം വളർന്ന വളർന്നാണ് എതിർവാ എന്ന നോവൽ സംഭവിച്ചത്. പിള്ളമാരുടെ വിശദവിവരങ്ങളോ പേരു പോലുമോ ചരിത്രത്തിൽ അവശേഷിക്കുന്നില്ല എന്നത് ഒരു സാധ്യതയായാണ് എനിക്ക് തോന്നിയത്. 1721 ൽ ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന ആദ്യ സായുധവിപ്ലവമായ ആറ്റിങ്ങൽ കലാപത്തെ ചരിത്രം ഇന്നും പടിക്ക് പുറത്തു തന്നെയാണ് നിർത്തിയിരിക്കുന്നത്. ആ പോരാട്ടത്തെ രാജ്യത്തെ ആദ്യ സ്വാതന്ത്ര്യസമരമെന്ന് പറയാനും സമരനായകൻ കൊടുമൺ പിള്ളയെ അംഗീകരിക്കാനുമുള്ള നെഞ്ചുറപ്പ് ഇനിയും ചരിത്രകാരന്മാരിൽ പലരും ആർജ്ജിച്ചിട്ടില്ല. അന്ന് രാജാവ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കൊപ്പമായിരു ന്നതിനാലാണ് ചരിത്രകാരന്മാർ ഈ വിപ്ലവത്തെ കലാപമെന്ന് വിളിച്ച് തമസ്കരിച്ചത്. ഇന്നും നമ്മളത് തുടരുന്നു.

ചരിത്രത്തെ സൂക്ഷ്മമായി പിന്തുടരുകയല്ല, മറിച്ച് ചരിത്രം വിട്ടുകളഞ്ഞതിനെ ഭാവന കൊണ്ട് പൂരിപ്പിക്കുകയാണ് ചെയ്തത്. ഊഹങ്ങളും കൽപ്പനകളും കൊണ്ടാണ് ഈ കൃതിയുടെ അടിത്തറ പണിതിരിക്കുന്നത്. ലഭ്യമായ ചരിത്രപുസ്തകങ്ങളും രേഖകളും പരിശോധിച്ച ശേഷം നടത്തിയ ഊഹം ഒരു പക്ഷേ സത്യമായിരിക്കുമെന്നു തന്നെയാണ് എന്റെ വിശ്വാസം. തിരുവിതാംകൂർ ചരിത്രത്തെക്കുറിച്ച്, പ്രത്യേകിച്ച് അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയെ കുറിച്ച് നാം ചരിത്ര പുസ്തകങ്ങളിൽ നിന്നു മനസ്സിലാക്കിയതിൽ പലതും കെട്ടുകഥയാണെന്നു കരുതുന്നവരുടെ കൂട്ടത്തിലാണ് ഞാനും അണിചേരുന്നത്.

വഴികാട്ടിയോ ഗൂഗിൾമാപ്പോ ചാറ്റ് ജി പി ടി യോ ഇല്ലാതെ ഭൂതകാലത്തിലേക്കു നടത്തിയ ദീർഘയാത്രയുടെ ശേഷിപ്പാണ് ഈ നോവൽ. കൽപ്പനകളാൽ ഊതിവീർപ്പിച്ച നമ്മുടെ ചരിത്രത്തിന്റെ കാറ്റഴിച്ചുവിടാൻ എളുപ്പമല്ലെന്നറിയാം. പക്ഷേ, കള്ളക്കഥകളുടെയെല്ലാം പരിസരത്ത് സത്യം പൂഴിയിൽ പുതഞ്ഞു കിടപ്പുണ്ടെന്ന് തന്നെയാണ് കരുതുന്നത്. അതിനെ അന്വേഷിക്കാനുള്ള ശ്രമമാണ് 'എതിർവാ '.

മാടമ്പികളായ പിള്ളമാരെ വെള്ളപൂശുകയോ മഹത്വവത്കരിക്കുകയോ അല്ല. പോരാട്ടത്തിൽ പരാജയപ്പെട്ടുപോയ ഒരു കൂട്ടം മനുഷ്യരെ വെളിച്ചത്തിൽ നിർത്തുകയാണ്. പാർശ്വവത്കരിക്കപ്പെട്ടവരും പിന്തള്ളപ്പെട്ടവരും പരാജിതരുമൊക്കെ കേന്ദ്രകഥാപാത്രങ്ങളാകുമ്പോഴാണല്ലോ സാമൂഹിക ചരിത്രരചന പൂർണ്ണമാകുന്നത്.

തിരുവിതാംകൂർ ചരിത്രത്തെക്കുറിച്ചുള്ള പൂർണ്ണമായ ബോധ്യമല്ല മറിച്ച് ചരിത്രത്തിലില്ലാത്തതിനെ കുറിച്ചറിയാനുള്ള ദീർഘകാല പരിശ്രമമാണ് ഈ രചനയ്ക്ക് പ്രേരകമായത്. പത്മനാഭസ്വാമി ക്ഷേത്രത്തിലെ ദൈനംദിന വരവുചെലവു കണക്കുകൾ രേഖപ്പെടുത്തിയ മതിലകം രേഖകളെയാണ് തിരുവിതാംകൂർ ചരിത്രകാരന്മാർ പ്രധാനമായും ചരിത്രരചനയ്ക്ക് അടിസ്ഥാനമാക്കിയിട്ടുള്ളത്. അതും ഊഹം കൊണ്ട് പൂരിപ്പിക്കൽ തന്നെയാണ്.

ചരിത്രത്തിൽ നിന്നു നിഷ്കരുണം തുടച്ചുമാറ്റപ്പെട്ട മനുഷ്യരെക്കുറിച്ചുള്ള അന്വേഷണം സ്വാഭാവികമായും ചെന്നെത്തുന്നത് ചരിത്രപുസ്തകത്തിൽ കുടിവച്ചു പാർക്കുന്ന കെട്ടുകഥകളിലേക്കു കൂടിയാവും.

എതിർവാ എന്റെ ആദ്യ നോവലാണ്. കുട്ടിക്കാലത്തു കേട്ട തിരുവിതാംകൂർ രാജകഥകളിലെ വില്ലന്മാരെ കാലമിത്രയും ഉള്ളിൽ കൊണ്ടു നടന്നു. അവരുടെ മുഖം എങ്ങനെയായിരിക്കും? എങ്ങനെയാവും അവർ ജീവിച്ചതും മരിച്ചതുമെന്നൊക്കെയുള്ള ഒരു കുട്ടിയുടെ കൗതുകവും ഭയവും നിറഞ്ഞ നിരന്തര ചോദ്യങ്ങളാണ് കാലാനന്തരം അക്ഷരരൂപമായത്.

History is a never-ending dialouge between the past and the present, as we Constantly reinterpret and reinterpret our understanding of the past എന്ന കാൾ മാർക്സിന്റെ അഭിപ്രായം എന്റെ ഉദ്യമത്തെ ന്യായീകരിക്കുമെന്നു തന്നെയാണ് ഞാൻ കരുതുന്നത്. ●



# ആവശ്യത്തിന് മാത്രം

## വൈദ്യുതോപകരണങ്ങൾ പ്രവർത്തിപ്പിക്കാം



## വൈദ്യുതി ഉപഭോഗവും
## വൈദ്യുതി ബില്ലും
# കുറക്കാം

**എനർജി മാനേജ്മെന്റ് സെന്റർ- കേരള**
**ഊർജ വകുപ്പ്, കേരള സർക്കാർ**
ശ്രീകാര്യം (പി.ഒ.), തിരുവനന്തപുരം-695017 |ഫോൺ: 0471-2594922,2594924
വെബ്സൈറ്റ്: www.keralaenergy.gov.in | ഇമെയിൽ: emck@keralaenergy.gov.in
ടോൾ ഫ്രീ: 1800 425 5256


# ചൂട്ട് തെളിച്ച കാലങ്ങൾ

## പിസി മോഹനൻ



പുല്ലാഞ്ഞിമലയുടെ ശിഖരത്തിൽ കൂട്ടുകുടുംബമായി കഴിഞ്ഞിരുന്ന കരിമ്പാലൻ ഗോത്ര സമൂഹത്തിലെ ഒരു വലിയ കൂട്ടുകുടുംബത്തിലാണ് എന്റെ ജനനം. കുട്ടിക്കാലം എന്നാൽ, ഓർമ്മകൾ നാമ്പിട്ടതു മുതൽ, കണ്ടങ്ങളിലായി തീർത്ത ചെറുകുരകളിൽ രാത്രി പകലെന്നില്ലാതെ പരിചിതരുടെയും അപരിചിതരുടെയും പുറത്തേക്കൊഴുകുന്ന കനത്ത ശബ്ദത്തിൽ പനങ്കള്ളിന്റെ സൂരൊഴുകുന്ന ഭീതിതമായ അന്തരീക്ഷമായിരുന്ന തറവാട് വീട്.

തകിടം മറിഞ്ഞ കോളനി ജീവിതത്തിൽ സന്ധ്യാസമയത്തു കരഞ്ഞവശരാകുന്ന കുട്ടികൾക്കൊരു പച്ചത്തുരുത്തായിരുന്ന വല്യച്ഛന്റെ കുടിപ്പണിക്കാരനും ശുദ്ധ മനസ്കനുമായിരുന്ന കുട്ടിമന്ദൻ മൂപ്പർ. ഉറ്റവരും ഉടയവരുമില്ലാതെ തറവാടിന്റെ വടക്കേ കോലായിൽ തടുക്ക വിരിച്ചു കിടന്ന ജീവിതം കഴിച്ചുകൂട്ടിയ താഴത്തെപുരയിലെ അന്തേവാസി. പുല്ലാഞ്ഞിമലയുടെ' കാലപരിണാമങ്ങൾ കണ്മുമ്പിൽ നോക്കിക്കണ്ട അശീതി വർഷീയൻ സന്ധ്യാസമയങ്ങളിൽ പറഞ്ഞു തന്ന ഇതിഹാസ കഥകളിൽ ഒന്നായിരുന്നു' തമ്പ്രാന്മാർ തല്ലിക്കൊന്ന മോപ്പനും ചുറ്റിപ്പറ്റിയുള്ള സംഭവ വികാസങ്ങളും.




ആധുനികയുഗത്തിൽ ഏതാണ്ടെല്ലാ ഉച്ചനീചത്വങ്ങളും കടലാസിൽ നിന്നു തുടച്ചുനീക്കപ്പെട്ടുവെങ്കിലും പ്രയോഗികതലത്തിൽ ആദിവാസികൾ ഇന്നും കൊടിയ അവശതയിലാണ്. കുടിയേറികളുടെ കടന്നുകയറ്റത്തിൽ കാടുകൾ നഗരമാവുന്നു. കാടിന്റെ മക്കൾ കാട്ടിൽ നിന്നും നിഷ്കാസിതരാവുന്നു. കാടിന്റെ സ്വത്വം നഷ്ടപ്പെടുന്നു. ആദിവാസികളുടെ ആവശ്യങ്ങളും അവകാശങ്ങളും പകൽ വെളിച്ചത്തിൽ സർക്കാർ ഒത്താശയോടെ അവഗണിക്കപ്പെടുന്നു. അച്ഛിയും കുട്ടിയും തിരിച്ചറിയാത്ത ഇരുളടഞ്ഞ തങ്ങളുടെ ജീവിതശൈലിയിൽ നിന്നും അശേഷം വ്യതിചലിക്കാൻ കൂട്ടാക്കാത്ത കരിമ്പാലൻ സമുദായത്തിന്റെ മാനസികാവസ്ഥയെ എരിയുന്ന ചൂട്ടിനോടുപമിച്ചാൽ എങ്ങനെയിരിക്കും?

ക്ഷണികമായ ജീവിതത്തിൽ ആർത്തിയും കുതന്ത്ര മത്സരങ്ങളിലും വ്യഗ്രരായ മനുഷ്യരുടെ ചൂഷണത്തിനും കായികപ്രയോഗത്തിനും ആദിവാസികൾ നിരന്തരം വേട്ടയാടപ്പെടുന്നു. മേലാളന്റെ പരമ്പരാഗത മേളക്കൊഴുപ്പിന് ചൂട്ട് കത്തിച്ചു പിടിക്കാൻ മാത്രം വിധിക്കപ്പെട്ട സാമൂഹ്യ നീതി!

കുട്ടിമന്ദൻ മൂപ്പരുടെ പുല്ലാഞ്ഞി മലയിലെ ഇതിഹാസകഥകൾ അവസാനിച്ചു. കോളനിയിൽ വീരപരിവേഷമുള്ള മോപ്പനെ തമ്പ്രാന്മാർ അർദ്ധരാത്രിയിൽ കഴുത്തു ഞെരിച്ചു കൊന്നു. പേപ്പട്ടി കടിച്ചു മരണപ്പെട്ടുവെന്നു തമ്പ്രാന്റെ ശിങ്കിടികൾ നാടാകെ കിംവദന്തികൾ പരത്തി. കുട്ടിമന്ദൻ മൂപ്പരുടെ ചപ്പിച്ച വായിലെ കുഴഞ്ഞ വാക്കുകൾ അഞ്ചു പതിറ്റാണ്ടിനിപ്പുറവും' കാതിൽ ഇന്നലെപോലെ മുഴങ്ങുന്നു.' എന്തോം പറഞ്ഞോ ഓലിമ്പള കൊല്ലും'

കോളനി മൂപ്പൻ ചന്തൻ കാരണവർ, ഊരിലെ തമ്പ്രാന്റെ കയ്യാളായിരുന്നുവെങ്കിലും ഊരു നിവാസികളുടെ സങ്കട പരിഹാരം എന്നാലും പലേരി മഠത്തിലെ നാലുകെട്ടിനുള്ളിലായിരുന്നു ഉരുവപ്പെട്ടത്. തമ്പ്രാന് കരിമ്പാലനെ തല്ലാനും കൊല്ലാനുമുള്ള അലിഖിത വ്യവസ്ഥയിൽ കോളനി രാപ്പകലിൽ വിറങ്ങലിച്ചു നിന്നു. ഊര് നിവാസികൾ തമ്പ്രാന്റെ അനൗപചാരികമായ കല്പനകൾ കാതോർത്തു ഊരുകുടിലുകളിൽ ജീവിതം നിശ്ശബ്ദം കഴിച്ചുകൂട്ടി. നിർലോഭം വ്യസനവും വേദനയുമറിയാതെ മക്കളെ ളുക്കിപ്പിടിച്ചു തമ്പ്രാന്റെ തൊഴുത്തിലും കണ്ടത്തിലും അരക്കെട്ടുമുറുക്കി പണിയെടുത്തു. എങ്ങലടിക്കുന്ന കോളനിയുടെ ദുരിതപൂർണ്ണമായ ഓർമ്മകളാണ് നോവൽ ഒരു 'ചൂട്ട്'ന്റെ വെളിച്ചത്തിൽ മനസ്സിൽ തെളിഞ്ഞു വന്നത്.

നാട്ടുവാഴിത്തത്തിന്റെ ലഹരി ഇറങ്ങാത്ത ജന്മിമാരും വിദ്യാഭ്യാസം നേടി കരുത്തരാകുന്ന ഗോത്രജനതയും തമ്മിൽ സാമൂഹ്യ സമത്വത്തിനുവേണ്ടിയുള്ള നിയമയുദ്ധമാണ് നോവലിൽ രാരിച്ചനെന്ന തദാഗതനിലൂടെ പ്രമേയവൽക്കരിക്കപ്പെട്ടന്നത്. അരികുവൽക്കരിക്കപ്പെടുന്ന ഗോത്ര ജീവിതസംഘർഷങ്ങളിലൂടെ വികസിക്കുന്ന നോവലിൽ ആധുനികത്വത്തിന്റെ ചുവ കലരാതെ കരിമ്പാലനെന്ന ചെറു ഗോത്രസമൂഹം പ്രകൃതിയോടൊട്ടി നിന്നു മുഖ്യധാരാ സമൂഹത്തോട് കലഹത്തിനു കോപ്പുകൂട്ടുന്നു.

"ചൂട്ട്" നോവൽ വളർന്നു വരുന്ന ആദിവാസിസമൂഹത്തിന്റെ ചരിത്രവഴിയിലേക്കു വെളിച്ചം വീശുന്ന തീപ്പന്തമാണ്. ഒപ്പം അങ്ങനെയൊരു പ്രതീക്ഷയുടെ അക്ഷര വെട്ടം കൂടിയാണ് ഈ രചന. ●

Department of Coir Development
Government of Kerala

COIRCRAFT
KERALA STATE COIR CORPORATION

# കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്


ഒരു കേരള സർക്കാർ സ്ഥാപനം

**Discount up to 40%**

























COIRCRAFT
CONVENTION CENTRE


## COIRCRAFT CONVENTION CENTRE

PB No. 191,Sea View Ward, Alappuzha, Kerala, India - 688001. | 8714343111 | www.coircraft.com/auditorium-booking/

# മണ്ണടരുകളിൽ തളിർത്ത ജീവിതങ്ങൾ

## ഡോ. ടി. പി. കലാധരൻ

മരണമഹാമാരി നാട് തോറും അഴിഞ്ഞാടിയ കാലം. ജീവിക്കാനുള്ള അഭിനിവേശം ഭീതിയുടെ മാറാപ്പെടുത്ത് തോളിലിട്ടു തന്നു. വഴിയിൽ കണ്ടുപോകരുത്. ഉര്യാടരുത്. കൂട്ടം കൂടരുത്. മിണ്ടാനും ചലിക്കാനും കഴിയാത്ത മരണസമാനമായ അവസ്ഥ. വീട്ടിൽ പോലും ഏകാന്തതടവ്. ലോകത്താകെ മരണവാർത്തകൾ. നമ്മുടെ ജീവിതമോഹങ്ങൾ അനിശ്ചിതമാവുകയാണ്. വെള്ള പുതപ്പിച്ച കറുത്തദിനങ്ങൾ. ഇന്നോ നാളെയോ എന്നല്ല ഇപ്പോൾ വേണമെങ്കിലും ചത്തുപോകുമെന്ന് കൊവിഡ് ബാധിതശരീരം മുന്നറിയിപ്പ് നൽകി. ഉടൽവേദന ഒരു മയവുമില്ലാതെ മുഖത്തുചൂണ്ടി പറഞ്ഞു നിന്റെ ജീവിതം പൊലിഞ്ഞുപോകും. നാലാളുപോലും വരാതെ കുഴിയിലേക്ക് എടുത്ത ശേഷം അവർ റൂട്ട് മാപ്പ് തയ്യാറാക്കും. എന്തായിരുന്നു എന്റെ ജീവിതത്തിന്റെ റൂട്ട് മാപ്പ്? എവിടെ നിന്നും തുടങ്ങും, എന്റെ നാടിന്റെ ഓർമ്മകളിൽ നിന്നല്ലാതെ? അവസാന ആഗ്രഹങ്ങൾ ഉറ്റവരോട് പറയുന്നത് പോലെ നാട് എന്നോട് ചോദിച്ചു നിന്റെ കഥകഴിയും മുമ്പ് നീ എന്റെ കഥയെഴുതുമോ? മക്കളെല്ലാം മരിച്ചുപോയി അനാഥയാകും മുമ്പ് എനിക്കത് കേൾക്കണം. അങ്ങനെയാണ് എന്റെ ഓർമ്മപ്പച്ചയിലെ നാട് ഈ നോവലായി പരിണമിക്കുന്നത്.






ചില്ലാട്ടക്കല്യാണം മുഖ്യനായകനോ നായികയോ ഇല്ലാത്ത നോവലാണ്. ഒരുകൂട്ടം ജനതയുടെ ജീവിതമാണ്. അവരെല്ലാം നിഷ്കളങ്കരാണ്, ഏറ്റവും ക്രൂരമായജീവിതം നയിച്ചവരടക്കം. ഓരോ കഥാപാത്രവും മണ്ണടരുകളിൽ നിന്നും വന്നു, പലരും എന്റെയടുത്ത് നെഞ്ചുപൊട്ടിക്കരഞ്ഞുകൊണ്ട് ജീവിതംകൊണ്ട് നാടിനെ ബോധ്യപ്പെടുത്താനാവാതെ പോയ കാര്യങ്ങൾ പറഞ്ഞു. ഞാനതെല്ലാം കേട്ടെഴുതി. വിളറിവെളുത്ത ശബ്ദത്തിൽ നെരിപ്പോട് കത്തുന്ന അനുഭവങ്ങളായിരുന്നു അവർ പങ്കിട്ടത്. പരേതരുമായുള്ള സംഭാഷണത്തിന്റെ രേഖപ്പെടുത്തലുകൾ ഓരോ അധ്യായമായി മാറുകയും അത് അറിഞ്ഞുകേട്ടവർ ഭൂതകാലത്തുനിന്നും ഓരോ ദിവസവും വരികയും ചെയ്തു. അരനൂറ്റാണ്ടിനപ്പുറത്തു നിന്നും ഓർമ്മയുടെ ഇരുൾവഴികളിലൂടെ ചൂട്ടുവീശി അവർ എന്നെ നടത്തിച്ചു.

സൂര്യനദിച്ചാലും പുഴവിരിപ്പിൽ മലർന്നുറങ്ങിയ മഞ്ഞിനും പുഴയിലൂടെ ഒഴുകിപ്പോയ കാട്ടുപൂക്കൾക്കും ഓളത്താളത്തിൽ അന്തിനൃത്തം ചെയ്യുന്ന പുഴയോരമരങ്ങൾക്കും ഒത്തിരി രഹസ്യങ്ങൾ പറയാനുണ്ടായിരുന്നു. അതെല്ലാം ഓരോരോ അധ്യായത്തിൽ ഉപകഥകളായി. കെട്ടിപ്പിണഞ്ഞ കാട്ടുവള്ളികൾ ചില്ലാട്ടക്കല്യാണത്തിനായി വെട്ടിക്കൊണ്ടുവരുന്ന ഒരു അധ്യായമുണ്ട്. അവിശ്വസനീയതയുടെ പാദുകമുള്ള അതിലെ സംഭവങ്ങളെല്ലാം കെട്ടുകഥകളായിട്ടാണ് കുമാരൻ എന്നോട് പറഞ്ഞത്. മാമ്പറത്തടത്തിലെ തോമയും കനകയും പുഷ്പയുമെല്ലാം ആരാണ് എന്ന് ചിലർ ചോദിച്ചു. ഉറ്റവരും ഉടയവരും ഉയിരറുത്തവരും ഉയിരോടെയുള്ളവരുമാണ് എന്ന് മാത്രമേ പറയാനുള്ളൂ. ●




# ചരിത്രത്തിലെ വീരേതിഹാസങ്ങൾ

## ഹംസ ആലുങ്ങൽ



മലബാർ മഹാസമരത്തിന് ഒരുനൂറ്റാണ്ടുതികയുമ്പോൾ വായനക്കുസമർപ്പിക്കുവാനായി എഴുതിയ നോവലാണ് കിലാപത്തുകാലം. ഏകദേശം അഞ്ചുവർഷമെടുത്തു ഈ നോവൽ എഴുതിപ്പൂർത്തിയാക്കാൻ. ഏറനാടിന്റെയും വള്ളുവനാടിന്റെയും ചരിത്രമുഖരമായ ഒരു കാലഖണ്ഡമാണത്. വാരിയൻകുന്നന്റെ മലയാളരാജ്യത്താണ് ഞാൻ ജനിച്ചത്. ആ കഥകൾ എന്റെ ഉള്ളിൽ അന്നുതൊട്ടേയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജന്മനാട്ടിലും ആലി മുസ്ലിയാരുടെ ജന്മവീട്ടിലും സ്മാരകത്തിലുമൊക്കെ പലതവണ സന്ദർശിച്ചിട്ടുണ്ട്. നിരവധി തവണ ഫീച്ചറുകളും ഡോക്യുമെന്ററികളും തയാറാക്കിയിട്ടുണ്ട്. അപ്പോഴെവിടെവെച്ചോ ആണ് കിലാപത്തുകാലത്തിന്റെ വിത്തും വേരും എന്നിൽ മുളയക്കുന്നത്. എന്നാൽ അവരൊക്കെ നായകരും പ്രതിനായകരുമായ എത്രയോ പുസ്തകങ്ങൾ പുറത്തിറങ്ങിക്കഴിഞ്ഞശേഷമായിരുന്നു എന്റെ നോവൽ രചന. അതുകൊണ്ടുതന്നെ ചരിത്രത്തിന്റെ പുറംപോക്കിൽ അധികമാർക്കും അറിയാത്ത മനുഷ്യരുടെ ഉയർത്തെഴുന്നേൽപ്പിലൂടെയാവട്ടെ ഈ നോവലെന്നു തീരുമാനിച്ചു. അങ്ങനെയാണ് 1840കൾ മുതൽ 1921വരെയുള്ള കാലഘട്ടത്തിലെ മലബാറിലെ ചില ജീവിതങ്ങളുടെ പിന്നാലെ പോയത്. ഒന്നാംസ്വാതന്ത്ര്യസമരകാലത്തിനു മുമ്പുള്ള അറിയപ്പെടാത്ത കാലത്തിന്റെ ചോരച്ചുവപ്പാണ് ഈ നോവൽ. കാർഷിക കലാപങ്ങൾ, കൊളോണിയൽ ഭരണകൂട ഭീകരതകൾ, ഒപ്പം പ്രണയവും പ്രതികാരവും വിരഹവും കാത്തിരിപ്പും എല്ലാം ഇതൾ വിരിയുന്നു. പരമാവധി ചരിത്രത്തോട് നീതിപുലർത്താൻ ശ്രമിച്ചിട്ടുണ്ട്. നാലുഭാഗങ്ങളുണ്ട് ഈ നോവലിന്. ഒന്ന് ഒന്നിന്റെ തുടർച്ച തന്നെയാണ്. നാല് ഡയറിക്കുറിപ്പുകൾ... ചില ചരിത്രരേഖകൾ അതാണീ നോവലിന്റെ ജീവൻ.

ചരിത്രത്തിൽ ഇടം പിടിക്കാത്തവരാണ് നായകരും പ്രതിനായകരുമായി സ്ഥാനപ്പെടുന്നവരേക്കാൾ ഏറെ. ചരിത്രത്തിന്റെ ഏടുകളിൽ നിന്ന് ചില മനുഷ്യർ വീണ്ടും ഉയിർക്കൊള്ളുന്നു. അവർക്ക് മജ്ജയും മാംസവും വികാരവിചാരങ്ങളും കൈവരുന്നു. അവർ സ്നേഹിച്ചും കലഹിച്ചും മോഹിച്ചും ദു:ഖിച്ചും ചരിത്രനിർമ്മാണത്തിനുള്ള കളിമണ്ണായി സ്വയം പരിണമിക്കുന്നു. ബ്രിട്ടീഷ് ഇന്ത്യയിലെ പൊലീസ് ഉദ്യോഗസ്ഥരിലൊരാളായി ഏറനാട്ടിലെത്തിയ ആൻഡ്രൂസും അയാളുടെ ഭാര്യ, വിർജീനിയയും വിർജീനിയയുടെ സഹോദരി ഹെലനും അവളുടെ ഭർത്താവ്, റെയിൽവേഉദ്യോഗസ്ഥനായ റീവും അങ്ങനെയാണ് നോവലിൽ ആഖ്യാനം ചെയ്യപ്പെടുന്ന ചരിത്രകാലത്തിലെ മൂർത്തമായ വ്യക്തിത്വവും വ്യക്തിത്വസവിശേഷതകളുമുള്ള കഥാപാത്രങ്ങളായി മാറുന്നത്. വിദേശികളും സ്വദേശികളുമായ കഥാപാത്രങ്ങളുടെ ഒരു നീണ്ടനിര തന്നെയുണ്ട് നോവലിൽ. അമ്മുക്കുട്ടിയും മായനും അവരുടെ മകൻ ഹൈദരുമാണ് നോവലിലെ ഏറനാടൻ കഥാപാത്രങ്ങളിൽ മുഖ്യതയും മുഴപ്പുമുള്ളവർ. കനോലി കനാലിന്റെയും നിലമ്പൂരിലെ തേക്ക് തോട്ടങ്ങളുടെയും നിർമ്മാതാവായ കനോലിസായ്പിനു പോലുമുണ്ട് നോവലിൽ വിശദാംശസമൃദ്ധമായ ഒരു കഥാപാത്രസാന്നിധ്യമെന്ന സ്ഥാനം. ഇവരിലൂടെ, ഇവരുടെ കഥ കൂടിയായി, മലബാറിന്റെ രാഷ്ട്രീയചരിത്രം അപാവരണം ചെയ്യപ്പെടുകയാണ് നോവലിൽ. മലബാർകലാപമാണ് അതിലെ കേന്ദ്രധമനി, വാഗൺട്രാജഡി ചരിത്രമൂർധന്യവും.




പുരുഷസിരകളിലോടുന്ന വീറിന്റെ ചോരയാൽ മാത്രമല്ല ചരിത്രം എഴുതപ്പെടുന്നത് എന്നും അതിൽ സ്ത്രീകളുടെ അപാരസഹനത്തിന്റെ കണ്ണീരുകൂടി കലർന്നിരിക്കുന്നു എന്നും വ്യക്തമാക്കുന്ന കഥനസാക്ഷ്യം കൂടിയാകുന്നു. ചരിത്രം ഇരപ്പെടുത്തുകയും രക്തസാക്ഷികളാക്കി മാറ്റുകയും ചെയ്ത ഏറനാടൻ യുവത്വത്തിനു മുന്നിലുള്ള ഒരു പ്രണാമം കൂടിയാകുന്നു ഈ നോവൽ.'മാപ്പിളലഹള'യെന്ന മാറാപ്പേര് മായ്ച്ചുകളഞ്ഞ് അവിടെ 'മലബാർ മഹാസമരം' എന്നെഴുതിച്ചേർക്കുക കൂടി ചെയ്യാനും ശ്രമിച്ചിട്ടുണ്ട്. ●

# കീഴാള രാഷ്ട്രീയത്തിന്റെ രാഷ്ട്രീയധാരകൾ

## പ്രദീപ് പേരശ്ശന്നൂർ



**എ**പ്പിക് കൃതികളോട് എനിക്കെന്നും അതിയായ പ്രിയമുണ്ടായിരുന്നു. മഹാഭാരതവും ഇലിയഡുമൊക്കെ ഏറെ പ്രചോദിപ്പിച്ചിട്ടുണ്ട്. അതിൽ നിന്നും സവിശേഷമായ അടരുകൾ കണ്ടെത്തി പുനരാഖ്യാനം ചെയ്യുന്ന നോവലുകളും ഇഷ്ടം. അങ്ങനെയുള്ള ഒരു നോവലെഴുതുക എന്നതായിരുന്നു എന്റെ ആഗ്രഹം. പക്ഷെ പല ഭാഷകളിലിറങ്ങുന്ന അത്തരം കൃതികൾ മിക്കതും മലയാളത്തിൽ എത്തുന്നുണ്ട്. അപ്പോൾ ഞാനായിട്ട് അതാവർത്തിക്കുന്നതിൽ പുതുമയില്ലെന്ന് തോന്നി. എന്നാൽ പിന്നെ ആ ഒരു പശ്ചാത്തലത്തിൽ, ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് നടക്കുന്ന ഒരു കഥ സമ്പൂർണ്ണമായി മെനഞ്ഞെടുക്കാമെന്ന് കരുതി. അതസാധാരണമാണ്. അതിൽ എഴുത്തുകാരന് ചില സ്വാതന്ത്ര്യങ്ങളും സാധ്യതകളുമുണ്ട്. എന്നാൽ ഏറെ അദ്ധ്വാനിക്കണം. അതൊരു വെല്ലുവിളിയായി എന്നിലെ എഴുത്തുകാരൻ ഏറ്റു.




അതാണ് കവനയുദ്ധം. കാലഘട്ടം പണ്ടത്തെയാണെങ്കിലും വിഷയം സമകാലികമാണ്. വർത്തമാനകാല രാഷ്ട്രീയം, ആധികൾ, പ്രതിസന്ധികൾ, പ്രതീക്ഷകൾ... ഇതെല്ലാം നോവലിൽ സന്നിവേശിപ്പിച്ചു. അങ്ങനെയിത് ഒരു ദളിത്പക്ഷ കൃതിയായി. പാമ്പുകളുടേയും മൃഗങ്ങളുടേയും ലോകവും മിത്തുകളും തത്വചിന്തയും ഇരുണ്ട രതിയുമെല്ലാം നോവലിൽ ഇഴചേർന്നു വന്നു. യുദ്ധമാണ് അടിസ്ഥാനപ്രമേയം. പക്ഷെ ആയുധം കൊണ്ടുള്ള യുദ്ധത്തിന്റെ മാത്രം കഥയല്ല ഈ നോവൽ. അക്ഷരം കൊണ്ടും ആയുധം കൊണ്ടുമുള്ള യുദ്ധം. എന്റെ നായകകഥാപാത്രം ദളിതനാണ്. ഒരു ദളിതൻ രാജ്യം ഭരിക്കുന്നതിലേക്കുള്ള കഠിനപഥങ്ങളാണ് ഓരോ അദ്ധ്യായവും. ഇതിന് മുമ്പ് 2016 ൽ കമ്പപ്പോൽ എന്ന എന്റെ നോവൽ ചിന്ത പബ്ലിഷ് ചെയ്തിരുന്നു. എന്റെ ആദ്യനോവലും മുഖ്യധാരയിൽ പ്രസിദ്ധീകൃതമാകുന്ന ആദ്യകൃതിയുമാണത്. കവനയുദ്ധം ഒരു സ്വതന്ത്രനോവലാണ്. അതേസമയം കമ്പപ്പോൽ എന്ന നോവലിന്റെ തുടർച്ചയായും കാണാം. ഇവിടം കൊണ്ടും കഥ തീരുന്നില്ല. ഇനിയും തുടർച്ചകളുണ്ട്. അതെഴുതപ്പെട്ടുകൊണ്ടിരിക്കുന്നു. രക്തച്ചാലുകൾ നീന്തിക്കടന്ന് എന്റെ നായകൻ രാജ്യം ഭരിക്കും. അതൊരനിവാര്യതയാകുന്നു. ഞാൻ നോവലെഴുതുകയല്ല. കാലം എന്നെകൊണ്ട് എഴുതിക്കുകയാണ്; ഭാവിയുടെ ചരിത്രം! ●


മിതൃമ്മല സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 2452,
മിതൃമ്മല പി.ഒ,
നെടുമങ്ങാട്

നിക്ഷേപങ്ങൾക്ക്
ആകർഷകമായ പലിശ.
വായ്പകൾക്ക് മിതമായ പലിശ.
സ്വർണ്ണപണയവായ്പ
എല്ലാ പ്രവൃത്തി ദിവസവും
നീതി മെഡിക്കൽ സ്റ്റോർ.
കല്ലറ, മുതുവിള, വളം ഡിപ്പോകൾ.
മിതൃമ്മല, മുളവിള, ചെറുവാളം.
പാട്ടറ, കല്ലറ
ഗൃഹോപകരണ വില്പനശാല,
പാകിസ്ഥാൻമുക്ക്

ആർ. മോഹനൻ
പ്രസിഡന്റ്

സി. ശൈല
സെക്രട്ടറി

# ദേശാടനപക്ഷികൾ കൂട് കൂട്ടാറില്ല

## ടി പി നാസർ



**എ**ഴുതാതെ വയ്യ എന്ന തിരിച്ചറിവിൽ നിന്നാണ് "പക്ഷികൾ കൂടണയുന്നില്ല " നോവലിന്റെ പിറവി. 2017 ലാണത്.എഴുതി കൂട്ടിയിട്ടില്ലേ ഒരുപാട് കഥകൾ. യാഥാർത്ഥ്യങ്ങളും ഭാവനാ വിലാസങ്ങളു മെല്ലാം കൂടിക്കുഴഞ്ഞ കഥകൾ! പിന്നെന്താ ഒരു നോവലെഴുതാനാവാത്തത് ?!

ചോദ്യം മറ്റാരുടേതുമായിരുന്നില്ല-റംലയുടെ.ഒരു വെല്ലുവിളി പോലെ അതേറ്റെടുക്കുമ്പോൾ വായിച്ച നോവലുകളെല്ലാം മനസ്സിൽ ഓടിയെത്തി.വേണ്ട.അതു വേണ്ട.അവയിൽ നിന്നെല്ലാം വ്യത്യസ്തമായ മറ്റാരും എഴുതാത്ത നോവൽ.

എഴുതിയും തിരുത്തിയും കീറിക്കളഞ്ഞും വീണ്ടും പുതുതായി ചേർത്തും കാലം പോയി.ഒന്നും സംതൃപ്തി നൽകിയില്ല.ഒരു ഡോക്ടറുടെ,അതും നഗര മധ്യത്തിൽ ജനിച്ച് വളർന്ന ഡോക്ടറുടെ അനുഭവ സമ്പത്ത് ഒരു കൺസൾട്ടിംഗ് മുറിയുടെ നാല് ചുവരുകൾക്കകത്ത് ഒതുങ്ങുന്നതാണ്.അതിൽ പുതുതായി എഴുതിച്ചേർക്കാൻ മാത്രം ഒന്നുമില്ല.

അനിശ്ചിതത്വത്തിന്റെ ദിവസങ്ങൾ.വെല്ലുവിളി കീഴടങ്ങലിന്റേതായി മാറുമോ എന്ന ഭീതി. തോറ്റു കൊടുക്കാൻ മനസ്സില്ല.

എഴുതിക്കൂട്ടിയ കഥകളും ഓർമ്മക്കുറിപ്പുകളും വീണ്ടും വായിച്ച് നോക്കി. അമേരിക്കയിലുള്ള ഒരു കൂട്ടുകാരിക്ക് വേണ്ടി തയ്യാറാക്കിയ സ്ക്രിപ്റ്റ് കൈയിൽ തടഞ്ഞു.നടക്കാതെ പോയ സ്വപ്നം.വീണ്ടും ഒരാവർത്തി കൂടി വായിച്ചപ്പോൾ ഞാൻ തന്നെ അതിലെ നായകനായി.തിരിഞ്ഞു നോക്കിയപ്പോൾ ആരും ജീവിച്ചു തീർത്തിട്ടില്ലാത്ത ഒരു കഥ അതിലുള്ളതായി അനുഭവപ്പെട്ടു.അല്ലെങ്കിലും ഒരാളുടെ ജീവിതത്തേക്കാൾ മനോഹരമായ മറ്റേതു കഥയാണുള്ളത്?!

ഉറക്കമില്ലാത്ത രാത്രികൾ.കഥ എന്നെയാണോ അതോ ഞാൻ കഥയെയാണോ എഴുതുന്നതെന്ന തോന്നൽ എന്നും എന്നോടൊപ്പമുണ്ടായിരുന്നു. എഴുതിക്കൂട്ടിയ കഥക ളിലെല്ലാം അതിന്റെ അനുരണനങ്ങൾ കാണാം.സ്വന്തം രക്തം കൊണ്ട് കൈയൊപ്പിടാൻ ഒഴിഞ്ഞ ഒരു താള് ഏതെഴുത്തുകാരനാണ് ബാക്കി വെക്കാത്തത് ?!

എഴുത്ത് മുറി പശ്ചാത്തലമായി. കാലവും.സൗഹൃത് ബന്ധങ്ങളും.നടന്നു തീർത്ത വഴികൾ.കുടുംബ വേരുകൾ.... അങ്ങിനെയങ്ങിനെ.യാദൃശ്ചികമായി മകന്റെ സിനിമ പ്രവേശം. ആദ്യമൊരു രൂപരേഖയുണ്ടാക്കി. എല്ലാം ചേർത്തെഴുതിയപ്പോൾ ക്രാഫ്റ്റ് ഒരു പരീക്ഷണശാലയായി.

അല്ലെങ്കിലും ആത്മകഥാംശമടങ്ങാത്ത ഏതു നോവലാണ് ഈ ലോകത്ത് പിറന്നിട്ടുള്ളത്.!

പുസ്തക കുമ്പാരത്തിലേക്കാണ് എന്റെ ജനനം. അലമാരകളിൽ നിറഞ്ഞു കവിഞ്ഞ പുസ്തകങ്ങളുടെ താരാട്ടിൽ ഞാനുറങ്ങാതെ കിടന്നു.




പഴയ കാല എഴുത്തുകാരുടെ തലോടലുകൾ-കെ.എ.കൊടുങ്ങല്ലൂർ,കുഞ്ഞുണ്ണി മാഷ്,ചെറുകാട്,ഹബീബ് വലപ്പാട്,എം.എൻ.കുറുപ്പ്....മറക്കാനാവില്ലൊ രിക്കലും.പിന്നെ കൂട്ടുകാരായി മാറിയ ഗുരു നിത്യ ചൈതന്യ യതി,പുനത്തിൽ കുഞ്ഞബ്ദുള്ള,ടി.വി.കൊച്ചു ബാവ,അഷിത,ബാലചന്ദ്രൻ ചുള്ളിക്കാട്,പി.കെ.പാറ ക്കടവ്. അങ്ങിനെ സമശീർഷരായ ഒരുപാട് സുഹൃത്ത് ക്കൾ നിറഞ്ഞ യൗവനം. അതുകൊണ്ട് കാലത്തെ അടയാളപ്പെടുത്താനായി ഞാനിവരെയൊക്കെ നോവലിലെ കഥാപാത്രങ്ങളാക്കിയിട്ടുണ്ട്.എന്തിന് കൂട്ടുകാരെ,കാമുകിയെ,മക്കളെ...പിന്നെയുമെത്ര ! കഥകളും ഡയറിക്കുറിപ്പുകളും,അഭിമുഖങ്ങളും പുസ്തക നിരൂപണങ്ങളും കേമ്പസ്അനുഭവങ്ങളുടെ നേർക്കാഴ്ചയായ മാഗസിനും,സ്ക്രിപ്റ്റും യാത്രകളും എല്ലാം കൂടെ ചേരുംപടി ചേർത്തപ്പോൾ നോവൽ പിറന്നു.

ആരും പറയാത്തൊരു കഥയാണിത്.എന്നാലതേ സമയം കാലം ഒരാളുടെ വളർച്ചയിൽ വരുത്തുന്ന മാറ്റങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടുകളുടെ ആകത്തുക ഇതിലുണ്ടെന്നാണ് എന്റെ വിശ്വാസം.പരിണാമ വിധേയനായ ഒരു സാധാരണ മനുഷ്യന്റെ ജീവചരിത്രം ! ●

# ഇരുണ്ടകാലത്തിന്റെ ഓർമ്മകളിലൂടെ

## പി എം മധു

**വ**ളരെ യാദൃശ്ചികമായി കൈയ്യിൽ വന്ന പെട്ട ചെറിയൊരു പുസ്തകം. വിക്ടർ ഫ്രാങ്ക്ളിന്റെ മാൻസ് സെർച്ച് ഫോർ മീനിങ്ങ്. ആദ്യം വെറുതേ വായിച്ചു വിട്ടെങ്കിലും അതിലെ പല മുഹൂർത്തങ്ങളും വാചകങ്ങളും നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു.


ഹിറ്റ്ലറുടെ കോൺസൺട്രേഷൻ ക്യാമ്പിൽ അതിക്രൂരമായ പീഡനങ്ങൾക്കാണ് സൈക്യാട്രി പ്രൊഫസറായ വിക്ടർ ഫ്രാങ്ക്ൾ ഇരയാകുന്നത്. ഇടയിൽ കുറച്ചു നാൾ, ടൈഫോയ്ഡ് ബാധിച്ചവരുടെ ടെന്റിൽ രോഗികളെ ശുശ്രൂഷിച്ച് കഴിയേണ്ട സാഹചര്യമുണ്ടായി. ഓരോ നിമിഷവും തടവുകാർ മരിച്ചു കൊണ്ടിരിക്കുകയാണ്. ഉന്തുവണ്ടിയിലേക്ക് വലിച്ചെറിയപ്പെടുന്ന ശവങ്ങൾ. ക്ഷീണിച്ച് ഉറങ്ങുന്നവർ രക്ത സ്തംഭനം വന്ന് ഉണരാത്ത ഉറക്കത്തിലേക്ക് വീണു പോവുകയാണ്. മരിക്കാതിരിക്കണമെങ്കിൽ ഉണർന്നിരുന്നേ തീരൂ. രാത്രിയിൽ അദ്ദേഹം ഉറങ്ങാതിരുന്ന് എഴുതുകയാണ്. ഓക്കു വിറകു കത്തിച്ച മങ്ങിയ വെളിച്ചത്തിൽ സിഗരറ്റ് കൂടിന്റെ പിന്നിൽ കുറ്റിപ്പെൻസിൽ കൊണ്ട് കുത്തിക്കുറിച്ചിരിക്കുന്ന ആ രൂപം ആദ്യം വല്ലാത്തൊരു നീറ്റലായെങ്കിലും മരണത്തെപ്പോലും പ്രതിരോധിച്ചു കൊണ്ട് ഉയർന്നു നിൽക്കുന്ന ദീപസ്തംഭമായി എഴുത്ത് മാറുന്നത് വിസ്മയകരമായ ഒരു വായനാനുഭവമായി. വരികൾക്കിടയിൽ നിന്ന് കനൽ തെറിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിലേക്കും രചനകളിലേക്കുമുള്ള അസ്വസ്ഥമായ സഞ്ചാരത്തിലായിരുന്നു കുറേക്കാലം. ഹോളോകോസ്റ്റ് സാഹിത്യമെന്നു വിളിപ്പേരുള്ള, മഹായുദ്ധത്തിന്റെ രക്തസാക്ഷികളെഴുതിയ പുസ്തകങ്ങൾ, ഡയറിക്കുറിപ്പുകൾ, ഡോക്യുമെന്ററികൾ, സിനിമകൾ... വരികൾക്കും ചിത്രങ്ങൾക്കുമിടയിലെല്ലാം ഒരു പാട് അനാഥരുടെയും അശരണരുടെയും കിതപ്പുകൾ.

ക്യാമ്പ് മോചിതനായി വീട്ടിൽ തിരിച്ചെത്തിയ വിക്ടർ ഫ്രാങ്ക്ൾ പ്രിയപ്പെട്ടവരെല്ലാം നഷ്ടപ്പെട്ടുവെന്ന് തിരിച്ചറിഞ്ഞ നിമിഷം വല്ലാത്തൊരു വിഷാദത്തിന്റെ ചുഴിയിലകപ്പെട്ടുപോയതായി അദ്ദേഹത്തിന്റെ സുഹൃത്ത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. പിന്നീടുള്ള നാലഞ്ചു മാസക്കാലം അദ്ദേഹമെവിടെയായിരുന്നുവെന്ന് ആർക്കും അറിയില്ല. വിഷാദത്തിനടിപ്പെട്ട് ആത്മഹത്യ ചെയ്തതായി വരെ വാർത്തകളുണ്ടായിരുന്നത്രേ. ആയിരങ്ങളെ വിഷാദത്തിൽ നിന്ന് കൈ പിടിച്ചുയർത്തിയ ഒരു ഡോക്ടർ സ്വയം വിഷാദത്തിന്റെ ഇരുളിൽ മരവിച്ചു പോയ നിമിഷങ്ങൾ. ഒരു കുഞ്ഞുനക്ഷത്രത്തിന്റെ മിന്നാമിന്നി വെട്ടം പോലുമില്ലാത്ത കൂരിരുട്ടിൽ നിന്ന് പൂർവ്വാധികം പ്രസന്നനായി അദ്ദേഹം ഉയർന്നു വന്നതിന്റെ നാൾവഴികൾ മാത്രം എവിടെയും കാണാൻ കഴിഞ്ഞില്ല. ആ അഞ്ചു മാസത്തിന്റെ നാൾ വഴി രേഖയാണ് ഈ ബൊഹീമിയൻ ഡയറി. കോൺസൺട്രേഷൻ ക്യാമ്പിനെ ഒരു രൂപകമായി അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ട്. സമാനമായ സാഹചര്യങ്ങളിലൂടെ ഏതു കാലത്തും മനുഷ്യന് കടന്നു പോകേണ്ടതായി വരാമെന്നും അപ്പോഴെല്ലാം ജീവിതത്തിന്റെ ആത്യന്തികമായ പൊരുളിനെ മുൻനിർത്തി മറ്റെല്ലാ സഹനങ്ങളെയും കീഴ്പ്പെടുത്താൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. രൂപകത്തിലുപരി, ഏതു നിമിഷം വേണമെങ്കിലും ഒരു കോൺസൺട്രേഷൻ ക്യാമ്പിൽത്തന്നെ എത്തിപ്പെടാമെന്ന ഭീതി ഇന്ന് നമ്മെ ചൂഴ്ന്നു നില്പുണ്ട്. വേഷം മാറിയ നാസിസത്തിന്റെയും ഫാസിസത്തിന്റെയും ഏറ്റവും പുതിയ വാഴ്ചകൾക്ക് അറിയാതെയെങ്കിലും കീഴ്പ്പെട്ടുകൊണ്ടിരിക്കുന്നവരാണ് നമ്മൾ. യാത്ര ഇതേ വഴിയിലാണെങ്കിൽ ഒരു ഘട്ടത്തിൽ നമ്മളെത്താൻ പോകുന്നത് മറ്റൊരിടത്താകാനിടയില്ല തന്നെ.




വില
220


ആകെയുള്ള പ്രതീക്ഷ, സമാന്തരമായി നമുക്ക് കെട്ടിപ്പടുക്കാൻ കഴിയുന്ന ഒരു ലോകമാണ്. വെറുപ്പിന്റെ ലാഞ്ചന പോലുമില്ലാത്ത, ഓരോരുത്തരും അന്യന് വെളിച്ചമായി മാറുന്ന ആ ലോകത്തെക്കുറിച്ചുള്ള പ്രതീക്ഷാനിർഭരമായ സ്വപ്നമാണ് നേബ. ●



# ചരിത്രവും ഭാവനയും ഇടകലരുന്ന സന്ദർഭങ്ങൾ

## നിഷ അനിൽകുമാർ

**പ**ത്തൊമ്പതാമത്തെ വയസിൽ തുതിയൂർ ഗ്രന്ഥശാലയിൽ നിന്ന മാണ് സിമോൺ ഡി ബുവെയുടെ "memoirs of dutiful daughter " എന്ന പുസ്തകം വായിക്കുന്നത്. ആ പുസ്തകം വായിച്ചവസാനിച്ച നിമിഷ മാണ് യഥാർഥത്തിൽ " അവധൂതരു ടെ അടയാളങ്ങൾ " എന്ന നോവൽ എന്റെയുള്ളിൽ പിറവിയെടുത്തത്. ലോകം ഉറ്റുനോക്കിയ അനിഗ്രഹീ തരായ രണ്ട് ചിന്തകരായിരുന്ന സിമോൺ ഡി ബുവെയും ജിൻ പോൾ സാർത്രെയും കുറിച്ച് കൂടുതൽ വായിക്കാൻ ആ പുസ്തകം പ്രേരകമാവു കയായിരുന്നു. വിവാഹിതരാകാതെ ഒരു സ്ത്രീക്കും പുരുഷനും സഹയാത്രി




വില 330

കരായി ജീവിക്കാൻ സാധിക്കുമെന്ന് സ്വന്തം ജീവിതം കൊണ്ടും നിലപാ ടുകൾ കൊണ്ടും തെളിയിച്ച രണ്ടുപേ രെകുറിച്ചുള്ള കൂടുതൽ വായന ആ പ്രായത്തിൽ എന്നെ കുറച്ചൊന്നുമല്ല അതിശയിപ്പിച്ചത്. ധീരനും സ്വാതന്ത്ര്യ നും ആയിരുന്ന സാർത്ര്, എന്നാൽ ഒരു യഥാസ്ഥിക കത്തോലിക്കാ കുടും ബത്തിൽ ജനിച്ച വളർന്ന സിമോൺ സാർത്രിനെ പോലെ ഒരാളെ തിര ഞ്ഞെടുക്കാനും വെല്ലുവിളി നിറഞ്ഞ ജീവിതം സ്വീകരിക്കാനും കാണിച്ച ധൈര്യമാണ് എന്നെ ആകർഷിച്ചത്. എഴുത്തും തത്വശാസ്ത്രവും രാഷ്ട്രീ യവും മുറുകെ പിടിച്ചത് പോലെ തന്നെ അവർ പ്രണയവും വെ ല്ലുവിളിപ്പോലെ ഏറ്റെടുത്തു. വേറിട്ട ജീവിതം തിരഞ്ഞെടുത്ത രണ്ട് മനുഷ്യർക്കിടയിൽ ഉണ്ടാകാ വുന്ന എല്ലാത്തരം പൊരുത്തക്കേടു കളും സമരസപ്പെടലുകളും ഉണ്ടായി രുന്നപ്പോഴും മരണവരെയും ഇരുവരും വേർപിരിയാതെ ഉറ്റതോഴരായി ജീ വിച്ചുവെന്നതായിരുന്നു ആ ബന്ധ ത്തിന്റെ മൂല്യമേറിയ സന്ദേശവും. ആശയപരമായ നിലപാടുകളുടെ സമ്മർദത്താൽ നൊബേൽ പുര സ്കാരം തിരസ്കരിച്ചയാളായിരുന്നു സാർത്രെ. ആധുനിക മനുഷ്യന്റെ സാംസ്കാരിക ചിന്താമണ്ഡലത്തിന്റെ കൊടുങ്കാറ്റായി മാറിയ രണ്ടു മനുഷ്യർ. സിമോണിനെ വായിക്കുന്നതി ന് മുമ്പാണ് ഒരു സങ്കീർത്തനം പോലെ വായിക്കുന്നത്. അതു കൊണ്ടാകണം സിമോണിനെ വായിച്ചപ്പോൾ അവരെ കുറിച്ച് എന്നെങ്കിലും ഒരു നോവൽ എഴുത ണമെന്ന ആശയും അഭിനിവേശവും ഉള്ളിലുണ്ടായത്. പക്ഷേ ഏതാണ്ട് ഇരുപതു വർഷം വേണ്ടിവന്നു അതി നുള്ള ധൈര്യം കൈവരിക്കാൻ. പച്ചയായി ജീവിതം ജീവിച്ച രണ്ടു മനുഷ്യരെ അടയാളപ്പെടുത്തുമ്പോൾ അവരുടെ പ്രണയത്തെ മഹത്വവൽ ക്കരിക്കാതെയും വിശുദ്ധീക്കാതെ യും അവർ എങ്ങിനെ ജീവിച്ചോ അതുപോലെ ഉറന്നെഴുതണം എന്ന തായിരുന്നു ആദ്യത്തെ തീരുമാനം. അതുകൊണ്ടുതന്നെ സിമോൺ എന്ന പ്രണയിനിയുടെ,സിമോൺ ഡി ബുവെ എന്ന എഴുത്തുകാരിയു ടെ കണ്ണിലൂടെ നോക്കികണ്ടാണ് അവധൂതരുടെ അടയാളങ്ങൾ എന്ന നോവൽ രചിച്ചത്. എങ്കിലും നോവൽ അവരുടെ ജീവിതത്തിന്റെ കാർബൺ കോപ്പിയായി പോകരുതെന്ന നിർ ബന്ധം കൂടി എനിക്കുണ്ടായിരുന്നു. അതിനാൽ ഈ നോവലിൽ സത്യ ത്തെക്കാൾ കൂടുതൽ ഭാവനയുണ്ട്. ●




കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന **തളിര് സ്കോളർഷിപ്പ് 2024** ന് ജൂലൈ 1 മുതൽ രജിസ്റ്റർ ചെയ്യാം.

തളിരിന്റെ വാർഷിക വരിസംഖ്യയായ **250രൂപ** അടച്ച് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാം. **2025 ജനുവരി** മുതൽ **ഡിസംബർ** വരെയുള്ള തളിര് തപാലിൽ ലഭ്യമാവും.



https://scholarship.ksicl.kerala.gov.in/

THALIRU

**തളിര് സ്കോളർഷിപ്പ് 2024**

**14 ലക്ഷം രൂപയുടെ സ്കോളർഷിപ്പ്**

https://scholarship.ksicl.kerala.gov.in/ എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യാം

**ജില്ലാതലം**
യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി **ഓരോ ജില്ലയിലും** ചുരുങ്ങിയത് **100പേർക്ക്** സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.

**സംസ്ഥാനതലം**
ഇരു വിഭാഗത്തിലും ആദ്യ മൂന്നു റാങ്കുകാർക്ക് **10000, 5000, 3000രൂപ** എന്നിങ്ങനെ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.

100കുട്ടികളിൽ കൂടുതൽ തളിര് സ്കോളർഷിപ്പിനു ചേരുന്ന സ്കൂളുകൾക്ക് 1000രൂപയുടെ പുസ്തകങ്ങൾ

വിശദവിവരത്തിന് 8547971483 എന്ന നമ്പറിലോ scholarship@ksicl.org എന്ന ഇമെയിലിലോ ബന്ധപ്പെടാവുന്നതാണ്.

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, തിരുവനന്തപുരം 34**

# ആനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്

**ക്ലിപ്തം നമ്പർ : 919, ആനാട് പി.ഒ, നെടുമങ്ങാട്**

**ജില്ലയിലെ പ്രമുഖ സൂപ്പർഗ്രേഡ് ഫാർമേഴ്സ് ബാങ്ക്**

Ph: 2802371, 2811122 email: anadscb919@yahoo.in
web: www.anadfarmerscobank.com



| | |
|---|---|
| ആനാട് മെയിൻബ്രാഞ്ച് | (ഫോൺ : 2802257) |
| പനവൂർ | (ഫോൺ : 2865731) |
| വേങ്കവിള | (ഫോൺ : 2812270) |
| പേരയം | (ഫോൺ : 2840389) |
| ചുള്ളിമാനൂർ 12 മണിക്കൂർ ശാഖ | (ഫോൺ : 2848135) |
| പനവൂർ എം. & ഇ ബ്രാഞ്ച് | (ഫോൺ : 2867100) |

| | |
|---|---|
| അംഗങ്ങൾ | : 40000 |
| അംഗീകൃത ഓഹരി മൂലധനം | : 802.5 ലക്ഷം |
| പ്രവർത്തന മൂലധനം | : 218 കോടി |
| നിക്ഷേപങ്ങൾ | : 198 കോടി |

**എല്ലാവിധ നിക്ഷേപങ്ങൾക്കും ഉയർന്ന പലിശ നിരക്കും ഗവൺമെന്റ് ഗ്യാരന്റിയും
കാർഷിക, കാർഷികേതര വായ്പകൾ
സംയോജിത കൃഷി, കുടുംബശ്രീ വായ്പകൾ
RTGS/ NEFT സൗകര്യങ്ങൾ**

**ബാങ്ക് ഹെഡ് ഓഫീസ് ചേർന്ന് പുതിയതായി പണി കഴിപ്പിച്ച മിനിഹാൾ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുന്നു.**



- വളം ഡിപ്പോകൾ
- നീതി മെഡിക്കൽസ്റ്റോറുകൾ
- റബ്ബർ, സിമന്റ് ഡിപ്പോകൾ
- സേഫ് ഡിപ്പോസിറ്റ് ലോക്കർ
- ടെക്സ്റ്റയിൽസ്
- കാർഷിക സൗഹൃദകേന്ദ്രം

**25000 മുതൽ 10 ലക്ഷം വരെ എം.ഡി.എസ്**



**ചിട്ടിയ്ക്ക് ജാമ്യമായി സ്വർണ്ണ ഉരുപ്പടികൾ സ്വീകരിക്കുന്നതാണ്**

**ആർ.അനിൽകുമാർ**
പ്രസിഡന്റ്

**പ്രഭകുമാർ.കെ**
മാനേജിംഗ് ഡയറക്ടർ







# കഥ

## മാറുന്ന കാലത്തിന്റെ രാഷ്ട്രീയ ഭൂപടങ്ങൾ







ജനകീയ വായനയുടെ
അഞ്ച് പതിറ്റാണ്ട്

# സമൂഹത്തോടുള്ള പ്രതികരണങ്ങളാണ് എന്റെ രചനകൾ

## ബി എം സുഹറ

**ആ**ദ്യ നോവലായ കിനാവ് വായനക്കാർ രണ്ട് കൈയുംനീട്ടി സ്വീകരിച്ചപ്പോഴാണ് ഞാൻ എഴുത്തുകാരി ആണെന്ന് എനിക്ക് ബോധ്യപ്പെട്ടതും ആത്മവിശ്വാസം ഉണ്ടായതും. മുസ്ലിം അകത്തളം അതുവരെ പുരുഷ വീക്ഷണത്തിലൂടെയാണ് വായനക്കാരുടെ മുന്നിലെത്തിയിരുന്നത്. ഒരു മുസ്ലിം സ്ത്രീ മുസ്ലിം അകത്തളം അവരുടെ ഭാഷയിലും ശൈലിയിലും എഴുതിയതുകൊണ്ടാകാം വായനക്കാരുടെ ഉള്ളിലേക്ക് കടന്നു ചെല്ലാൻ സാധിച്ചത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അന്നും ഇന്നും ഏതെങ്കിലും ലക്ഷ്യം നേടാനോ പ്രചരിപ്പിക്കാൻ ഉള്ള മുൻവിധിയോടെ ഞാൻ ഒന്നും എഴുതിയിട്ടില്ല. എനിക്ക് ചുറ്റും ജീവിക്കുന്ന എന്നെപ്പോലുള്ള സാധാരണക്കാരായ സ്ത്രീകളുടെ ജീവിതം എന്റേതായ ഭാഷയിലും ശൈലിയിലും പകർത്തുന്ന ജീവിത ദുരിതങ്ങളും പങ്കപ്പാടുകളും സ്വാതന്ത്ര്യവും ആസ്വാതന്ത്ര്യവും ബോധപൂർവ്വം അല്ലാതെയാണ് എന്റെ രചനകളിൽ കടന്നുവരുന്നത്. അങ്ങനെ എഴുതുമ്പോഴേ രചനകൾക്ക് സ്വാഭാവികത ഉണ്ടാവുകയുള്ളൂ എന്നാണ് എഴുത്തു ജീവിതത്തിനിടയിൽ ഞാൻ മനസ്സിലാക്കിയത്.




താൻ കറുത്തമ്മയെ സ്നേഹിച്ചിരുന്നു എന്ന് ഏതോ അഭിമുഖത്തിൽ മുകുന്ദൻ പറഞ്ഞതായി ഒരു പത്രവാർത്ത കാണാനിടയായ സാഹചര്യമാണ് 'കുഹൂ കുഹൂ' എന്ന കഥയ്ക്ക് പിന്നിൽ. മുകുന്ദന്റെ ഭാവനക്കൊപ്പം എന്റെ ഭാവനയ്ക്കും ചിറകു മുളച്ചു. ജീവിതത്തിൽ പ്രേമിക്കാൻ അവസരം കിട്ടിയിട്ടില്ല. പ്രേമത്തെക്കുറിച്ചൊന്നും ആരും അക്കാലത്ത് പെൺകുട്ടികളുടെ മുന്നിൽ വച്ച് പോലും സംസാരിക്കാറില്ല. ആണുങ്ങൾ തുറിച്ചുനോക്കിയാൽ പോലും മാനഭംഗം സംഭവിച്ചേക്കാം എന്നൊരു സൂചന ഉമ്മയുടെ വാക്കുകളിൽ വായിച്ചിരുന്നു. അടക്കവും ഒതുക്കവും ഉള്ള പെൺകുട്ടികൾ ചീത്ത കാര്യങ്ങളായ പ്രണയം, സെക്സ് തുടങ്ങിയവയെക്കുറിച്ചൊന്നും മിണ്ടരുത്. അനുസരണക്കേട് മഹാപാപമാണ്. പ്രേമം അനുസരണക്കേടാണെന്ന ഒരു ഭയം അങ്ങനെയാണ് ഉള്ളിൽ ഉണ്ടായത്.

ചെറുപ്രായത്തിലെ വിവാഹം കഴിഞ്ഞതുകൊണ്ട് അതിനെക്കുറിച്ചൊന്നും കൂടുതൽ ആലോചിക്കാൻ അവസരം കിട്ടിയതുമില്ല. പുതുമോടി കഴിഞ്ഞതോടെ കുടുംബം പടുത്തുയർത്താനുള്ള തത്രപ്പാടിലായിരുന്നു. അതുകഴിഞ്ഞു കുട്ടികൾ, അവരുടെ വിദ്യാഭ്യാസം, അവരുടെ വിവാഹം. പേരക്കുട്ടികൾ. അപ്പോഴേക്കും തല നരച്ചു. ഇതാണ് പെണ്ണിന്റെ വിധിയെന്ന് ചെറുപ്പം മുതലേ കേട്ടു പഠിച്ചതുകൊണ്ട് ഒന്നിലും പരിഭവം തോന്നിയതുമില്ല. ഈ ജീവിതവുമായി സമരസപ്പെട്ട് കഴിയുമ്പോഴാണ് മുകുന്ദന്റെ തിയറി എന്നെ വല്ലാതെ ആകർഷിച്ചത്.

സ്കൂളിലും കോളേജിലും പഠിക്കുന്ന കാലത്ത് വായിച്ച പുസ്തകങ്ങൾക്ക് കണക്കില്ല. അതിലെ പല കഥാപാത്രങ്ങളെയും മനസ്സിലിട്ട് ആരാധിച്ചു




കൊണ്ട് നടന്ന ഒരു കാലമുണ്ടായിരുന്നു. അതിൽ ഏതെങ്കിലും ഒന്നിനെ ചുമ്മാ ഒന്ന് പ്രേമിച്ചു നോക്കാമായിരുന്നു. സ്വപ്നം കാണാൻ ആരെയും പേടിക്കേണ്ടല്ലോ. അങ്ങനെ എന്റെ ക്രിയേറ്റിവിറ്റി ഉണർന്നു. മുകളിലെ ബാൽക്കണിയിൽ വെറുതെയിരിക്കുമ്പോൾ അതിലെല്ലാം കിളികൾ വന്നിരുന്നു കലപില കൂട്ടുന്നത് കേൾക്കുന്നുണ്ടായിരുന്നു. എന്തെന്നില്ലാതെ മനസ്സ് ആകുലപ്പെട്ടിരുന്ന വേളയിലാണ് ഒരു കുയിലിന്റെ തുടരെയുള്ള കൂവൽ ഞാൻ കേട്ടത്. സ്വരത്തിനു പതിവുള്ള മാധുര്യം ഇല്ലല്ലോ നീയും എന്നെപ്പോലെ ദുഃഖിതയാണ് എന്ന് ഉറക്കെ ചോദിക്കാനും മറന്നില്ല. നീ ആരോടാണ് സംസാരിക്കുന്നത് എന്ന് ചോദിച്ചു കൊണ്ട് അപ്പോൾത്തന്നെ ഭർത്താവ് അവിടെ എത്തി. കുയിലിനോട് എന്ന മറുപടി കേട്ട് നിന്റെ ഓരോ വട്ട് എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം വന്ന അതേ സ്പീഡിൽ അകത്തേക്ക് വലിഞ്ഞു. അടുത്ത കുറെ ദിവസങ്ങളിൽ നിരന്തരമുള്ള കുയിലിന്റെ കൂവൽ എന്നെ വല്ലാതെ അലോസരപ്പെടുത്തി. ഈ കൂവൽ കുയിലിന്റെ വിങ്ങലായിട്ടാണ് എനിക്ക് തോന്നിയത്. കുയിലിന്റെ സങ്കടം എന്നിലേക്കും പടർന്നു. അക്കാര്യം മനസ്സിലിട്ടുകൊണ്ട് നടന്നപ്പോഴാണ് മുകുന്ദന്റെ പത്രവാർത്ത കണ്ടത്. അങ്ങനെ കുഹൂ കുഹൂ എന്ന കഥ ഉണ്ടാകുന്നു. ●

# കാട് പറഞ്ഞ കഥകൾ

## ജെ ആർ അനി

**എ**ഴുതാൻ തുടങ്ങിയപ്പോൾ വനം വകുപ്പിലെ രണ്ട് ദശാബ്ദങ്ങൾക്കുമപ്പുറം നീണ്ട ജോലിക്കിടയിൽ പരിചയിച്ച പല കഥാപാത്രങ്ങളും സന്ദർഭങ്ങളും അവരവരുടെ കഥകളുമായി




സ്വയം എന്റെ മുന്നിലേയ്ക്ക് വരികയായിരുന്നില്ലേ എന്നാണ് ഞാനിപ്പോൾ സംശയിക്കുന്നത്. അല്ലാതെ കാട് പറഞ്ഞ കഥകളിൽ പ്രതിപാദിച്ചവയൊക്കെയും ഞാൻ മനഃപൂർവ്വം സൃഷ്ടിച്ചെടുത്ത കഥകളോ വരഞ്ഞിട്ട സന്ദർഭങ്ങളോ ആയിരുന്നില്ല എന്നതാണ് സത്യം. ഒരർത്ഥത്തിൽ എല്ലാ എഴുത്തുകാരെ സംബന്ധിച്ചും അതുതന്നെ ശരിയെന്ന് തോന്നുന്നു. ഇവിടെ അത് കാടിനെക്കുറിച്ചും അതിനകത്തെ മൃഗങ്ങളേയും അവരോടിടപഴകിയ കുറച്ച് മനുഷ്യരേയും കുറിച്ചുള്ള കഥകളായി എന്നുമാത്രം. പാരായണക്ഷമതയ്ക്കായി നടത്തിയിട്ടുള്ള ചില കൂട്ടിച്ചേർക്കലുകൾ മാത്രമാണ് ശരിക്കുമുള്ള എന്റെ സംഭാവന എന്നും പറയാം.

ഓരോ ആഖ്യാനങ്ങളിലും ഇതൾ വിരിയുന്ന സന്ദർഭങ്ങളിൽ അതിലൊക്കയും ഭാഗഭാക്കുകളായിരുന്നതും വിശേഷബുദ്ധിയില്ലാത്തതുമായ മൃഗങ്ങളുടെ തീരെ പ്രതീക്ഷിക്കാത്ത




പ്രതികരണങ്ങൾക്ക് പിന്നിൽ മനുഷ്യന്റെ തന്നെ ചെയ്തികളാണെന്ന തിരിച്ചറിവിൽ നിന്നാകാം ഇതിലെ കഥകൾ ഉരുവം കൊണ്ടത്. ഞാൻ പരിചയിച്ച സന്ദർഭങ്ങളും മൃഗപക്ഷത്തുനിന്നുമുള്ള അത്തരത്തിലൊരു ഉറന്ന പറച്ചിലിന് വഴിമരുന്നിട്ടു എന്നുമാത്രം. വായനക്കാർക്കത് സംവേദനക്ഷമമായി എന്നറിയുമ്പോൾ ഇന്ന് അനല്പമായ സന്തോഷവും. ●




# കഥയില്ലാക്കാലത്തെ കഥനങ്ങൾ

## എം മഞ്ജു



വില 180

**വാ**യന തരുന്ന സന്തോഷം പറഞ്ഞറിയിക്കാനാവാത്തതാണ്.എഴുത്തിന്റെ താക്കോൽ വീണു കിട്ടിയതും വായന തന്ന സങ്കല്പലോകത്തു നിന്നാണ്. മുന്നൊരുക്കിയ പാതകളെ വിട്ട്, കാറ്റിൽ പറത്തിയ സദാചാര ബോധത്തോടെ സമൂഹത്തിന്റെ പൊങ്ങച്ചങ്ങളെ കോക്രി കാണിച്ചുകൊണ്ട് അപഥസഞ്ചാരികളായ ഒരു കൂട്ടം പെണ്ണുങ്ങളും ആണുങ്ങളും എന്റെ കഥകളിൽ മേഞ്ഞു നടക്കുന്നുണ്ട്. ജീവിതത്തിലില്ലാത്ത ധൈര്യം അവർ എഴുത്തിൽ കാണിക്കുന്നു. പക്ഷേ അപ്പോഴും ഒരു കഥ എഴുത്തുകാരി എന്ന പദവി അതിന്റെ പൂർണ്ണ അർത്ഥത്തിൽ ആസ്വദിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചോദിച്ചാൽ കഴിഞ്ഞിട്ടില്ല. എന്നുതന്നെപറയേണ്ടിവരും.

കണ്ട കാഴ്ചകളും കേട്ടവാർത്തകളുമൊക്കെ ത്തന്നെയാവണം ഉള്ളിൽ കിടന്ന് കഥയായി മാറുന്നത്. തെരക്കെന്ന നാട്യത്തിൽ, കഥയെ പലപ്പോഴും ഒഴിവാക്കി നടന്നകലാറുണ്ട്. എഴുതിത്തീരുവോളം കഥ തരുന്ന ആത്മസംഘർഷത്തെ ഭയന്നാണിങ്ങനെ ചെയ്യുന്നത്എന്നാലും ഏതെങ്കിലും ഇരുണ്ട മുട്ടുകകളിൽ വെച്ച് കഥയെന്നെ പിടികൂടും. പിന്നെയൊരു യുദ്ധമാണ്, ഞങ്ങൾ തമ്മിൽ. കഥയുടെ മലരിയിലും ചുഴിയിലും പെട്ട് ഒഴുകി യൊഴുകി ഒരിടത്തടിയണം. എത്ര ജീവിതങ്ങളാണ് കഥയെനിക്കു തന്നത്. ബോർഹേസിന്റെ ഷേക്സ്പിയറെപ്പോലെ ഓരോ നാടകങ്ങളും ആടി ആടി ഓരോ കഥാ



പാത്രമായി മാറി മാറി ഞാനെന്നെ ത്തന്നെ മറക്കുന്നു. കഥയും ഞാനും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളിൽ കഥ എന്നിലേക്കും ഞാൻ കഥയിലേക്കും പരാവർത്തനം ചെയ്യപ്പെടുന്നു.. കഥ യില്ലാത്ത ലോകത്തിൽ വെറുമൊരു കഥ മാത്രമായ എനിക്കും അസ്ഥിത്വമില്ലാതാകും. എഴുത്തച്ഛൻ തത്തയോടെന്ന പോലെ ഞാനും കഥയോടു സവിനയം പറയട്ടെ കഥയമമ കഥയമമ കഥകളതി സാദരം. ●


തിരുവനന്തപുരം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് എംപ്ലോയീസ്
സഹകരണ സംഘം ക്ലിപ്തം നം. ടി-344

വികാസ്ഭവൻ, തിരുവനന്തപുരം.

We provide loans with low interest rate.

For fixed deposits you get attractive interest.

Also we conduct MDS

Thiruvananthapuram District Local Fund Audit Employees
Co-operative Society Ltd. No. T 344
Vikas Bhavan, Thiruvananthapuram

President
Umma Beegum MS
9446319763

Secretary
Arunkumar s
9895984449

Nutrition in a Nutshell

CASHEW DEVELOPMENT CORPORATION

CDC Cashews

# ആസ്വദിക്കാം, ക്യാഷ്യു ഇനി പുതിയ രൂപത്തിൽ !

Kerala State Cashew Development Corporation Ltd (KSCDC) is a fully owned Government Company operating 30 Cashew Factories across Kerala. The best quality kernels in taste and size is a nature's gift in Kerala. Kerala the land of traditional Cashew Industry is glorified by its finest quality of Cashew products from 18th century onwards. The practice of traditional drum roasting added its natural flavor.




KSCDC
Ultimate Nourishment

CDC CASHEWS

Processed & Pkd. by: **Kerala State Cashew Development Corporation Ltd.**
(A Government of Kerala Undertaking) "Cashew House" Mundakkal
Kollam 691 001, INDIA | Tel. 91 474 2742273
An ISO 22000-2005 Certified Company | fssai Lic. No. 10019041002036
For feedback & suggestions contact "Customer Service" Cashew House, Mundakkal, Kollam 691 001 | Tel. 91 474 2742273 E.mail: ho@cashewcorporation.com | www.cashewcorporation.com

Kerala State Cashew Development Corporation
The KING of NUTS
SINCE 1969

# കലുഷിതകാലത്തിന്റെ അടയാളങ്ങൾ


## അർജ്ജുൻ അടാട്ട്

"എനിക്കുണ്ടൊരു ലോകം നിനക്കുണ്ടൊരു ലോകം നമുക്കില്ലൊരു ലോകം"

കുഞ്ഞുണ്ണി മാഷിന്റെ വരികളാണ്, ഇതാണ് സത്യം എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. മനുഷ്യർ അവരവരുടെ ലോകങ്ങളിലാണ്,രണ്ട് പേർ ഒരു വിഷയത്തെ ഉൾക്കൊള്ളുന്നതും നോക്കി കാണുന്നതും രണ്ട് രീതിയിൽ ആയിരിക്കും.

പെൺ ടയാർക്കിയിലെ കഥകൾ എഴുതുമ്പോൾ, ലളിതയിലൂടെയും, ചേണ്ട നിലൂടെയും, പൊന്നനിലൂടെയും ഒക്കെ കഥകൾ പറയുമ്പോൾ ഓരോ കഥാപാത്രങ്ങൾക്കും അവരുടെ ലോകം സൃഷ്ടിക്കാനും പറയുന്ന വിഷയത്തെ അവരുടെ വീക്ഷണകോണിൽ നിന്ന് കാണാനും ഞാൻ ബോധപൂർവ്വം ശ്രമിച്ചിട്ടുണ്ട്.

കായികമായും ആയുധമായും ഉള്ള മേയ് കോയ്മയേ ക്കാൾ 'ഭയം' എന്ന വികാരമാണ് ആര് വേട്ടയാടണം, ആരെ വേട്ടയാടണം എന്ന് തീരുമാനിക്കുന്നത്. ഭയം ആരുടെ ഭാഗത്താണോ അവരാണ് ഇരയായി മാറുന്നത് എന്നെനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. "വേട്ടക്കൊരു മകൻ" എന്ന കഥയിൽ ഒരേ സമയം കഥാപാത്രങ്ങൾ വേട്ടക്കാരും, ഇരയും ആയി മാറുന്നുണ്ട്.




ഞാൻ ജനിച്ച് വളർന്ന നാട്ടിൻ പുറങ്ങളിൽ ജാതി കൊണ്ട് ഒറ്റപ്പെട്ട, ഒറ്റക്ക് ജീവിക്കുന്ന പലരേയും ഞാൻ കണ്ടിട്ടുണ്ട്. പറമ്പുകളിലും പാടത്തുമെല്ലാം പണിയെടുക്കുന്ന ജീവനുള്ള ഉപകരണങ്ങൾ! അവരെല്ലാം, "ചേണ്ട ന്റെ ചൂരുള്ള ചന്ദനം" എന്ന കഥയെഴുതുമ്പോൾ എന്റെ ചുറ്റും ഉണ്ടായിരുന്നെന്ന് ഞാൻ വിശ്വസിക്കുന്നു, ചേണ്ടനിലൂടെ അവരുടെ കഥപറയാൻ എന്റെ പേന ചലിപ്പിച്ചത്, ഒറ്റപ്പെട്ട് മറഞ്ഞ് പോയ, എന്റെ നാട്ടുകാരായ അപ്പുണ്ണിം, കുഞ്ഞാടീം ഒക്കെയാണ്.

എന്നാൽ തേർവാഴ്ചയിലെ രാവുണ്ണി മേനോൻ ജാതിയുടെ ലഹരി അനുഭവിക്കുന്ന ആളാണ്. സഹജീവി സ്നേഹവും കരുണയുമെല്ലാം ഉണ്ടാക്കിയെടുക്കുന്നതിലും എളുപ്പംപാപബോധം ഉണ്ടാക്കുകയാണ്. ഈ ഭക്ഷണം കഴിച്ചാൽ പാപം, ആ സ്ഥലത്ത് പോയാൽ പാപം, തൊട്ടാൽ പാപം എന്നിങ്ങനെ അടിച്ചമർത്താൻ ഉപയോഗിച്ച് പോന്ന പാപ ബോധം, ചൂഷണം ചെയ്യുന്നവനുള്ള താക്കീതായി തിരിച്ചും പറയാം എന്ന ആശയത്തിൽ നിന്നാണ് "തേർവാഴ്ച " എന്ന കഥ വന്നത്.

പുതിയ കാലത്തിന്റെ ചൂഷിത വർഗ്ഗം കടന്ന് പോകുന്നത് ഒരു "കാഫ്കേസ്ക്" " (Kafkaesque)ലൂടെയാണ്. ഞാനും ഒരു കാലത്ത് ആ ഒരു വ്യക്തതയില്ലായ്മ അനുഭവിച്ചിരുന്നു. എന്റെ അതിജീവനത്തിന്റെ ആവശ്യവും, ഇഷ്ടമുള്ള പോലെ ജീവിക്കാനുള്ള കൊതിയുമാണ് സെയിൽസ്മാനും എഴുത്തുകാരനുമായി "ഷാങ്ങ് പ്രീ സുന്ദരിയും, പ്ലാസ്മാ ക്ലസ്റ്ററും" എന്ന കഥയിൽ അക്ഷര കുപ്പായമണിഞ്ഞു.

ഇതിലെ ആദ്യ കഥയായ പെൺടയാർക്കി- ആ പേര് വന്നത് "പേടയാർക്കി" (Patriarchy) എന്ന




വില
130

വാക്കിൽ നിന്നാണ്. ഏതൊരു ജീവജാലത്തേയും പോലെ തങ്ങളുടെ തന്നെ പകർപ്പുകളെ ഉണ്ടാക്കുക എന്നത് മനുഷ്യന്റേയും ആവശ്യമാണ്. എന്നാൽ മനുഷ്യനിൽ ഈ കാമന മറ്റ് പല തലങ്ങളിലേക്കും പോകുന്നു, ഇതിലെവിടെയോ, എപ്പോളോ "സ്ത്രീ" എന്നത് ഒരു ഭോഗവസ്തു വായി മാറി, "മണ്ണിനും, പൊന്നിനുമൊപ്പം ചേർന്നുനിൽക്കുന്ന ഒരു വാക്കായി "പെണ്ണ്". "പെൺടയാർക്കി"യിലെ മായയും ലളിതയും ആൺകോയ്മ ചവച്ച് തുപ്പിയെറിഞ്ഞ രണ്ട് പേരാണ്. അവർ പരസ്പരം പ്രണയിക്കുകയും അവർക്ക് ഒരു കുഞ്ഞ് വേണം,എന്ന ആവശ്യത്തിന് ആണിനെ ഭോഗ വസ്തുവാക്കുകയും ചെയ്യുമ്പോൾ അത് "പെൺടയാർക്കി "യായി.

ഇങ്ങിനെ 9 ആശയങ്ങൾ, 9 കഥകളിലൂടെ, 9 വ്യത്യസ്ത കഥാ കഥന രീതിയിലൂടെ, നിങ്ങളുടെ വായനയിലേക്ക്, കഥകളതി സാദരം. ●

# കേരള സർക്കാർ

# ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്

# സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം






**വിദ്യാർത്ഥികൾക്ക് മാത്രമായുള്ള സംസ്ഥാന സർക്കാരിന്റെ നിക്ഷേപ പദ്ധതി**

**സംസ്ഥാന ട്രഷറിയും വിദ്യാഭ്യാസ വകുപ്പുമായി കൈകോർക്കുന്ന പദ്ധതി**

## നാളേക്ക് നല്ലതിന് വിദ്യയോടൊപ്പം സമ്പാദ്യവും

- വിദ്യാർത്ഥികൾക്ക് ബാങ്കിംഗ് പ്രവർത്തനം പരിശീലിച്ച് സമ്പാദ്യശീലം വളർത്താം
- നിക്ഷേപം വിദ്യാലയങ്ങളിലൂടെ മാത്രം
- ട്രഷറി സേവിംഗ്സ് നിക്ഷേപ നിരക്കിൽ പലിശ ലഭിക്കുന്നു.
- നിക്ഷേപത്തിലൂടെ സ്വന്തം സ്കൂളിന്റെ വികസനവും
- രേഖാമൂലം ആവശ്യപ്പെട്ടാലോ സ്കൂളിൽ നിന്നും വിടുതൽ ചെയ്താലോ തുക മടക്കി ലഭിക്കുന്നു.


**കൂടുതൽ വിവരങ്ങൾക്ക്**

ജില്ലാ ഓഫീസുകൾ: തിരുവനന്തപുരം- 0471-2478731, കൊല്ലം- 0474- 2798127, പത്തനംതിട്ട- 0468-2222386, ആലപ്പുഴ- 0477-2251693, കോട്ടയം- 0481-2568324, ഇടുക്കി- 0486-2233005, എറണാകുളം- 0484-2422203, തൃശ്ശൂർ- 0487-2361566, പാലക്കാട്- 0491-2505920, മലപ്പുറം- 0483-2737477, കോഴിക്കോട്- 0495-2370678, വയനാട്- 0493-6204260, കണ്ണൂർ- 0497-2700973, കാസർഗോഡ്- 0499-4255151

ഡയറക്ടർ
ദേശീയ സമ്പാദ്യപദ്ധതി വകുപ്പ്

# സാധാരണക്കാരന്റെ (അ) സാധാരണ ജീവിതമെഴുത്തുകൾ

## രാജീവ് ജി ഇടവ




വില
170

**കു**റച്ചുകാലം സർവ്വീസിന്റെ ഭാഗമായി ഇന്ത്യയുടെ പലയിടങ്ങളിലും ജീവിക്കേണ്ടിവന്നിട്ടുണ്ട്. കാണാൻ പാടില്ലാത്തതും മനസ്സിനെ നോവിക്കുന്നതുമായ നിരവധി കാഴ്ചകൾ കണ്ടു. അതൊക്കെ ഉള്ളിൽ കിടന്ന് അലോസരപ്പെടുത്തുന്ന ചില നേരങ്ങളുണ്ട്.അന്നേരം അക്ഷരങ്ങളായി പെയ്തിറങ്ങും.ഈ ജീവിതം മതിയാകില്ല കണ്ടതൊക്കെ എഴുതി തീർക്കാനെന്ന് പലപ്പോഴും തോന്നാറുണ്ട്. അതൊക്കെ അച്ചടിച്ച് വരുമ്പോൾ കിട്ടുന്ന പ്രതികരണങ്ങളും പ്രോത്സാഹനങ്ങളും എഴുത്ത് തുടരാനുള്ള ഊർജ്ജം പകർന്ന തരും.മറ്റൊന്ന് വായന. ഗൗരവമായി വായിക്കുന്നൊരാളായതുകൊണ്ട് എഴുതാനുള്ള പ്രചോദനം വായനയിൽ നിന്നും കുറച്ചൊന്നുമല്ല കിട്ടുന്നത്. വായിക്കാതെയും എഴുതാതെയും ജീവിക്കാനാകില്ലെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.സത്യത്തിൽ രണ്ടും ജീവശ്വാസമായി മാറി.

ചാക്കാലക്കളി കഥാസമാഹാരത്തിലെ പതിമൂന്ന് കഥകളും പതിമൂന്ന് പരിസരങ്ങളിൽ നിന്നും കണ്ടെടുത്തതാണ്. ഓരോ കഥയും വ്യത്യസ്തമായിരിക്കണമെന്നും അത് തീവ്രമായിരിക്കണമെന്നും നിർബന്ധമുണ്ട്. വായനക്കാരന്റെ ഉള്ളിൽ ചെറുചലനമെങ്കിലുമുണ്ടാക്കാൻ പാകത്തിലാകണം ഓരോ എഴുത്തും.ആ കരുതലോടെയാണ് എഴുതുന്നതും. വായനക്കാർ സോഷ്യൽ മീഡിയയിലും അല്ലാതെയുമൊക്കെ കഥ നന്നായി എന്ന് പറയുമ്പോൾ എഴുതാനുള്ള ഊർജ്ജം വന്നു ചേരും.പട്ടാള സർവ്വീസിന്റെ കാലത്തുള്ള അനുഭവങ്ങളൊക്കെ ഈ സമാഹാരത്തിലും കഥയായി രൂപപ്പെട്ടിട്ടുണ്ട്. 'വാലിയും മരണപ്പോരും' അത്തരത്തിലുള്ള കഥകളാണ്. പട്ടാളക്കാരുടെ സങ്കടങ്ങളും ദുരിതങ്ങളുമൊക്കെ ആ കഥകളിലുണ്ട്. ചാക്കാലക്കളി എന്ന കഥ കൊറോണക്കാലത്തെ അടച്ചിടലിൽ നിന്നും രൂപപ്പെട്ടതാണ്. മനുഷ്യൻ ഒരു കുഞ്ഞ് വൈറസ്സിനുമുന്നിൽ പകച്ചുപോയ കാലം. ആ സമയത്തെ സാധാരണ മലയാളികളുടെ ജീവിതം ആ കഥയിലുണ്ട്. ചാക്കാലക്കളിയും ആ സമാഹാരത്തിലെ മറ്റു കഥകളും ഒരു നൊമ്പരമായി മാറിയെന്ന പറഞ്ഞ ഒരു വായനക്കാരിയുണ്ട്.അത്തരത്തിലുള്ള അഭിപ്രായങ്ങൾ ചാക്കാലളിയ്ക്ക് കിട്ടിയ അംഗീകാരങ്ങളാണ്.

വളരെ മികച്ച പ്രതികരണങ്ങളാണ് ചാക്കാലക്കളിയ്ക്ക് വായനക്കാരിൽ നിന്നും ലഭിക്കുന്നത്. സോഷ്യൽ മീഡിയയിലും,അല്ലാതെയും അഭിപ്രായങ്ങൾ വന്നുകൊണ്ടിരിക്കുന്നു. പുതിയ കഥകൾക്കായുള്ള അന്വേഷണമാണ് എപ്പോഴും. നമ്മുടെ ജീവിത പരിസരത്ത് നിന്നുള്ള വിഷയങ്ങളോടാണ് കൂടുതൽ താല്പര്യം. സാധാരണക്കാരുടെ ജീവിതം സത്യസന്ധമായി പറയാനുള്ള ശ്രമം. ഒരുപാട് കഥകളുണ്ട് നമുക്ക് ചുറ്റും.ശ്രദ്ധയോടെ നിരീക്ഷിക്കണമെന്ന മാത്രം. അങ്ങനെ കിട്ടുന്നതൊക്കെ വായനക്കാരനെ പുസ്തകത്തോട് ചേർത്തുപിടിക്കുന്ന ശൈലിയിൽ എഴുതുന്നു. •




**പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക്**

**ക്ലിപ്തം നമ്പർ 1412, തിരുവനന്തപുരം – 695005**

സൂപ്പർഗ്രേഡ് ബാങ്ക്

www.pscb1412.com, e-mail : pscb1412@gmail.com, Ph : 0471 2432127, 2349927

പ്രസിഡന്റ് : 2439928 // സെക്രട്ടറി : 2439927

| | | |
|---|---|---|
| ഹെഡാഫീസ് : 2436203 | ശാസ്മംഗലം ബ്രാഞ്ച് : 2726898 | M & E ബ്രാഞ്ച് : 2430750 |
| മെയിൻ ബ്രാഞ്ച് : 2432127 | പരുത്തിപ്പാറ ബ്രാഞ്ച് : 2542349 | വഴയില ബ്രാഞ്ച് : 2372399 |
| ചിട്ടി ബ്രാഞ്ച് : 2432127 | കുടപ്പനക്കുന്ന് ബ്രാഞ്ച് : 2733041 | മണ്ണാംമൂല ബ്രാഞ്ച് : 2432200 |

**സേവനത്തിന്റെയും വിശ്വാസത്തിന്റേയും പാതയിൽ 98 വർഷങ്ങൾ**

**രാവിലെ 8.00 മണിമുതൽ രാത്രി 7.00 മണിവരെയുള്ള ബാങ്കിംഗ് ഇടപാടുകൾ**

- 'A' ക്ലാസ് അംഗങ്ങൾക്ക് 50 ലക്ഷം രൂപവരെ വായ്പ
- തിരുവനന്തപുരം ജില്ലയിലുള്ള കച്ചവടക്കാർക്ക് 50 ലക്ഷം രൂപ വരെ കച്ചവട വായ്പ
- ഭവനനിർമ്മാണത്തിന് 25 ലക്ഷം രൂപവരെ വായ്പ
- കാർഷികവായ്പ, കുടുംബശ്രീ വായ്പ
- സ്വർണ്ണപ്പണയവായ്പ – കുറഞ്ഞ പലിശനിരക്ക്, ഗ്രാമിന് 4800 വരെ
- 30 ലക്ഷം രൂപവരെ സലയുള്ള MDS
- വെസ്റ്റേൺ യൂണിയൻ മണിട്രാൻസ്ഫർ, RTGS, ATM
- നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, മെഡിക്കൽ ലാബ്

അഡ്വ. എം. ജി. മീനാംബിക (പ്രസിഡന്റ്) 9495123499

ബി. യമുന (സെക്രട്ടറി) 9496256851

# കഥ

## അനുഭവങ്ങൾ അടയാളങ്ങൾ

ജനകീയ വായനയുടെ
അഞ്ച് പതിറ്റാണ്ട്

# എനിക്ക് ഏറ്റവും പ്രിയപ്പെട്ട പുസ്തകം

## അമൽ

**പി**രപ്പൻകോട് ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ പ്ലസ് ടുവിന് പഠിക്കുന്ന കാലത്ത് ദേശാഭിമാനി ദിനപത്രത്തിലാണ് എന്റെ ആദ്യ കഥ അച്ചടിച്ചു വന്നത്. എന്റെ ഗാന്ധി എന്നൊരു കുഞ്ഞു കഥയായിരുന്നു അത്. അപകർഷതയുടെയും അരക്ഷിതാവസ്ഥയുടെയും വിവരണാതീതമായ ഇരുണ്ട ഗർത്തങ്ങളിൽ ആണ്ടു കിടന്നിരുന്ന എന്റെ തീർത്തും സ്വകാര്യമായ അപരരക്ഷാലോകമായിരുന്നു, സുരക്ഷാസങ്കേതമായിരുന്ന എഴുത്തും വായനയും. എഴുത്തിലേക്ക് എങ്ങനെ എത്താം എന്നൊന്നും അറിയില്ലായിരുന്നു. എഴുതുന്ന കാര്യം തീരെ രഹസ്യമായി, ഒരാളോടും പങ്കുവയ്ക്കാതെ കാത്തുസൂക്ഷിച്ചു വന്നു. എഴുത്തു ലോകത്ത് പരിചയക്കാർ ആരും ഇല്ലായിരുന്നു. പരമാവധി വായിക്കാൻ ശ്രമിച്ചു. ഒപ്പം ഇരുചെവിയും കണ്ണും അറിയാതെ നോട്ട് ബുക്കുകളിൽ കഥകൾ എഴുതിക്കൂട്ടി. അവ ഉപേക്ഷിച്ച് ഉപേക്ഷിച്ച് പരാജയപ്പെട്ട് പരാജയപ്പെട്ട് ആയിരുന്നു കഥ എഴുതി പഠിച്ചത്.

മാവേലിക്കര രാജാരവിവർമ്മ കോളേജിൽ മൊബൈൽ ഫോണോ ഇന്റർനെറ്റോ വാട്സ്ആപ്പോ ഫേസ്ബുക്കോ ഇല്ലാത്ത വളരെ തെളിഞ്ഞ ഒരന്തരീക്ഷത്തിൽ രണ്ടാം വർഷം പഠിക്കവേ സംഘർഷഭരിതമായ ഒരു സമയത്ത് 'ആശ്വാസമേകുന്ന നുണകൾ' എന്ന കഥ എഴുതി. ഒരു സംശയവും കൂടാതെ ദേശാഭിമാനി വാരികയിലേക്ക് അയച്ചു. അത്ഭുതപ്പെടുത്തിക്കൊണ്ട് അത് പ്രാധാന്യത്തോടെ അച്ചടിച്ചു വന്നു. ഞാനൊഴികെ ഒരാളും അത് അറിഞ്ഞില്ല. ആരെന്നോ എന്തെന്നോ അറിയാത്ത ഒരു ചെക്കൻ അയക്കുന്ന കഥകൾ ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന ദേശാഭിമാനിയോട് വല്ലാത്ത സ്നേഹവും അടുപ്പവും തോന്നി. പിന്നീട് 'സംഘഗാനം പാടുന്ന ഒരാൾ', 'നെയിം സ്ലിപ്പ് ഇളക്കി മാറ്റുന്ന പെൺകുട്ടി', 'ഒരു ബൈബിൾ ചിത്രം : സ്കീം ഓഫ് ദി തിങ്കർ' എന്നിങ്ങനെ കഥകൾ ദേശാഭിമാനി വാരികയിൽ തുടരെ അച്ചടിച്ചു വന്നു. രണ്ട് മൂന്ന് കവിതകളും ദേശാഭിമാനി പ്രസിദ്ധീകരിച്ചു എന്ന് പറഞ്ഞാൽ ഞാൻ പോലും ഇന്ന് വിശ്വസിക്കില്ല. To എഡിറ്റർ എന്ന് പറഞ്ഞയക്കും എന്നല്ലാതെ ആരായിരുന്നു അന്ന് എഡിറ്റർ എന്ന് പോലും അറിയില്ലായിരുന്നു.

പിരപ്പൻകോട്ടെ വീട്ടിൽ എല്ലാ വെള്ളിയാഴ്ചയും അന്നും ഇന്നും കുറിക്കാശ്, വട്ടിക്കാശ് പിരിക്കാൻ മഞ്ഞ കാർഡുമായി വരുന്ന തമിഴനെ കേന്ദ്ര കഥാപാത്രം ആക്കി എഴുതിയ 'മഞ്ഞക്കാർഡുകളുടെ സുവിശേഷം' എന്ന കഥ ചില കലാലയ കഥാപുരസ്കാരങ്ങൾ നേടിയതോടെയാണ് എഴുതുന്ന കാര്യം കോളേജിലും പുറത്തുമൊക്കെ അറിഞ്ഞു തുടങ്ങിയത്. ധാരാളം കുഞ്ഞു കഥകൾക്ക് പുറമേ രണ്ടു പുസ്തകങ്ങൾക്കുള്ള ചെറുകഥകൾ കോളേജിൽ വച്ച് തന്നെ എഴുതി അച്ചടിച്ചു വരികയുണ്ടായി. കോളേജിലേക്ക് വേണ്ട വരകളും കാർട്ടൂണുകളും കൂടി ചെയ്യുന്നുണ്ടായിരുന്നു. ഏകാന്തമായി വളരെയധികം കഠിനാധ്വാനം ചെയ്ത ആ നാളുകൾ ആണ് ഇന്നത്തെ ജീവിതത്തിന്റെ, എഴുത്ത് ജീവിതത്തിന്റെ അടിത്തറ.






പിന്നീട് രാജേഷ് ചിറപ്പാട് ദാദ ചിന്തയിൽ ഉണ്ടായിരുന്ന സമയത്ത് കോളേജ് കാലത്ത് ദേശാഭിമാനി വാരിക പ്രസിദ്ധീകരിച്ച കഥകൾ, രാജേഷ് കെ എരുമേലി ജനയുഗം വാരാന്തം എഡിറ്റർ ആയിരുന്നപ്പോൾ പ്രസിദ്ധീകരിച്ച കഥകൾ, കവനാലയം ബോസ് സാറിന്റെ സാകേതം വാരികയിൽ പ്രസിദ്ധീകരിച്ച കഥകൾ, അശോക് കുമാർ മാഷ് അകം വാരികയിൽ പ്രസിദ്ധീകരിച്ച കഥകൾ ഒക്കെ കഥാസമാഹാരം ചെയ്യാനായി ഏൽപ്പിക്കുകയായിരുന്നു. അതാണ് 2015 മാർച്ചിൽ ചിന്ത വഴി പുറത്തിറങ്ങിയ 'മഞ്ഞക്കാർഡുകളുടെ സുവിശേഷം'. പ്രശസ്ത ചിത്രകാരനായ പ്രഭാകരനും ഭാര്യ കബിത മുഖോപാധ്യായയും ആയിരുന്നു കവർ ചിത്രം ചെയ്തത്. രണ്ടാം പതിപ്പിന് ചിത്രകാരനായ വിനോദ് KT മുഖപടം ഒരുക്കി. കുറ്റവും കുറവുകളും ധാരാളം കണ്ടെത്താനാകും എന്നാലും 'മഞ്ഞക്കാർഡുകളുടെ സുവിശേഷം' പല കാരണങ്ങൾ കൊണ്ടും എനിക്ക് ഏറ്റവും പ്രിയപ്പെട്ട പുസ്തകമാണ്. ദേശാഭിമാനിക്കും ചിന്തയ്ക്കും ഒപ്പം നിന്ന മറ്റെല്ലാ പ്രിയപ്പെട്ടവർക്കും ഹൃദയാദരങ്ങൾ. ●

# എഴുതാതിരിക്കുമ്പോൾ ഞാനത്ര സേഫല്ല...!

## കെ എസ് രതീഷ്



**ഞാ**നേറ്റവും കൂടുതൽ നേരിട്ട ചോദ്യങ്ങളാണ് ഞാനെന്നാണ് എഴുതാൻ തുടങ്ങിയത്, എന്തിനാണ് എഴുതുന്നത്? മറ്റാരുമല്ല ഞാൻ തന്നെയാണ് എന്നോട് ഇതേറ്റവും കൂടുതൽ തവണ ചോദിക്കുന്നത് എന്നതാണ് ഇതിന്റെ മറ്റൊരു രസം. അവധിക്കാലങ്ങളിൽ ഞാൻ വളർന്ന അനാഥമന്ദിരത്തിൽ ആളൊഴിയും നൂറോളം കിടക്കകളും ഒരു അടുക്കളയും വലിയ തെങ്ങിൻ തോപ്പും അളക്കുകല്ലും നിരകളായ ശുചിമുറിയും ഞങ്ങൾ മൂന്നോ നാലോ ആർക്കും വേണ്ടാത്ത മൂത്രമണമുള്ള കുട്ടികളും മാത്രമാകും. അവധിക്കാലത്തിന്റെ ആദ്യ ദിനങ്ങൾ ഇരുട്ടുള്ള പല കോണുകളിൽ നിന്ന് കരച്ചിലിന്റെ കോറസുകളാണ്. രാത്രികളിൽ അത് ഭയന്ന നിലവിളികളാകും. ഒരു കട്ടിലിൽ ഞങ്ങൾ ഒട്ടിക്കിടക്കും. ആ കിടപ്പിൽ ആരെങ്കിലും വീടിനെക്കുറിച്ച് കള്ളം പറയും എന്നിട്ടും ബാക്കിയുള്ളവർ അതങ്ങ് വിശ്വസിക്കും. നിങ്ങൾക്ക് അറിയാഞ്ഞിട്ടാണ് കള്ളമെങ്കിലും അത് പറയുമ്പോ പറയുന്നവന്റെ സന്തോഷം ഇരട്ടിക്കുന്നത് മുന്നിലിരുന്ന് കണ്ണ് നിറച്ച് കേൾക്കുന്നവനെ കാണുമ്പോഴാണ്.അങ്ങനെ എല്ലാവരുടെ കഥയും എല്ലാവരും വിശ്വസിക്കും. ആ കഥയെ അതിലും മികച്ച രീതിയിൽ അവധിക്കാലം തീരുംവരെ ഞങ്ങൾ എത്രയോ തവണ പറഞ്ഞിട്ടുണ്ടാകും. അങ്ങനെ പറഞ്ഞുപറഞ്ഞ് ഈ പറയുന്നവന് പോലും കള്ളവും സത്യവും ഏതെന്ന് തിരിച്ചറിയാൻ കഴിയാത്ത ആ ഉന്മാദത്തിൽ ഞങ്ങളെത്തും. ഇല്ലാത്തതിനെ ഉണ്ടാക്കുന്ന മാജിക്കൽ റിയലിസം.

അവധികഴിഞ്ഞു വരുന്നവർ പോലും ഞങ്ങളുടെ കഥ കേട്ട് കണ്ണും മിഴിച്ചിരിക്കും അതിന്റെ തുടർച്ചയാണ് എന്റെ എഴുത്തെന്നും അതിന്റെ അപ്ഡേറ്റഡ് വേർഷൻ മാത്രമാണ് ഞാനിപ്പോഴും തുടരുന്നതെന്നും എനിക്ക് തോന്നുന്നു.

പേനയും പേപ്പറും എഴുതാനുള്ള ഏറ്റവും പുത്തൻ ഗാഡ്ജെറ്റുകളും എന്റെ ഭ്രാന്തിന് കൂടുതൽ ആവേശം നൽകുന്നുവെന്ന് മാത്രം.

ഞാൻ എന്റെ ആ പഴയ ഇരുമ്പ് കട്ടിലിനെപ്പോലും കഥയിൽ കൊണ്ടിടും. 'മുള്ളലിന്റെ മണമെന്നാണ്' ആദ്യ പുസ്തകത്തിന്റെ ആദ്യ കഥയ്ക്ക് പേരിട്ടത്.എത്ര കാലം പറഞ്ഞാലും തീരാത്ത കഥകളുണ്ട് അവിടെ "കെ എൻ എച്ച് 0326" എന്ന നമ്പറിൽ ജീവിച്ച കരിമൻ ചെറുക്കന്. പന്തയിലെ ആറ്ററികിലെ വീട്, കൊല്ലത്തെ ബാലഭവൻ, ജോലി ചെയ്യുന്ന വിദ്യാലയം ഇതൊക്കെ ഇനി എത്ര കാലം പറഞ്ഞാൽ തീരുമെന്നറിയില്ല. എന്നാൽ ഇതിലൊരു പ്രശ്നമുണ്ട് ഇതിനെപ്പറ്റി എന്തെങ്കിലും പറയാതെ വീട്ടിലോ സ്കൂളിലോ ഭാര്യയുടെ ചൂട് പറ്റിയോ കിടന്നുറങ്ങാം എന്ന് തുടങ്ങിയാൽ എന്റെ ഉള്ളിലേക്ക് ഭൂതകാല നോവുകൾ അങ്ങനെ പാഞ്ഞുവന്ന് ഭ്രാന്ത് പിടിപ്പിക്കും. കരള് കലങ്ങും കണ്ണ് നിറയും ഉന്മാദത്തിലേക്ക് വലിച്ചെറിയപ്പെടും.ഒറ്റ വഴിയേയുള്ളൂ അതിൽ ഏറ്റവും നോവിക്കുന്ന ഓർമ്മയെ ഒരു കഥയാക്കി അയക്കുക. അങ്ങനെ ഒരല്പകാലം ഞാൻ സേഫാകും.




വളരെ സന്തോഷത്തോടെ കിടന്നുറങ്ങുന്ന എന്നോട് ഭാര്യ ചോദിക്കുന്നു. ഞാൻ ചത്തുപോയാൽ നിങ്ങൾ വേറെ കെട്ടുമോ..? കഴിഞ്ഞു എന്റെ കഥ കഴിഞ്ഞു. ഇനി അതിനെപ്പറ്റി എഴുതിതത്തീരും വരെ എനിക്ക് ഭ്രാന്താണ്. പെണ്ണുചത്തവന്റെ പതിനേഴാം ദിവസം വന്ന ഈ വഴി തന്നെ ചിന്തിച്ചുനോക്കൂ. എഴുതാതെ ഇരിക്കുമ്പോ ഞാൻ ഒട്ടും സേഫല്ല.

എനിക്ക് ഞാൻ നൽകുന്ന ഏറ്റവും സുന്ദരൻ ചികിത്സയാണിത്. അതിനെ ആരൊക്കെ അംഗീകരിക്കുന്നു ആരൊക്കെ സ്വീകരിക്കുന്നു എന്നൊന്നും ചിന്തിക്കാൻ നേരമില്ല. അടുത്ത ഒരു കഥയുണ്ടാക്കി അടുത്ത ഒരു മനുഷ്യനെ സ്വന്തമാക്കാൻ നോക്കെടാന്നാണ് ആ കരിമൻ എന്നോട് പറയുന്നത്

എനിക്ക് ഈ ഭൂമിയിലെ സകല മനുഷ്യരെയും സ്വന്തമാക്കൻ കഴിയുന്ന ഒരു കഥയിലേക്ക് നടക്കുന്ന നിങ്ങളെന്നെ പിന്നിൽ നിന്ന് വിളിക്കുന്നതെന്തിനാണ്? •

# എഴുത്ത് നിലച്ച കാലം

## ജേക്കബ് ഏബ്രഹാം



**പാ**ർവതിപുരത്തെ വീട്ടിൽ എഴുത്തുകാരൻ ജയമോഹനെ കാണാൻ പോയപ്പോൾ ഞങ്ങൾ രണ്ടു പേരും കൂടെ കുറച്ച് ദൂരം കനാലിന്റെ ഓരം ചേർന്ന് നടന്നു. എന്റെ ആദ്യ നോവലിന്റെ പ്രകാശനത്തിന് അദ്ദേഹത്തെ ക്ഷണിക്കാൻ പോയതാണ്. നാഞ്ചിനാടൻ കാറ്റ് യക്ഷിപ്പനകൾക്ക് മുകളിലൂടെ കറങ്ങി വേളിമല ചുറ്റി താമരക്കുളങ്ങളിറങ്ങി ഞങ്ങളെ തഴുകുന്നുണ്ടായിരുന്നു. നടക്കുന്നതിനിടയിൽ ജയമോഹൻ രണ്ടു കാര്യങ്ങൾ ഉപദേശിച്ചു. ഒന്ന് കൂടുതലെഴുതണം രണ്ട് എഴുത്തുകാരന് കൃതികൾ കുട്ടികളെപ്പോലെ. ചിലർ തല്ലിപ്പൊളികളാകും. ചിലർ മിടുമിടുക്കന്മാരാകും. സത്യമായ കാര്യമാണ്. കൃതികളും അതുപോലെ. കന്യാകുമാരി മലയാളത്തിൽ പ്രിയപ്പെട്ട എഴുത്തുകാരൻ അന്ന് പറഞ്ഞത് ഞാനിന്ന് ഓർക്കുന്നു. റൈറ്റേഴ്സ് ബ്ലോക്കിന്റെ കാലഘട്ടമോർക്കവെ ആ തമിഴ് കാറ്റ് എന്നെ തൊട്ടു തലോടി. ഒരുപാടറിഞ്ഞവന്റെ വാക്കുകൾ പോലെ ജയമോഹൻ പറഞ്ഞ വാക്കുകൾ അക്ഷരം പ്രതി സത്യമെന്ന് തിരിച്ചറിയുന്നു.

ഒരു പതിറ്റാണ്ട് കാലം എനിക്ക് റൈറ്റേഴ്സ് ബ്ലോക്ക് ബാധിച്ചു. ആ കാലത്ത് എഴുത്തിൽ നിന്നും വിട പറഞ്ഞതിനു ശേഷം വീണ്ടും എഴുത്തിൽ സജീവമായപ്പോഴാണ് റൈറ്റേഴ്സ് ബ്ലോക്കിനെക്കുറിച്ച് തുറന്ന് എഴുതി തുടങ്ങിയത്. എഴുത്ത് നിലച്ച കാലത്തെക്കുറിച്ച് ഫേസ്ബുക്കിൽ എഴുതിയ ചെറു കുറിപ്പുകൾ വായിച്ച് പലരും വിളിക്കുകയും സന്ദേശമയക്കുകയും ചെയ്തു. നിരവധി സംശയങ്ങളായിരുന്നു. എന്താണ് റൈറ്റേഴ്സ് ബ്ലോക്ക് ? സത്യത്തിൽ അങ്ങനെയൊന്നുണ്ടോ..? വെറുതെ പറയുന്നതാണോ..? ആ കാലങ്ങളെ എങ്ങനെയാണ് നേരിട്ടത്..? നൂറായിരം സംശയങ്ങൾ.

ഇപ്പോൾ എന്റെ എഴുത്തു മേശയുടെ ഏകാന്തതയിലിരുന്ന് ആ കാലത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരുപാട് കാര്യങ്ങൾ മനസ്സിൽ വരുന്നു. അതെല്ലാം ഈ അനുഭവക്കുറിപ്പിന് വഴിയൊരുക്കി. ഇന്ന് എല്ലാ ദിവസവും എന്തെങ്കിലും എഴുതാൻ ശ്രമിക്കുന്ന എഴുത്തുകാരനാണ് ഞാൻ.

ജാക്ക് ലണ്ടൻ, മുറകാമി തുടങ്ങിയ ലോകോത്തര എഴുത്തുകാരെല്ലാം ദിവസവും എഴുതുന്നവരാണ്. എഴുത്തു നിലക്കുന്നതിനെക്കുറിച്ച് കാഫ്ക ഒരിടത്ത് പറയുന്നത്.

"ഹാ കഷ്ടം പത്തു ദിവസം വെറുതെ പോയി ഒരു കഥയെഴുതാൻ കഴിയാതെ.. ഒരു പേജ് അവിടെ. ചില പാരഗ്രാഫുകൾ അത്രമാത്രം. രാവിലെ ഉണരാൻ എനിക്ക് ഭയമാണ്" ഇസബെൽ അലൻഡെ എല്ലാ ദിവസവും ഓപ്പറേയ്ക്ക് പോവുന്ന പോലെ വസ്ത്രധാരണം ചെയ്യും കോഫിയും ബ്രേക്ക്ഫാസ്റ്റും കഴിഞ്ഞ് വീട്ടിൽ എഴുത്തു മുറിയിലേക്ക് തപാൽക്കാരനെപ്പോലും കാണില്ല. ഫാക്ടറി പണി പോലെ എല്ലാ ദിവസവും എഴുത്തിനെ കാണണമെന്ന് മുറകാമി. ബോസ്ഫറസ് നദിയെ അഭിമുഖീകരിച്ചിരുന്നാണ് ഓർഹാൻ പാമുക്ക് എഴുതുന്നത്. ദത്തെടുത്ത തന്റെ കുടുംബം വീട്ടിലുള്ളപ്പോൾ സന്തോഷത്തോടെ റസ്കിൻ ബോണ്ട് എഴുതുന്നു.

എഴുത്തു നിലച്ച ആ ദിനങ്ങളെ ഓർക്കുമ്പോൾ പലരോടും സംസാരിച്ചത് ഞാനോർക്കുന്നുണ്ട്. "ട്രാഫിക്ക് ബ്ലോക്ക് എന്ന് കേട്ടിട്ടുണ്ടാവും പക്ഷെ റൈറ്റേഴ്സ് ബ്ലോക്ക് എന്ന് പലരും ആദ്യമായിട്ടാവും കേൾക്കുന്നത്. എഴുത്തുകാർക്ക് സംഭവിക്കുന്ന ഒരു വലിയ ട്രാഫിക്ക് ബ്ലോക്കാണിത്" എന്റെ ഒരു സുഹൃത്ത് ചോദിച്ചതിന് മറുപടിയായി പറഞ്ഞതാണിത്.

1940 കളിൽ എഡ്മണ്ട് ബർഗ്ലർ എന്ന സൈക്കാട്രിസ്റ്റാണ് അക്കാദമിക്ക് സാഹിത്യത്തിൽ റൈറ്റേഴ്സ് ബ്ലോക്ക് എന്ന പ്രതിഭാസത്തെ ആദ്യമായി പരിചയപ്പെടുത്തിയത്. എഴുത്ത് തടസ്സം ബാധിച്ച നിരവധി എഴുത്തുകാരെ ഇതിനായി അദ്ദേഹം നേരിട്ടു കണ്ടു. ഫ്രോയിഡിയൻ തിയറി അടിസ്ഥാനമാക്കിയ പഠനമാണ് സൈക്കാട്രിസ്റ്റ് നടത്തിയത്. അതിൽ അദ്ദേഹം കണ്ടെത്തിയ പ്രകാരം എഴുത്തുകാരൻ / എഴുത്തുകാരി ഒരു സൈക്കോ അനലിസ്റ്റാണ്. തനിക്കുള്ളിൽ സംഭവിക്കുന്ന നിരവധി മാനസിക പ്രശ്നങ്ങൾക്ക് എഴുത്തിലൂടെയാണ് അവർ പരിഹാരം കാണുന്നത്. അതാണ് സാഹിത്യരചനകളായി മാറുന്നത്. അതിനാൽ റൈറ്റേഴ്സ് ബ്ലോക്ക് ബാധിച്ച എഴുത്തകാരൻ ചിത്തഭ്രമത്തിന്റെ അവസ്ഥകളിലൂടെ കടന്നുപോകുന്നതായി അദ്ദേഹം കണ്ടെത്തി.

തുടർന്ന് ബാരിയോസ്, സിങ്ങർ എന്നിവരും ഈ മേഖലയിൽ റിസേർച്ച് നടത്തി. അവരുടെ കണ്ടെത്തലിൽ എഴുത്തിനെ തടസ്സപ്പെടുത്തുന്ന പ്രധാന ഘടകം മാനസ്സിക പ്രതിസന്ധികൾ തന്നെയാണെന്ന് കണ്ടെത്തി. ഇതിന്റെ ഭാഗമായി മറ്റുള്ളവരോടുള്ള ദേഷ്യം, അത് പിന്നെ വിഷാദമായി രൂപാന്തരപ്പെടുന്നു.

ഇങ്ങനെ ഒന്നും എഴുതാൻ കഴിയാത്ത എഴുത്തുകാർ വിഷാദത്തിലേക്ക് വഴുതി വീഴും. സർഗ ശേഷിയുടെ സ്വപ്നം അവർക്ക് നഷ്ടപ്പെട്ട അവസ്ഥയിൽ ജീവിതത്തെ ഇരുളടഞ്ഞ ഭാവത്തോടെ നോക്കുകയും ചെയ്യുന്നു. ചിലർക്ക് കടുത്ത ഡിപ്രഷനൊപ്പം ഭ്രാന്തു വരെ പിടിപെടുന്നു. ഉന്മാദത്തിന്റെ ഗർത്തത്തിലേക്ക് അവർ വഴുതി വീഴുന്നു. ചിലർ ആത്മഹത്യ ചെയ്യുന്നു.

മോട്ടിവേഷൻ നഷ്ടപ്പെടുന്നതോടെ നിരാശാബോധം മനസ്സി

 നെ ആഴത്തിൽ കാർന്നുതിന്നുന്നു. എഴുത്തിൽ ഒട്ടുമേ ആനന്ദം തോന്നാത്ത അവസ്ഥ ബാധിക്കുന്നതോടെ നിരാശ പൂർണ്ണമാവുന്നു. ഈ അവസ്ഥയിലൂടെ ഞാനും കടന്നുപോയി.

റൈറ്റേഴ്സ് ബ്ലോക്കിൽ നിന്നും രക്ഷപെടാനായി ഈ സൈക്കാട്രിസ്റ്റുകൾ പല നിർദ്ദേശങ്ങളും മുന്നോട്ടു വെക്കുന്നുണ്ട്. മനസ്സിന്റെ സർഗാത്മകമായ എക്സർസൈസു കളാണ് പരമപ്രധാനം. ഒരു മുറിയിൽ ഏകനായിരുന്ന് ഉല്ലാസവും ഉന്മേഷവും പകരുന്ന പത്ത് ചിത്രങ്ങൾ മനസ്സുകൊണ്ട് വരക്കുകയാണ് അതിലൊന്ന്. അത് കടലാസിൽ പകർത്തുകയും ചെയ്യാം.ഈ പരീക്ഷണം അവർ പല എഴുത്തുകാരിലും നടത്തി. വിജയകരമായിരുന്നു പലതും. എഴുത്ത് നിലച്ച പലരും എഴുത്തിലേക്ക് തിരിച്ചു വന്നു.

ദ സൈക്കോളജി ഓഫ് ക്രിയേറ്റീവ് റൈറ്റിങ്ങ് എന്ന പുസ്തകത്തിൽ സൈക്കോളജിസ്റ്റ് സ്കോട്ട് ബാരി കോഫ്മാൻ ഈ തന്റെ കാഴ്ചപ്പാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. നോട്ടുബുക്കിലോ, ഡയറിയിലോ റാൻഡം റൈറ്റിങ്ങ് പരിശീലിക്കുക എന്നതാണ് അതിലൊന്ന്.

ഇങ്ങനെ പല കാര്യങ്ങളും ഞാൻ എഴുത്ത് നിലച്ച കാലങ്ങളിൽ പരിക്ഷിച്ചു. അതിൽ എനിക്ക് ഏറ്റവും പ്രതീക്ഷ പകർന്നത് മരിയ കോനിക്കോവ എന്ന എഴുത്തുകാരിയുടെ വാക്കുകളാണ്. "നിങ്ങളുടെ സാഹിത്യ സൃഷ്ടി എത്ര ചെറുതായാലും ധൈര്യപൂർവ്വം എഴുതുക എന്നതാണ് പ്രഥമ കർത്തവ്യം" മരിയ പറഞ്ഞു തന്നു.

റൈറ്റേഴ്സ് ബ്ലോക്ക് പിടിപെട്ട തമോകാലങ്ങളിൽ ഞാൻ സത്യത്തിൽ ആത്മഹത്യയെക്കുറിച്ചു പോലും ചിന്തിച്ചിരുന്നു. എഴുത്തുകാരന്റെ മരണമാണ് സത്യത്തിൽ റൈറ്റേഴ്സ് ബ്ലോക്ക്. പല കാരണം കൊണ്ടു ഇതു സംഭവിക്കാം. നമ്മുടെ എഴുത്തിലുള്ള ആത്മവിശ്വാസക്കുറവ് ഒരു കാരണമാണ്. പിന്നീട് തിരസ്കാരങ്ങൾ. എഴുത്തുകാരനെ വായനക്കാർ അവഗണിക്കുന്നത് എഴുത്ത് തടസ്സത്തിന് കാരണമാണ്. ഒരു സുപ്രഭാതത്തിൽ ഞാൻ വീണ്ടും എഴുതാൻ തീരുമാനിച്ചു. ആത്യന്തികമായി ഇതു നമ്മുടെ കൺവിക്ഷനാണ്. നമ്മുടെ എഴുത്ത് നൽകുന്ന ആത്മവിശ്വാസം നമുക്കാദ്യം തോന്നണം. ഇതെല്ലാം ആത്മപ്രകാശനമാണല്ലോ.. ധൈര്യമാണ് ഏറ്റവും വലുത്. ഈ വിഷയത്തിൽ ഞാൻ ഒരു നോവൽ എഴുതി വരുന്നുണ്ട്.

റൈറ്റേഴ്സ് ബ്ലോക്കിന് മുൻപുള്ള കാലഘട്ടങ്ങളിൽ ഞാൻ എഴുത്തിൽ സജീവമായിരുന്നു. വളരെ ചെറുപ്പത്തിലേ കഥ എഴുതി വന്ന ഒരാളാണ്.

പത്തനംതിട്ടയിലെ കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ ഇംഗ്ലീഷ് സാഹിത്യ വിദ്യാർത്ഥിയായിരുന്നു ഞാൻ. കാമ്പസ് കാലത്താണ് കഥയിലേക്ക് വരുന്നത്. 2001 ൽ ലഭിച്ച മാതൃഭൂമി ആഴ്ചപ്പതിപ്പ് വിഷുപ്പതിപ്പ് കഥാമത്സരത്തിൽ ലഭിച്ച ഒന്നാം സ്ഥാനം എനിക്ക് വല്ലാത്ത ആത്മവിശ്വാസമാണ് നൽകിയത്. മലയാള കഥയുടെ കുലപതിയായ ടി.പദ്മനാഭൻ അടങ്ങുന്ന ജ്യൂറിയാണ് വിധി നിർണ്ണയിച്ചത്. കോഴിക്കോട് ടൗൺഹാളിൽ നടന്ന സമ്മാനദാനത്തിൽ പങ്കെടുക്കണം എന്നു പറഞ്ഞ് ഫോൺ വന്നത് അയൽപക്കത്തെ വീട്ടിലേക്കാണ്. സമ്മാനം വാങ്ങാൻ നാട്ടിലെ ഒരു സുഹൃത്തിനെയും കൂട്ടി കോഴിക്കോട്ടേക്ക് പോയത് ഇന്നും ഓർമ്മയുണ്ട്. കഥകളിൽ വായിച്ചു പരിചിതമായ ആ അത്ഭുത നഗരത്തിലേക്കുള്ള യാത്രയായിരുന്നു. സമ്മാനദാന ചടങ്ങിനിടെ ടി.പദ്മനാഭൻ എനിക്ക് സ്വർണ്ണം പൂശിയ പേന ഒരു ബോക്സിലിട്ട് തന്നു. ആദ്യമായാണ് ബോക്സിൽ പേന കാണുന്നത്. അന്ന് കെ.കെ.ശ്രീധരൻ നായരായിരുന്നു ആഴ്ചപ്പതിപ്പിന്റെ പത്രാധിപർ. അദ്ദേഹം കോഴിക്കോട്ടും മാതൃഭൂമിയും കണ്ട് വിരണ്ട എന്നെ സഹാനുഭൂതിയോടെ സ്വീകരിച്ചു.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ തുടർച്ചയായി കഥകൾ വരാൻ തുടങ്ങി. വായനക്കാരും മുതിർന്ന എഴുത്തുകാരുമൊക്കെ എന്നെ ശ്രദ്ധിച്ചു തുടങ്ങി. മലയാളചെറുകഥയെ വളരെ ആഴത്തിൽ പഠിച്ച ഡോ.കെ.എസ് രവികുമാർ സാർ അദ്ദേഹത്തിന്റെ ചെറുകഥ പഠന പുസ്തകത്തിലൊക്കെ എന്റെ പേര് പരാമർശിച്ചു.. മലയാളത്തിലെ വിഖ്യാതനായ കോള മിസ്റ്റും നിരൂപകനുമായ എം.കൃഷ്ണൻ നായർ സാർ അദ്ദേഹത്തിൽ സാഹിത്യവാരഫലത്തിൽ എന്നെ നല്ലതും ചീത്തയും പറഞ്ഞു. പ്രമുഖമായ സാഹിത്യ മാസികകളിലെല്ലാം കഥ അച്ചടിച്ചു വന്നു. വായനക്കാർക്കിടയിലും ശ്രദ്ധിക്കപ്പെട്ടു തുടങ്ങി.




ഇതിനിടയിലാണ് ജീവിതത്തെ വഴി മാറ്റിയ ഒരു പ്രണയത്തിലേക്ക് ഞാൻ പ്രവേശിക്കുന്നത്. സാഹിത്യ ക്യാമ്പുകളിൽ നിന്നും ലഭിച്ച കൂട്ടുകാരി എഴുത്തുകാരി വീണയുമായുള്ള പ്രണയത്തോടെ, അതിന്റെ സംഘർഷങ്ങളോടെ എഴുത്ത് നിലച്ചു.

ഓടി വന്ന തീവണ്ടി ചങ്ങല വലിച്ച് നിർത്തപ്പെട്ട പോലെ. രണ്ടു മതത്തിലും രണ്ടു സാമ്പത്തികാവസ്ഥയിലും പെട്ടവരായതിനാൽ തന്നെ വല്ലാത്ത പ്രതിസന്ധി ഉടലെടുത്തു. ചെറിയ ചെറിയ ജോലികൾ ചെയ്ത് ജീവിതം ഭദ്രപ്പെടുത്തി. ജേർണലിസം പഠിച്ച ഞാൻ അഡ്വർട്ടൈസിംഗ് മേഖലയിലേക്ക് തിരിഞ്ഞു. ഇതിനിടയിൽ ഞങ്ങൾ വിവാഹിതരായി. രണ്ടു പേരും എഴുതാതായി. റേറ്റേഴ്സ് ബ്ലോക്ക് ബാധിച്ചു. പലപ്പോഴും കടുത്ത ഡിപ്രഷനിലൂടെ കടന്നുപോയി. പുസ്തകങ്ങളെ ജീവനു തുല്യം സ്നേഹിക്കുന്ന ഞാൻ. പുസ്തകോത്സവങ്ങൾക്ക് പോകാതെയായി. പത്തു വർഷങ്ങൾ ഒന്നുമെഴുതാതെ കടന്നുപോയി. ഇപ്പോൾ കുറച്ച് സ്വസ്ഥത ലഭിച്ചപ്പോൾ ആർത്തിയോടെ ഞാൻ എഴുത്തിലേക്ക് തിരിച്ചെത്തി. വീണയും മെല്ലെ മെല്ലെ എഴുത്തിലേക്ക് തിരികെയെത്തുന്നുണ്ട്. എഴുത്ത് നിലച്ച ഇരുണ്ട കാലഘട്ടം താണ്ടി വരുന്ന പുതിയ വെളിച്ചം എന്റെ എഴുത്ത് മേശയെ പ്രകാശപൂരിതമാക്കുന്നു. ●

# കഥയെഴുത്ത് അത്ര എളുപ്പമുള്ള കാര്യമല്ല

## മിഥുൻ കൃഷ്ണ

**രാ**ജ്യത്ത് ബീഫിന്റെ പേരിൽ ആൾക്കൂട്ട ആക്രമണം തുടങ്ങിയ സമയത്താണ് ചൈനീസ് മഞ്ഞ എന്ന കഥ എന്നിൽ ജനിക്കുന്നത്. രാജ്യത്ത് ഫാസിസം തളിർക്കാൻ തുടങ്ങുന്നതിന്റെ സൂചനയായിരുന്ന ബീഫിന്റെ പേരിലുള്ള ആക്രമണങ്ങൾ. ഫാസിസ്റ്റ് ഭരണക്രമത്തിൽ ആവാസ വ്യവസ്ഥയ്ക്ക് വരുന്ന പ്രത്യാഘാതങ്ങളായിരുന്ന പ്രമേയം. ആണധികാരവും സ്ത്രീകളുടെ സുരക്ഷിതമല്ലാത്ത ജീവിത സാഹചര്യവുമൊക്കെ കഥയിൽ കടന്നുവരുന്നുണ്ട്. ചന്ദ്രുവെന്ന ഇറച്ചിവെട്ടുകാരനും, ഒരു പട്ടുവിൽപ്പനക്കാരനുമാണ് പ്രധാന കഥാപാത്രങ്ങൾ. 2018ൽ ചിന്ത പബ്ലിഷേഴ്സ് ആണ് ചൈനീസ് മഞ്ഞ കഥാസമാഹാരം പുറത്തിറക്കിയത്. ഒരു പുസ്തകം പ്രസിദ്ധീകരിക്കുക എന്നത് ഒരിക്കലും എന്റെ സ്വപ്നത്തിൽ ഉണ്ടായിരുന്നില്ല. ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചവ പുസ്തകമാക്കണമെന്ന് ചിന്തിച്ചതേയില്ല. ആദ്യ കഥാസമാഹാരത്തിനു ജീവൻ നൽകിയതിൽ നിർണായകമായ സാന്നിധ്യമുള്ള ഒരു മനുഷ്യനുണ്ട്. ഗിരീഷേട്ടൻ(ഗിരീഷ് ബാലകൃഷ്ണൻ). എന്റെ സഹപ്രവർത്തനാണ്. 2015ൽ കോഴിക്കോട്നിന്നും തിരുവനന്തപുരത്തേക്ക് ട്രാൻസ്ഫർ ആയി വന്നതിനുശേഷമാണ് ഞാൻ കഥ എഴുതുന്നത്. ഒന്നുരണ്ടു വാരികകളിൽ അവ പ്രസിദ്ധീകരിച്ചു വന്നപ്പോൾ എഴുത്തു ഗൗരവമായി കാണാൻ പറഞ്ഞത് അദ്ദേഹമാണ്. ഒരുവർഷത്തിനിപ്പുറം പ്രസിദ്ധീകരിച്ച മുഴുവൻ കഥകളും തുന്നിക്കെട്ടി എന്നെ ചിന്തയിലേക്ക് കൂട്ടിക്കൊണ്ടുപോയത് ഗിരീഷേട്ടനാണ്. അങ്ങനെയാണ് ചൈനീസ് മഞ്ഞ എന്ന പുസ്തകം ജനിക്കുന്നത്.

തനി നാട്ടുമ്പുറങ്ങളിലായിരുന്നു എന്റെ കുട്ടിക്കാലം. അവിടങ്ങളിൽ ഒരു വായനശാല പോലുമുണ്ടായിരുന്നില്ല. പഠിച്ച സ്കൂളുകളിലും വായനശാലകൾ ഉണ്ടായിരുന്നില്ല. അച്ഛൻ നന്നായി വായിക്കുമായിരുന്നു. വഴിയരികിൽ ഒരു പേപ്പർ തുണ്ടുകണ്ടാൽ അതുമറിച്ചു വായിക്കുന്നയാളാ അച്ഛനെന്ന് പലരും കളിയായി പറയാറുണ്ടായിരുന്നു. വായനാശീലമുള്ള സുഹൃത്തുക്കളുടെ വീട്ടിൽ നിന്നൊക്കെ അച്ഛൻ ആനുകാലിക പ്രസിദ്ധീകരണങ്ങൾ കൊണ്ടുവരുമായിരുന്നു. ഇടക്കൊക്കെ നോവലുകളും ചെറുകഥാ സമാഹാരങ്ങളും വാങ്ങിച്ചു കൊണ്ടുവരും. ആ പുതിയ പുസ്തകങ്ങളുടെ താളുകളുടെ മണമാണ് എന്നെ വായനയിലേക്ക് ആകർഷിച്ചത്. തകഴിയുടെ തോട്ടിയുടെ മകൻ വീട്ടിലെത്തിയത് ഞാൻ ആറിൽ പഠിക്കുമ്പോഴാണ്. ആദ്യമായി വായിച്ച നോവൽ അതാണ്. അച്ഛൻ ഒരുപാട് കഥകൾ പറഞ്ഞുതരുമായിരുന്നു. അധികവും അദ്ദേഹത്തിന്റെ അനുഭവങ്ങളോ അദ്ദേഹം കണ്ടതോ കേട്ടതോ ആയ സംഭവ






ങ്ങളോ ആയിരുന്നു. ആ കഥകളുടെ ചൂടുംചൂരും ഇന്നും എന്നെ മുന്നോട്ടു നയിക്കുന്നു. ആദ്യം കഥയെഴുതിയ അതേ ഭയത്തിലും ത്രില്ലിലുമാണ് ഇപ്പോഴും കഥയെഴുതുന്നത്. കഥയെഴുത്തിൽ വളരെ സംതൃപ്തനാണ്. തീണ്ടാരിച്ചെമ്പ് രണ്ടാമത്തെ കഥാസമാഹാരമാണ്. എഴുത്തിൽ കൂടുതൽ ജാഗ്രത കാണിക്കണമെന്ന് തോന്നിയിട്ടുണ്ട്. ഉത്തരവാദിത്തം ഏറി. കഥയെഴുത്ത് അത്ര എളുപ്പമുള്ള കാര്യമല്ല. പൊളിറ്റിക്കൽ കറക്ട്നസ് വളരെ പ്രധാനമാണ്. വെറും ഒരു കഥ എന്നതിലപ്പുറം അശരണരും നിരാലംബരുമായവരുടെ പ്രശ്നങ്ങളും ജീവിതവും സമൂഹജീവിയെന്ന നിലയിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളും ചൂഷണവും ചെറുത്തുനിൽപ്പുകളും പറയാനാണ് ആഗ്രഹിക്കുന്നത്. കഥകൾ എല്ലാം വ്യത്യസ്തമാകണമെന്ന ചിന്തയാണ് എപ്പോഴുമുള്ളത്. ഒരിക്കൽ പറഞ്ഞ വിഷയം പിന്നീട് മറ്റൊരു കഥയിൽ പറയാൻ ശ്രമിച്ചിട്ടില്ല. തലക്കെട്ടുകളും വ്യത്യസ്തമാക്കാൻ ശ്രമിക്കാറുണ്ട്. എഴുത്തിൽ പുതുമ നിലനിർത്തണം എന്നാണ് ആഗ്രഹം. എത്രത്തോളം വിജയിച്ചുവെന്ന് വിലയിരുത്തേണ്ടത് വായനക്കാരാണ്. ●

# ഇണയില്ലാപ്പൊട്ടനും അധികാര സമവാക്യങ്ങളും

## വി എസ് അജിത്ത്



**അ**ധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ

എന്ന് ഇടശ്ശേരി പാടിയപ്പോൾ അതിനിത്രയും വിവക്ഷകൾ ഉണ്ടായിരുന്നോ എന്ന് സംശയമാണ്. ഇന്ന് അധികാര സമവാക്യങ്ങളാൽ നിയന്ത്രിക്കപ്പെട്ടതാണ് ഓരോ വിനിമയവും (ബന്ധങ്ങളും ബന്ധനങ്ങളും). ഇണയില്ലാപ്പൊട്ടൻ എന്ന കഥയിലെ കോവിന്ദൻ തോട്ടിപ്പണിക്കാരനാണ്. ഗ്ലാമർ ഇല്ലാത്ത, പവർ ഇല്ലാത്ത, പ്രിവിലേജുകൾ ഇല്ലാത്ത ഏതൊരു തൊഴിലാളിയുടെയും പ്രതീകമാണയാൾ. മണവും ഗുണവും ഉണ്ടെങ്കിലും അയാൾക്ക് മണ്ണും പെണ്ണും ഇല്ല. തൊഴിൽ അടിസ്ഥാനമാക്കിയുള്ള ചാതുർവർണ്യം ഇന്നുമുണ്ട്. നമുക്കതിനെ നവബ്രാഹ്മണ്യം എന്ന് വിളിക്കാമെന്ന് തോന്നുന്നു.

തൊഴിൽ പരമായി അധികാര ശ്രേണിയുടെ ഏറ്റവും താഴേത്തട്ടിൽ പ്രവർത്തിക്കുന്ന ആളെന്ന നിലയിൽ തോട്ടിപ്പണിക്കാരന്റെ വേപഥു എനിക്ക് നന്നായി മനസ്സിലാവും.. റിലേറ്റ് ചെയ്യാൻ പറ്റും. എമ്പതൈസ്ഡ് ആവാൻ സാധിക്കും. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കഥ പറയാനാണ് ഞാൻ എഴുത്തിലേക്ക് വന്നത്. എന്റെ കഥ തന്നെയാണത്. വെളിച്ചത്തിൽ നേരെ പറയാൻ വേദിയും മൈക്കും ഇല്ലാതത്തു കൊണ്ട് കോവിന്ദന് ഉപഹാസത്തിന്റെയും വക്രോക്തിയുടെയും മാർഗം സ്വീകരിക്കേണ്ടി വരുന്നു. അംബാനിയും പതിനായിരവും എന്നൊരു കഥയുണ്ട്. അഞ്ഞൂറ്റൊന്നു ബാർ സോപ്പിന്റെ കൂടെ കിട്ടിയ സ്ക്രാച്ച് കാർഡിലെ നമ്പർ ചുരണ്ടിയ വകയിൽ വിമാനയാത്ര സൗജന്യമായി കിട്ടിയ തോട്ടിപ്പണിക്കാരൻ കോവിന്ദൻ സാക്ഷാൽ മുകേഷ് അംബാനിയുടെ തൊട്ടടുത്ത സീറ്റിൽ ഇരുന്ന് വിമാനയാത്ര നടത്തുന്നതും മൂത്ര മൊഴിക്കാൻ പോയിട്ട് തിരിച്ചു വരുന്നതിനിടയിൽ അയാളുടെ പതിനായിരം രൂപയടങ്ങിയ പേഴ്സ് അംബാനി മോഷ്ടിച്ചതുമാണ് കഥ. ഇക്കഥ വായിച്ചാൽ അംബാനിമാർക്ക് മനസ്സിലാവാനിടയില്ല. എന്നാലിത് മനസ്സിലാവാത്ത ഒരൊറ്റ കോവിന്ദനുമുണ്ടാവില്ല. അമേരിക്ക ആഫ്രിക്കയിൽ നടത്തുന്ന ചൂഷണത്തിന്റെ കഥയല്ലേ ഇത് എന്ന് ചോദിച്ച വായനക്കാരുണ്ട്.

വൈകിയവേളയിൽ എഴുത്തിലേക്ക് വന്ന എനിക്ക് ഹാർദ്ദമായ സ്വീകരണമാണ് സാഹിത്യ ലോകത്തു നിന്നും ലഭിച്ചത്. ലോഗോസും ചിന്തയും ഡി സി യും മാതൃഭൂമിയും എന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ തയ്യാറായി. മാധ്യമവും സമകാലിക മലയാളവും ദേശാഭിമാനിയും ഗ്രന്ഥലോകവും പ്രസാധകനും കലാകൗമുദിയും (ലിസ്റ്റ് അപൂർണ്ണം) കഥകൾ അച്ചടിക്കാൻ തയ്യാറായി.

ലേറ്റായി വന്നാലും ലെറ്റസ്റ്റായി വരണം എന്ന് പറയുമ്പോലെ സോഷ്യൽ മീഡിയയയുടെ കാലത്ത് എഴുതിത്തുടങ്ങി എന്നത് വലിയ പ്ലസ് പോയിന്റായാണ് ഞാൻ കരുതുന്നത്. കഥകൾ ആദ്യം വെളിച്ചം കണ്ടത് അവിടെയാണ്. 'പാടത്ത് പണി വരമ്പത്ത് കൂലി' എന്ന് പറയുന്നത് പോലെ വായനക്കാരുടെ പൾസ് കയ്യോടെ പിടികിട്ടും. പ്രസിദ്ധീകരിക്കാൻ എഡിറ്ററുടെ ടേബിളിൽ വരിനിന്ന് സമയം കളയുകയും വേണ്ട. പ്രിയ വായനക്കാരാണ് എക്കാലത്തെയും എന്റെ ശക്തിയും പ്രചോദനവും.

സോഷ്യൽ മീഡിയയിലെ സ്വീകാര്യതയിൽ നിന്നാണ് ഞാൻ പ്രസാധകനിലേക്കുള്ള സ്നേക്ക് ആൻഡ് ലാഡർ കയറിയത്. ആദ്യ കഥാ സമാഹാരം ഇറങ്ങിയത് 2021 ഇൽ ആണ്. 2024 ആയപ്പോഴേക്കും നാലെണ്ണം ഇറങ്ങിക്കഴിഞ്ഞു. കോവിഡിന്റേയും ലോക്ക്ഡൗണിന്റെയും ഉപോല്പന്നമാണ് എന്റെ കൃതികൾ എന്നും പറയാം. എട്ടു മണിക്കൂർ ജോലി എട്ടു മണിക്കൂർ വിനോദം എട്ടു മണിക്കൂർ വിശ്രമം എന്ന ഗോൾഡൻ സമയക്രമം ബാധകമല്ലാത്ത മേഖലയിലെ തൊഴിലാളിയായ ഞാൻ ലോക്ക്ഡൗൺ എന്ന കലാമിറ്റിയിൽ ഒരു ഓപ്പർച്യൂണിറ്റി കണ്ടെത്തി. വീണു കിട്ടിയ സമയം കൊണ്ട് വെമ്പിനിന്ന കഥകളെയെല്ലാം കടലാസിലാക്കി. എഴുത്ത് എനിക്ക് ഉപജീവനമല്ല. കേരളത്തിൽ എഴുത്തു കൊണ്ട് ജീവിക്കാൻ കഴിയുന്നവർ വളരെക്കുറച്ച പേരേ ഉണ്ടാവൂ. ഏഴുത്തെനിക്ക് അതി ജീവനമാണ്. എഴുതുന്നു എന്നതു കൊണ്ടു മാത്രമാണ് ഞാനുള്ളത്. ●



# ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ. T. 298, പുതുക്കുളങ്ങര പി.ഒ., നെടുമങ്ങാട്

ഹെഡാഫീസ് : പുതുക്കുളങ്ങര ഫോൺ: 2898130

ബ്രാഞ്ചുകൾ : കുളപ്പട ഫോൺ: 2898824 ചക്രപാണിപുരം പ്രഭാത സായാഹ്ന ശാഖ ഫോൺ: 2898137

കുര്യാത്തി ഫോൺ: 2968130



ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്

- അംഗങ്ങൾക്ക് 25 ലക്ഷം വരെ സാധാരണ വായ്പ.
- നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി.
- അതിവേഗ വായ്പാ സംവിധാനം.
- നിക്ഷേപങ്ങൾക്കും, വായ്പകൾക്കും സർക്കാർ നിർദ്ദേശിക്കുന്ന പലിശ നിരക്ക്.
- കുറഞ്ഞ പലിശനിരക്കിൽ 10 ലക്ഷം വരെ സ്വർണ്ണ പണയ വായ്പ.
- സർക്കാർ അംഗീകാരത്തോടെ 10 ലക്ഷം രൂപവരെയുള്ള പ്രതിമാസ നിക്ഷേപ പദ്ധതികൾ.
- നീതി സ്റ്റോർ, വളം ഡിപ്പോ.

**എല്ലാ മാസവും ആരംഭിക്കുന്ന പ്രതിമാസ നിക്ഷേപ പദ്ധതികൾ ( MDS )**

10000 x 100 - 10 ലക്ഷം
5000 x 100 - 5 ലക്ഷം
10000 x 50 - 5 ലക്ഷം
12500 x 40 - 5 ലക്ഷം
5000 x 40 - 2 ലക്ഷം
2500 x 40 - 1 ലക്ഷം

സി.സുദർശനൻനായർ
പ്രസിഡന്റ്
9496252955

ബാങ്കിനൊപ്പം വളരൂ...നാടിനൊപ്പം മുന്നേറൂ....

ആശ.കെ.എസ്.
സെക്രട്ടറി





# കവിത

## കാലത്തിന്റെ അടയാളങ്ങൾ





ജനകീയ വായനയുടെ
അഞ്ച് പതിറ്റാണ്ട്

# കടൽ മുത്തുപൂക്കും അമാവാസികൾ

## ഏഴാച്ചേരി രാമചന്ദ്രൻ

**ഉ**ൽക്കടതാപക്കന-
ലാഴങ്ങൾ കടഞ്ഞെന്റെ
മർക്കടമദം കാവൽ-
പ്പുരകൾ കത്തിക്കുന്നു.
ഇത്രയും പോരേ, കാലം
പതുക്കെക്കാതിൽ വന്നു
രുദ്രഗാന്ധാരസ്വര-
ധാരയിൽ ചോദിക്കുമ്പോൾ,
വൽക്കലംവെടിഞ്ഞദ്രി-
കന്യകൾ നീരാടുന്ന
പുത്രകാമേഷ്ടിപ്പുഴ
തിളച്ചു മറിയുന്നു.

2
ഉത്തരം വരും മുമ്പേ
മാനത്തെ, അസുരന്റെ
പുഷ്പകവിമാനം പോയ്
മറഞ്ഞി, തതിവേഗം
ഇപ്പൊഴും മനുഷ്യന്റെ
ജാതകം സ്വർഗത്തിലെ
വജ്റപേടകത്തിൽത്താ-
നെന്നതേ ദയനീയം.
പിടിച്ചു വാങ്ങിക്കുവാ,-
നസുരച്ചെറുക്കാ, നിൻ
ബലിഷ്ഠഹസ്തം പ്രാപ്ത-
മെന്നതുമറിയുന്നേൻ!


3
എന്നിട്ടുമെന്തേ വൈകാ-
നെന്നുവാതിലിൽ മുട്ടി-
പ്പൊന്നിട്ട വീട്ടിൽ വാഴും
ചന്ദ്രിക ചോദിക്കുന്നു

തടവിൽക്കിടക്കുന്നോ-
രമ്മദൈവങ്ങൾക്കുള്ള
കുടിനീർ പോലും പാണ്ടി-
പ്പാതിരി വിഴുങ്ങുന്നു !
വിളറിച്ചിരിച്ചൊന്നും
കാണാത്തമട്ടിൽ പാപ-
ക്കറകൾ മറയ്ക്കുന്നു
സത്യവാഗീശൻ കാലം!

4
അവന്റെ മുന്നിൽച്ചെന്നു
കൈനീട്ടാൻ എന്നെപ്പെറ്റൊ-
രഹല്യശില 'വേണ്ട-
വേണ്ടെ'ന്നു വിലക്കുന്നു.
അഹന്ത സമ്മാനിച്ച
ഛത്രചാമരമാർന്ന
കൊതുമ്പുവള്ളം ചിറ്റോ-
ളങ്ങളിൽ ചാഞ്ചാടുന്നു
അക്കരെയെത്താ, നതിൽ-
കേറുകെന്നനുരാഗ
മുഗ്ധയാം ശ്രീരഞ്ജിനി
പിന്നെയും ക്ഷണിക്കുന്നു.

5
നേർച്ചകൾ മുടങ്ങരു-
തെന്നെന്നെ ഓർമ്മിപ്പിക്കും
ആർച്ചതന്നാർദ്രസ്വരം
കരളിൽ കിലുങ്ങുമ്പോൾ
ധർമ്മസങ്കടമെന്ന
വൻപുഴ മിഴിനീരാം
നർമ്മബോധത്തിൻ തുഴ-
യെൻനേർക്കു നീട്ടുന്നായോ?
അമരത്തിരിക്കുന്ന
ക്ഷുദ്ര പണ്ടാരച്ചെക്കൻ
ഭ്രമരോൽസവമെന്ന
സംഭ്രമസ്തവം മൂളി

6
മറുതാക്കായൽ കലി-
തുള്ളുന്നതെപ്പോഴാണെ-
ന്നറിയാദുർഗേ, നീതാൻ
കാക്കുകീപ്പാഴീണത്തെ!
എഴുതാപ്പുറം വായി-
ച്ചെന്നെനീ ദാവീദിന്റെ
കുശിനിപ്പണിക്കാര-
നാക്കൊലാ മായാഗൗരീ
കടൽമുത്തുകൾ പൂക്കു-
മീയമാവാസിക്കാറ്റിൽ
കവിതേ, നീവന്നെന്റെ
ഇടംപാ,ടിരുന്നാട്ടേ! ●



www.kswdc.org



# Enabling the Women of Kerala to Realize their Full Potential

## About KSWDC

The Kerala State Women's Development Corporation, a Public Sector Undertaking under Govt. of Kerala established in 1988 with a prime objective to empower & educate women by helping them to overcome the constraints & challenges that hamper their growth and advancements.

### Employment & Skilling

- Self-Employment Loan Schemes (Women & Transgenders)
- Educational Loan Schemes
- Entrepreneurship Development Programmes (EDP)
- REACH Finishing School for Women
- Advanced Skill Enhancement Programme in Nursing (ASEPN)
- Vanamithra Skill Development Centre for Tribal Women

### Health & Hygiene

- SHE PAD programme-Supply of sanitary napkins, napkin destroyers & almirahs in Govt./Aided Schools
- Menstrual Hygiene Awareness Programme

### Women Safety

- Mithra 181- 24x7 Women Helpline
- Bodhyam - Gender Sensitization Training for Police

### Infrastructure for Women

- Vanitha Mithra Kendra- Working Women's Hostel
- Safe Stay - Short stay facility for women

Connect with us

*Corporate Office*

**The Kerala State Women's Development Corporation Ltd**

1st Floor, Transport Bhavan, KSRTC Building, Eastfort
Attakulangara P.O, Trivandrum 695023
Ph:0471 2454585, 9496015015
Email: md@kswdc.org, head@kswdc.org



# ടൂപിൻ പ്ലഗും ത്രീപിൻ പ്ലഗും

## വിമീഷ് മണിയൂർ

**കി**ടക്കയോടു ചേർന്നു നിൽക്കുന്ന ത്രീപിൻ പ്ലഗിന് അലമാരയുടെ അടുത്തുള്ള ടൂപിൻ പ്ലഗിനോട് വലിയ മൊഹബത്തായിരുന്നു.

ഇരുപത്തിനാലു മണിക്കൂറും ടൂപിൻ പ്ലഗിന്റെ മീട്ടത്ത് നോക്കിനിൽക്കും. ആദ്യമാദ്യം ടൂപിൻ പ്ലഗ് കണ്ടില്ല. പിന്നെയാണ് ഒരു മുക്കണ്ണൻ തന്നെ മാത്രം നോക്കിനിൽക്കുന്നത് തൃക്കണ്ണിൽ തെളിഞ്ഞത്.

ഒരു ദിവസം രണ്ടും കൽപ്പിച്ച് ടൂപിൻ പ്ലഗ് പറഞ്ഞു; 'എനിക്ക് നമ്മടെ തലക്കുമീതെ കറങ്ങുന്ന ഫാനിനോടാണ് പ്രേമം എന്ന സിനിമ തോന്നുന്നത്. നിനക്ക് മുക്കണ്ണുള്ള നല്ല മൊഞ്ചത്തികളെ കിട്ടും.' ത്രീപിൻ പ്ലഗ് നിരാശനായി. അതുകണ്ട് വീട്ടുകാർ അതേ മുറിയിലെ എൽ ഇ ഡി ബൾബുമായി ത്രീപിൻ പ്ലഗിന്റെ കല്യാണമുറപ്പിച്ചു. എപ്പോഴും ചിരിച്ചു നിൽക്കുന്ന എൽ ഇ ഡിയെ കണ്ട് ത്രീപിൻ പ്ലഗിന്റെ സങ്കടം പോയി.

ഒരു ദിവസം തൂങ്ങിച്ചാവാൻ തുനിഞ്ഞ ഒരാളോടൊപ്പം ഫാൻ പൊട്ടിവീണു. ശവമടക്കിന് ടൂപിൻ പോയില്ല.

ചാവിലിരിക്കുമ്പോ ത്രീപിൻ പറഞ്ഞു: 'ഇങ്ങനെയിരുന്നാൽ പറ്റില്ല. എന്റെ ഭാര്യയുടെ അനിയൻ ഒരു സീറോവാട്ട് ബൾബിനെ നീ കണ്ടിട്ടുണ്ടോ? നീ അവനെ കെട്ടണം.'

കല്യാണം നടന്നു.

ശുഭം. ●





JANATHA
ഓണത്തിനൊരുങ്ങണ്ടേ...
ജനത പാലും പാൽ ഉത്പന്നങ്ങളും കൊണ്ട്
ഈ ഓണം കെങ്കേമമാക്കാം
Janatha Charitable Society Vellur P.O, Payyanur, Kannur
04985 266367 | 04985 266650 | 04985 266167


പയ്യന്നൂർ സർവ്വീസ്
സഹകരണ ബേങ്ക്
എന്നും നിങ്ങളോടൊപ്പം
ബേങ്കിൽ നിന്ന്
ലഭ്യമാകുന്ന സേവനങ്ങൾ
ആധുനിക ബേങ്കിംഗ്
സംവിധാനങ്ങളോടുകൂടി
പ്രവർത്തിക്കുന്ന 11 ബ്രാഞ്ചുകൾ
മെയിൻ ബ്രാഞ്ച് പയ്യന്നൂർ 203080
അന്നൂർ ബ്രാഞ്ച് 203060
കൊറ്റി ബ്രാഞ്ച് 203050
കണ്ടങ്കാളി ബ്രാഞ്ച് 203540
പെരുമ്പ ബ്രാഞ്ച് 203530
വനിതാ ബ്രാഞ്ച് കൊക്കാനിശ്ശേരി 204380
കാറമേൽ ബ്രാഞ്ച് 203008
പുതിയ ബസ്സ്റ്റാന്റ്, പയ്യന്നൂർ 203035
സായാഹ്ന ബ്രാഞ്ച് 290850
പയ്യന്നൂർ 203070
അന്നൂർ 203081
പയ്യന്നൂർ സർവ്വീസ്
സഹകരണ ബേങ്ക്
(ക്ലിപ്തം) നമ്പർ എഫ്. 1401 ഹെഡ് ഓഫീസ് പയ്യന്നൂർ, കണ്ണൂർ ജില്ല
ഫോൺ: 04985 202080
ക്ലാസ് I സൂപ്പർ ഗ്രേഡ് ബേങ്ക്
Email : secretary@payyanurscb.com
2 നീതി
മെഡിക്കൽ സ്റ്റോറുകൾ
മുകുന്ദാ ഹോസ്പിറ്റലിന് സമീപം, പയ്യന്നൂർ
ഫോൺ: 04985 203595
റെയിൽവേ സ്റ്റേഷന് സമീപം
കൊറ്റി, പയ്യന്നൂർ ഫോൺ: 9778773199
വളം ഡിപ്പോ
ഫോൺ: 04985 205406

# ഉപ്‌ലി കയ്ത്ത് പൊനട്ട് ജപ്പനക

## ധന്യ വേങ്ങച്ചേരി

**പെ**ര്ക്ക്ണ ബഞ്ചിക് ക്ട്ടെ
പൊനം നെല്ല്.
ചെന്നെല്ല്
ത്വാരി
ചാമെ.

പൊനം കൊയ്യ്ക്ക്ണ
അതേ അരുവറ്റെ
കണ്ടം കയ്ത്ത് മാറ്റ്ക്
പൊക്ക്ള് ബള്ളി.

കൊക്കത്രേ കൊക്കത്രേ
ദൂറട്ത്ത് കാട്ടുകോയ്ത്ത
ക് ക്ലിപ്പല്.
അതെറ്റ് അലിത് പോത്ള്ള
കുഞ്ഞ്ന ബൈര്യം.

കണ്ണ് മളിത്ത് ചൂവ്വും
ഉച്ചെ സൂര്യയ്യ്.

ഉപ്പ്‌ലി കയ്ത്ത്
പൊനട്ട് ജപ്പനക
ഒപ്പരം കുള്ള്പ്പ്ക്ണ്ട്
ബീതി അടിത്ത്
ളു ജീയെകന
കൂടാ കുഞ്ഞ്ക്ളെനിയാ
ളു തിൻ്റ് മതിപ്പ്ക്ണത്
ചൂക്ക ഒഞ്ചി പച്ചി. ●

ധന്യ വേങ്ങച്ചേരിയുടെ കവിത മലയാളത്തിലെ ഒരുപക്ഷേ, ഏറ്റവും പുതിയ മലയാളകവിതയുടെ ശബ്ദമായി വായിക്കേണ്ടിയിരിക്കുന്നു. ഈ കവിതകൾ രൂപപ്പെടുന്ന കാലം, ഈ കവിതകൾ മുന്നോട്ടുവെക്കുന്ന ആശയങ്ങൾ, ഈ കവിതകൾ കണ്ടെടുക്കുന്ന ഭാഷ, ഈ കവിതകളിലൂടെ രൂപപ്പെട്ടുവരുന്ന മനുഷ്യർ, ഈ കവിതകൾക്ക് പറയാനുള്ള കാര്യങ്ങൾ അങ്ങനെ ലോകത്തോട് സംസാരിക്കുവാനുള്ള പലതും അത് സംവദിക്കുന്നു. പുതിയ കാലത്തിന്റെ ഒരുപക്ഷേ, അറ്റുപോയ ഒരു തുന്നിച്ചേർക്കൽ പോലെ മലയാളത്തിന്റെ ഭാഷയിൽ ഏറെ വിസ്തൃതവും വർണ്ണനയോടു കൂടിയതുമായ ഒരു തുന്നിച്ചേർക്കലായി ഈ കവിത നമ്മോടൊപ്പം നിൽക്കുന്നു.

**ഡോ. എം ബി മനോജ്**



# ചിന്ത പബ്ലിഷേഴ്സ്
# ദേശാഭിമാനി ബുക്ക് ഹൗസ്

എ.കെ.ജി. സെന്ററിന് സമീപം,
**തിരുവനന്തപുരം**
www.chinthapublishers.com

## ബ്രാഞ്ചുകൾ

| | | |
|---|---|---|
| **കണ്ണൂർ** | എൻ ജി ഒ യൂണിയൻ ബിൽഡിങ്സ് | 95622 82676 |
| **കണ്ണൂർ** | സെൻട്രൽ ബസ്ടെർമിനൽ കോംപ്ലക്സ്, താവക്കര | 95622 82676 |
| **കോഴിക്കോട്** | മാവൂർ റോഡ്, ടി വി എസിനു സമീപം | 94970 81715 |
| **കോഴിക്കോട്** | ഐ ജി റോഡ്, കോർപ്പറേഷൻ ബസ്സ്റ്റേഷൻ | 94954 13660 |
| **തൃശ്ശൂർ** | ദേശാഭിമാനി ബുക്ക് ഹൗസ്, മച്ചിങ്ങൽ ലെയ്ൻ | 85475 15541 |
| **തൃശ്ശൂർ** | എക്സിബിഷൻ യൂണിറ്റ് | 99616 52484 |
| **തിരുവനന്തപുരം** | കരിമ്പനാൽ സ്റ്റാച്യൂ അവന്യൂ | 83018 29126 |
| **തിരുവനന്തപുരം** | സാഫല്യം കോംപ്ലക്സ്, പാളയം | 97452 46406 |
| **തിരുവനന്തപുരം** | ഹെഡ്ഓഫീസ്, കുന്നുകുഴി റോഡ് | 94962 00565 |

## ഏജൻസികൾ

വയനാട്: പഴയ മുനിസിപ്പൽ ബസ്സ്റ്റാന്റ്, കൽപ്പറ്റ 9539999019
പാലക്കാട്: സുൽത്താൻപേട്ട 8547875717
ഇ എം എസ് അക്കാദമി തിരുവനന്തപുരം
നിലമ്പൂർ 9447630679
എതിർദിശ, പയ്യന്നൂർ 9744499531
ബാംഗ്ലൂർ 9008273313
കാസർഗോഡ്, മാനവീയം, കളിക്കുന്നിൻ, ബട്ടത്തൂർ, പനയാൽ 9446981466

## ചിന്ത ബുക്ക്സ് കോർണറുകൾ

പെരിന്തൽമണ്ണ: ശക്തി ബുക്ക്സ് 9745533851
ഇടുക്കി: ബുക്സ് കോർണർ, ചെറുതോണി 9074273480
ഫാക്ട് ആന്റ് ഫിക്ഷൻ, മാറ്റൂർ ജംഗ്ഷൻ, കാലടി പിഒ 7306569759
കോഴിക്കോട്: ശ്രീനിവാസൻ 8590373269

Availableonline: www.chinthapublishers.com l www.pusthakakada.com
www.indulekha.com l www.sparrowbooks.in l www.keralabookstore.com

മാതൃഭൂമി ബുക്സിന്റെ എല്ലാ ശാഖകളിലും ചിന്ത പബ്ലിഷേഴ്സിന്റെ പുസ്തകങ്ങൾ ലഭിക്കുന്നതാണ്

ചിന്തയുടെ പുസ്തകങ്ങളെക്കുറിച്ചറിയാൻ

**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ, കുന്നുകുഴി റോഡ്,
വഞ്ചിയൂർ പി ഒ, തിരുവനന്തപുരം - 695035 (p) 0471 2303026
(e) chinthapublishers@gmail.com (w) www.chinthapublishers.com

# മഴ സൂചനകൾ
## Rain Alerts
## മനസിലാക്കാം

നാലു വിധത്തിലുള്ള മഴ അലെർട്ടുകളാണ് കാലാവസ്ഥ വകുപ്പ് പുറപ്പെടുവിക്കുന്നത്. പച്ച (Green), മഞ്ഞ (Yellow), ഓറഞ്ച് (Orange), ചുവപ്പ് (Red) എന്നിവയാണ് ഈ അലെർട്ടുകൾ. പെയ്യാൻ സാധ്യതയുള്ള മഴയുടെ അളവിനെയും ആ മഴമൂലമുണ്ടാകാൻ സാധ്യതയുള്ള ആഘാതത്തെയും അടിസ്ഥാനപ്പെടുത്തിയാണ് അലെർട്ടുകൾ പുറപ്പെടുവിക്കുന്നത്. മഴയുടെ അളവ് മില്ലീമീറ്ററിൽ ആണ് കണക്കാക്കുന്നത്.

മിതമായ മഴ | ശക്തമായ മഴ | അതി ശക്തമായ മഴ | അതി തീവ്രമഴ

### 1 GREEN (പച്ച) അലെർട്

(ജാഗ്രത പാലിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല)

മിതമായ മഴ - 24 മണിക്കൂറിനുള്ളിൽ 64.5 മില്ലിമീറ്ററിൽ താഴെ മാത്രം മഴ പെയ്യാനുള്ള സാധ്യതയാണ് പച്ച അലെർട്.

### 2 YELLOW (മഞ്ഞ) അലെർട്

(കാലാവസ്ഥയെ കരുതലോടെ നിരീക്ഷിക്കാനുള്ള മുന്നറിയിപ്പ്)

ശക്തമായ മഴ - 24 മണിക്കൂറിനുള്ളിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ പെയ്യാനുള്ള സാധ്യതയാണ് മഞ്ഞ അലെർട്ട്.

### 3 ORANGE (ഓറഞ്ച്) അലെർട്

(അതീവ ജാഗ്രത മുന്നറിയിപ്പ്)

അതിശക്തമായ മഴ - 24 മണിക്കൂറിനുള്ളിൽ 115.6 മില്ലിമീറ്റർ മുതൽ 204.4 മില്ലിമീറ്റർ വരെ മഴ പെയ്യാനുള്ള സാധ്യതയാണ് ഓറഞ്ച് അലെർട്

### 4 RED (ചുവപ്പ്) അലെർട്ട്

(കർശന സുരക്ഷാ നടപടി സ്വീകരിക്കേണ്ട ഘട്ടം)

അതി തീവ്രമഴ - 24 മണിക്കൂറിനുള്ളിൽ 204.4 മില്ലിമീറ്ററിനു മുകളിൽ മഴ പെയ്യാനുള്ള സാധ്യതയാണ് ചുവപ്പ് അലെർട്

**മുന്നറിയിപ്പുകൾ ലഭ്യമാകുന്നതിന് :**

www.sdma.kerala.gov.in / f KeralaStateDisasterManagementAuthorityksdma

KERALA STATE DISASTER MANAGEMENT AUTHORITY
Vikas Bhavan, P.O, Observatory Hills, opposite Kanakakkunnu Palace,
Thiruvananthapuram, Kerala 695033, www.sdma.kerala.gov.in

SEPTEMBER - 2024
Date of Publishing: 20/09/2024
Price Rs.50.00

**CHINTHA PUSTHAKAVARTHA**
MONTHLY

RN 71185 / 98
Regd. No:
KL / TV(N) / 553 / 2019-21




Painting. Aji Adoor

# ഓണം ബമ്പർ 25 കോടി!

2ാം സമ്മാനം
₹1 കോടി
വീതം 20 പേർക്ക്
COMMON TO ALL SERIES

3ാം സമ്മാനം
₹50 ലക്ഷം
വീതം 20 പേർക്ക്,
ഓരോ പരമ്പരയിലും
2 സമ്മാനം.

4ാം സമ്മാനം
₹5 ലക്ഷം
വീതം
10 പരമ്പരകൾക്ക്

5ാം സമ്മാനം
₹2 ലക്ഷം
വീതം
10 പരമ്പരകൾക്ക്

കൂടാതെ
5000, 2000,
1000, 500
രൂപയുടെ നിരവധി
സമ്മാനങ്ങൾ

കേരള സംസ്ഥാന ഭാഗ്യക്കുറി

കേരള സർക്കാർ

Edited, Printed and Published by M A Baby for Chintha Publishers, Near AKG Centre, Vivekananda Nagar, Vanchiyoor P.O, Thiruvananthapuram - 695 035 at Akshara Offset, TVPM